32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

August 30, 2024 | Vol. XXXII No. 35 | Periodicals Postage Paid








ഫൊക്കാന പ്രസിഡണ്ട് ഡോ. സജിമോൻ ആന്റണി, സ്ഥാനമൊഴിയുന്ന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫനിൽ നിന്നും ഫയലുകൾ സ്വീകരിച്ച് ചുമതലയേല്ക്കുന്നു. ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, അപ്പുക്കുട്ടൻ പിള്ള, മനോജ് എടമന, ജോൺ കല്ലോലിക്കൽ, സജി പോത്തൻ, ബിജു കൊട്ടാരക്കര, ജോൺസൺ തങ്കച്ചൻ, ഷാജി വർഗീസ് എന്നിവരാണ് സമീപം.

(ഫോട്ടോ: ഷിജോ പൗലോസ്)

വാർത്ത 15–ാം പേജിൽ


KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Millions recovered for our clients each year!
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST WINDOWS & DOORS
45% OFF FOR WINDOWS
40% OFF FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

32nd Year of Service 2024

Price $1.00

കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ജാതീയാധിക്ഷേപത്തിനു മാത്രമേ ...

8 പരസ്പര സഹകരണത്തിന് ഇന്ത്യ–മലേഷ്യ ധാരണ


12 വായ്പക്കുടിശ്ശിക ഈടാക്കരുത്

20 സെലിബ്രേഷൻ ചർച്ചിന്റെ സുവർണ്ണജൂബിലി...

21 ദൈവമാതാവിന്റെ ദർശനത്തിരുനാൾ...

# അമ്മ ജനറൽ സെക്രട്ടറിയും ചലച്ചിത്ര അക്കാദമി അദ്ധ്യക്ഷനും രാജിവെച്ചു

തിരുവനന്തപുരം: ഹേമ കമ്മിറ്റി റിപ്പോർട്ടിനെ പിൻപറ്റി നടിമാരുടെ പീഡന വെളിപ്പെടുത്തലിന്റെ പശ്ചാത്തലത്തിൽ താരസംഘടനയായ 'അമ്മ' യുടെ ജനറൽ സെക്രട്ടറി സ്ഥാനത്തു നിന്ന് നടൻ സിദ്ദിഖും കേരള ചലച്ചിത്ര അക്കാദമി ചെയർമാൻ സ്ഥാനത്തുനിന്ന് സംവിധായകൻ രഞ്ജിത്തും രാജിവെച്ചു.



സിദ്ദിഖ്



രഞ്ജിത്ത്

'അമ്മ' പ്രസിഡണ്ട് മോഹൻലാലിനെ ഇ-മെയിൽ വഴിയാണ് രാജിവെക്കുന്നതായി സിദ്ദിഖ് അറിയിച്ചത്. കഴിഞ്ഞ ജൂണിൽ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട് 55 ദിവസങ്ങൾ മാത്രം പിന്നിടുമ്പോഴാണ് രാജി.

തനിക്കെതിരെ ഉയർന്ന ആരോപണങ്ങളുടെ പശ്ചാത്തലത്തിൽ സ്വമേധയാ രാജിവെക്കുന്നുവെന്നാണു കത്തിലുള്ളത്. ആരോപണങ്ങൾ ഉയരുന്ന സാഹചര്യത്തിൽ സ്ഥാനത്തു തുടരുന്നത് ശരിയല്ലെന്ന് ബോധ്യപ്പെട്ടതിനെ തുടർന്നാണു രാജിയെന്നും കത്തിൽ പറഞ്ഞു. "എനിക്കെതിരേ ഉയർന്ന ആരോപണം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമല്ലോ, ഈ സാഹചര്യത്തിൽ ഞാൻ സ്ഥാനത്തുനിന്ന് രാജിവെക്കുന്നു" എന്ന രണ്ടു വരി മാത്രമാണു കത്തിലുള്ളതെന്നാണു വിവരം.

ദിവസങ്ങൾ നീണ്ട സമ്മർദങ്ങൾക്കൊടുവിലാണ് സംവിധായകൻ രഞ്ജിത്ത് രാജിവെച്ചത്.

(ശേഷം 24-ാം പേജിൽ)

## പുതിയ അന്വേഷണസംഘത്തെ പ്രഖ്യാപിച്ച് സർക്കാർ

തിരുവനന്തപുരം: ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തു വന്നതിനു തുടർച്ചയായി ചലച്ചിത്ര, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിൽ ഉയർന്ന വിവാദങ്ങളെപ്രതിരോധിക്കാൻ സംസ്ഥാന സർക്കാർ പുതിയ അന്വേഷണ സംഘത്തെ പ്രഖ്യാപിച്ചു. ഐജി ജി. സ്പെർജൻകുമാറിന്റെ നേതൃത്വത്തിൽ വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെട്ട സംഘമാണ് രൂപീകരിച്ചിരിക്കുന്നത്. സിനിമാ മേഖലയിലെ വനിതകൾ ഉന്നയിച്ച പരാതികളും വെളിപ്പെടുത്തലുകളും സംഘം അന്വേഷിക്കുമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

അന്വേഷണമാകാമെന്ന നിയമോപദേശം തുടക്കം മുതൽ ലഭിച്ചെങ്കിലും കോടതിയുടെ നിർദേശം വരുംവരെ കാത്തിരിക്കാനായിരുന്നു സർക്കാരിന്റെയും സിപിഎമ്മിന്റെയും ആദ്യതീരുമാനം. തുടർച്ചയായ വെളിപ്പെടുത്തലുകൾ ഉയർത്തിയ പ്രതിഷേധങ്ങൾക്കൊടുവിലാണ് തീരുമാനം മാറ്റിയത്. ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത്തിനെതിരെയുള്ള ആരോപണവും ഇതു സംബന്ധിച്ച സാംസ്കാരിക മന്ത്രിയുടെ ഉൾപ്പെടെ പ്രസ്താവനകൾ വിവാദമാകുകയും ചെയ്തതും മുഖം രക്ഷിക്കാനുള്ള ശ്രമങ്ങൾക്കു വേഗം കൂട്ടി. സജി ചെറിയാന്റെ രാജിയടക്കം ആവശ്യപ്പെട്ട് പ്രതിപക്ഷം പോർമുഖം തുറന്നതോടെ സിനിമയ്ക്കപ്പുറം സംസ്ഥാന രാഷ്ട്രീയത്തെയാകെ ഉലയ്ക്കുന്ന വിവാദമായി വിഷയം മാറുകയായിരുന്നു. (ശേഷം 24-ാം പേജിൽ)

## ജമ്മുകശ്മീർ: ആദ്യപട്ടിക പിൻവലിച്ച് ബിജെപി

ശ്രീനഗർ: ജമ്മു കശ്മീരിലെ 90 അംഗ നിയമസഭയിലേക്കുള്ള ആദ്യഘട്ട സ്ഥാനാർത്ഥി പട്ടിക പുറത്തിറക്കിയതിനു പിന്നാലെ ബിജെപി അത് പിൻവലിച്ചു. പിന്നീട് വീണ്ടും പുറത്തിറക്കി. 44 പേരുടെ പട്ടികയാണ് ആദ്യം പുറത്തുവിട്ടത്. ഇതു പിൻവലിച്ചശേഷം 15 പേരുടെ പട്ടിക പുറത്തുവിട്ടു. ഇത് ആദ്യഘട്ട തെരഞ്ഞെടുപ്പിലേതു മാത്രമാണ്. സംസ്ഥാന ബിജെപി അദ്ധ്യക്ഷൻ രവീന്ദർ റെയ്ന, മുൻ ഉപമുഖ്യമന്ത്രിമാരായ നിർമൽ സിങ്, കവീന്ദർ ഗുപ്ത എന്നിവരുടെ പേരുകൾ പുറത്തുവന്ന പട്ടികയിൽ ഉൾപ്പെട്ടിരുന്നില്ല. കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്ര സിങ്ങിന്റെ സഹോദരൻ ദേവേന്ദ്ര റാണയുടെ പേര് ലിസ്റ്റിലുണ്ടായിരുന്നു. നാഷണൽ കോൺഫറൻസിൽ നിന്ന് കൂറുമാറിയെത്തിയതാണ് ഇദ്ദേഹം.

രണ്ട് കശ്മീരി പണ്ഡിറ്റുകളും 14 മുസ്ലിം സ്ഥാനാർത്ഥികളും ഉൾപ്പെടുന്നതായിരുന്നു ആദ്യത്തെ പട്ടിക. കോൺഗ്രസ്, നാഷണൽ കോൺഫറൻസ്, പിഡിപി, പാന്തേഴ്സ് പാർട്ടി എന്നിവിടങ്ങളിൽ നിന്ന് ബിജെപിയിൽ എത്തിയ പല നേതാക്കന്മാരുടെയും പേരുകൾ പട്ടികയിൽ ഉണ്ടായിരുന്നു. ഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി. ആഭ്യന്തരമന്ത്രി അമിത് ഷാ, ബിജെപി അദ്ധ്യക്ഷൻ ജെ.പി. നഡ്ഡ എന്നിവരുൾപ്പെടുന്ന കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിറ്റിയുടെ യോഗം ചേർന്നിരുന്നു. പിന്നീടാണ് പുതിയ പട്ടിക പുറത്തുവിട്ടത്. മൂന്നു ഘട്ടമായാണ് ജമ്മു കശ്മീരിൽ തെരഞ്ഞെടുപ്പ് നടക്കുക.

## ഏകീകൃത പെൻഷൻ പദ്ധതിയുമായി കേന്ദ്രം

ന്യൂഡൽഹി: കേന്ദ്രസർക്കാരിന്റെ പുതിയ പെൻഷൻ പദ്ധതിക്കെതിരെ (എൻപിഎസ്) ബിജെപി ഇതര പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ വ്യാപക എതിർപ്പ് തുടരുന്ന സാഹചര്യത്തിൽ ഏകീകൃത പെൻഷൻ പദ്ധതിയുമായി (യുപിഎസ്) കേന്ദ്രം. 23 ലക്ഷം ജീവനക്കാർക്കു പ്രയോജനം ചെയ്യുമെന്നു കരുതുന്ന പദ്ധതി 2025 ഏപ്രിൽ ഒന്നുമുതൽ നടപ്പാക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. രണ്ടു പെൻഷൻ പദ്ധതികളിലൊന്ന് ജീവനക്കാർക്ക് തെരഞ്ഞെടുക്കാമെന്നും മന്ത്രി പറഞ്ഞു.

അവസാന വർഷത്തെ ആകെ അടിസ്ഥാന ശമ്പളത്തിന്റെ ശരാശരിയുടെ 50 ശതമാനം പെൻഷൻ ഉറപ്പു നൽകുന്നതാണ് യുപിഎസ് പദ്ധതി. ജീവനക്കാർക്ക് എത്ര സർവീസ് ഉണ്ടെങ്കിലും മിനിമം പെൻഷൻ ഉറപ്പാക്കും. പത്തു വർഷത്തെ സർവീസ് പൂർത്തിയാക്കിയാൽ വിരമിച്ചശേഷം ജീവനക്കാർക്ക് ശരാശരി 10,000 രൂപ പ്രതിമാസം പെൻഷൻ ലഭിക്കും. ഇപ്പോഴത്തെ പെൻഷൻ പദ്ധതിയിൽ ജീവനക്കാരൻ 10 ശതമാനം തുക നൽകണം. കേന്ദ്രസർക്കാരിന്റെ വിഹിതം 14 ശതമാനവും. യുപിഎസിൽ കേന്ദ്രവിഹിതം 18 ശതമാനമായി ഉയർത്തിയിട്ടുണ്ട്. 2004-നു ശേഷം എൻപിഎസിനു കീഴിൽ വിരമിച്ചവർക്കും പുതിയ പദ്ധതിയുടെ ആനുകൂല്യം കിട്ടുമെന്ന് കേന്ദ്രം വ്യക്തമാക്കി.

പഴയ പെൻഷൻ പദ്ധതി (ഒപിഎസ്) നടപ്പിലാക്കുന്നതിനായി പോരാടുന്ന ദേശീയ കൗൺസിലിന്റെ (ജെസിഎം) നേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ആഗസ്റ്റ് 24-ന് കൂടിക്കാഴ്ച നടത്തിയിരുന്നു. പത്തു വർഷത്തിനു ശേഷം ആദ്യമായാണ് ഇത്തരത്തിലൊരു ചർച്ച നടന്നത്. പുതിയ പെൻഷൻ പദ്ധതിയുടെ പ്രഖ്യാപനത്തിനു മുന്നോടിയായി സുപ്രധാന വിഷയങ്ങൾ ചർച്ച ചെയ്യാൻ ദേശീയ കൗൺസിലിന്റെ പത്തു പ്രതിനിധികളെ കേന്ദ്ര പേഴ്സണൽ മന്ത്രാലയം ക്ഷണിച്ചുവെന്ന് ജെസിഎം സെക്രട്ടറി ശിവ് ഗോപാൽ മിശ്ര അറിയിക്കുകയും ചെയ്തു. ഇതിനുശേഷമായിരുന്നു പുതിയ പെൻഷൻ പദ്ധതിയുടെ പ്രഖ്യാപനം.

പ്രതിരോധ പെൻഷൻകാർ ഉൾപ്പെടെ 67.95 ലക്ഷം കേന്ദ്രസർക്കാർ പെൻഷൻകാരാണ് 2023 മാർച്ച് 31 വരെ ഇന്ത്യയിലുള്ളത്. റെയിൽവേയിൽ മാത്രം 15 ലക്ഷം പെൻഷൻകാരും ടെലികോം (ശേഷം 24-ാം പേജിൽ)

## സീറോമലബാർ സഭ അസംബ്ലി സമാപിച്ചു



പാലായിൽ സീറോമലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ സമാപന സമ്മേളനം സീറോ മലങ്കര സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യുന്നു.

പാലാ: സംഘശക്തിയും ഐക്യവും വിളിച്ചോതിയും സഭാതനയർക്ക് ആവേശം സമ്മാനിച്ചും സീറോമലബാർ സഭാ അസംബ്ലിക്ക് ഉജ്വല സമാപനം. അഞ്ചു ദശലക്ഷം അംഗങ്ങളുള്ള സഭയുടെ പ്രതിനിധികളായി 348 പേർ പങ്കെടുത്ത അസംബ്ലി ചിന്തയിലും പഠനത്തിലും ചർച്ചയിലും ദൈവാരാധനയിലും സമ്പന്നമായിരുന്നു. സീറോമലബാർ സഭയുടെ കരുത്തും മഹത്വവും അംഗങ്ങൾ തിരിച്ചറിയണമെന്നും കൂടുതൽ മേഖലയിലേക്ക് പ്രേഷിതപ്രവർത്തനം വ്യാപിപ്പിക്കണമെന്നും സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിച്ച സീറോമലങ്കര സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ പറഞ്ഞു. സീറോമലബാർ സഭ മേജർ ആർച്ബിഷപ് മാർ റാഫേൽ തട്ടിൽ അധ്യക്ഷത വഹിച്ചു. സഹോദരസഭകളെയും ചേർത്തുപിടിച്ച് ഒന്നിച്ചു മുന്നേറുന്ന ശൈലിയാണ് സീറോമലബാർ സഭയുടേതെന്ന് മാർ റാഫേൽ തട്ടിൽ പറഞ്ഞു. കത്തോലിക്കാസഭയുടെ വിശ്വാസ പാരമ്പര്യത്തിലും പൗരാണികതയിലും ഏറെ അഭിമാനിക്കുന്നതായി ആശംസകളർപ്പിച്ച മന്ത്രി റോഷി അഗസ്റ്റിൻ ചൂണ്ടിക്കാട്ടി.

അസംബ്ലി കമ്മിറ്റി കൺവീനർ ബിഷപ് മാർ പോളി കണ്ണൂക്കാടൻ സ്വാഗതവും സഭാവക്താവ് ഡോ. ചാക്കോ കാളാംപറമ്പിൽ നന്ദിയും പറഞ്ഞു. (ശേഷം 24-ാം പേജിൽ)

# ജാതീയാധിക്ഷേപത്തിനു മാത്രമേ കേസെടുക്കാനാകൂ: സുപ്രീംകോടതി

ന്യൂഡൽഹി: ജാതീയമായ അതിക്ഷേപമുണ്ടെങ്കിൽ മാത്രമേ എസ്‌സി-എസ്ടി പീഡനനിരോധന നിയമപ്രകാരം കേസെടുക്കാനാകൂ എന്ന് സുപ്രീംകോടതി. കുന്നത്തുനാട് എംഎൽഎ പി.വി. ശ്രീനിജനെതിരെ അപകീർത്തികരമായ പരാമർശങ്ങൾ നടത്തിയതുമായി ബന്ധപ്പെട്ട കേസിൽ ഓൺലൈൻ മാധ്യമമായ മറുനാടൻ മലയാളി എഡിറ്റർ ഷാജൻ സ്കറിയയ്ക്ക് മുൻകൂർ ജാമ്യം അനുവദിച്ചുകൊണ്ടായിരുന്നു സുപ്രീംകോടതിയുടെ നിർണായക ഉത്തരവ്.

പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെ അപകീർത്തികരമായി നടത്തുന്ന എല്ലാ പരാമർശങ്ങൾക്കെതിരേയും 1989-ലെ എസ്‌സി-എസ്ടി പീഡനനിരോധന നിയമപ്രകാരം കേസെടുക്കാനാകില്ലെന്നും 2023 ജൂണിൽ മുൻകൂർ ജാമ്യം നിഷേധിച്ച കേരള ഹൈക്കോടതിവിധി റദ്ദ് ചെയ്തുകൊണ്ട് ജസ്റ്റിസുമാരായ ജെ.ബി. പർദിവാലയും മനോജ് മിശ്രയും അടങ്ങുന്ന ബെഞ്ച് വ്യക്തമാക്കി.



പരാതിക്കാരന് മാനനഷ്ടത്തിനു കേസ് കൊടുക്കാമെന്നും കോടതി പറഞ്ഞു. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരായ എല്ലാ അധിക്ഷേപങ്ങളും ഭീഷണികളും ജാതി അധിക്ഷേപത്തിന്റെ പരിധിയിൽ വരില്ല. തൊട്ടുകൂടായ്മ, സവർണ മേധാവിത്തം തുടങ്ങിയവയാണ് ജാതി അധിക്ഷേപത്തിന്റെ പരിധിയിൽ വരുന്നത്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ മാത്രമേ എസ്‌സി-എസ്ടി പീഡനനിരോധന നിയമപ്രകാരം കേസ് നിലനിൽക്കൂവെന്നും കോടതി വ്യക്തമാക്കി. പി.വി. ശ്രീനിജൻ നല്കിയ പരാതിയുടെ അടിസ്ഥാനത്തിൽ എളമക്കര പോലീസ് അറസ്റ്റ് ചെയ്താൽ അന്വേഷണ ഉദ്യോഗസ്ഥൻ ഷാജൻ സ്കറിയയ്ക്ക് ജാമ്യം നല്കണമെന്നും ജാമ്യവ്യവസ്ഥ അന്വേഷണ ഉദ്യോഗസ്ഥനു തീരുമാനിക്കാമെന്നും കോടതി വ്യക്തമാക്കി.

എസ്‌സി-എസ്ടി നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന പല കേസുകളിലും നിർണായക സ്വാധീനം ചെലുത്തുന്നതാണ് സുപ്രീംകോടതി വിധി. ശ്രീനിജൻ ജില്ലാ സ്പോർട്സ് കൗൺസിൽ ചെയർമാനായിരിക്കെ ഹോസ്റ്റൽ നടത്തിപ്പിൽ അഴിമതി നടത്തിയെന്നാരോപിച്ച് ഷാജൻ തന്റെ ചാനലിൽ വാർത്ത നല്കി. ഇതിനെതിരെയാണ് പട്ടികജാതി-പട്ടികവർഗ നിയമപ്രകാരം ശ്രീനിജൻ പരാതി നല്കിയത്.

# ഭിന്നശേഷി കുട്ടികളുടെ കുടുംബ പെൻഷനിലും വെട്ട്

തിരുവനന്തപുരം: കുടുംബ പെൻഷനിലും പിടിമുറുക്കി സംസ്ഥാന സർക്കാർ. ജീവനക്കാരുടെയും ആശ്രിതരായ ഭാര്യ അല്ലെങ്കിൽ ഭർത്താവിന്റെ കാലശേഷം ഭിന്നശേഷിക്കാരും മാനസിക വെല്ലുവിളി നേരിടുന്നതുമായ മക്കൾക്കു ലഭിച്ചുവരുന്ന കുടുംബ പെൻഷനിൽ കടുംവെട്ടിന് ഒരുങ്ങുകയാണു സർക്കാർ.

ഈയിടെ ധനകാര്യ പെൻഷൻ വിഭാഗം ഇറക്കിയ ഉത്തരവ് അനുസരിച്ച് ഭിന്നശേഷിക്കാരും മാനസിക വെല്ലുവിളി നേരിടുന്നതുമായ കുട്ടികൾക്കു പെൻഷൻ ലഭിക്കാൻ കുടുംബ വരുമാനത്തിനു പരിധി ഏർപ്പെടുത്തി ധനകാര്യ പെൻഷൻ വിഭാഗം ഉത്തരവിറക്കി. ഉത്തരവ് അനുസരിച്ച് ഇത്തരം കുട്ടികളുള്ള കുടുംബത്തിന്റെ പ്രതിമാസ വരുമാനം 5,000 രൂപയാക്കി നിജപ്പെടുത്തി. പ്രതിവർഷം 60,000 രൂപയിൽ കൂടുതൽ വരുമാനമുള്ള കുടുംബത്തിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്കു കുടുംബ പെൻഷന് അർഹതയില്ലെന്ന് ഉത്തരവിൽ പറയുന്നു.

ഇതോടെ ഭിന്നശേഷി, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കു നിലവിൽ ലഭിച്ചുവരുന്ന കുടുംബ പെൻഷനെയും ബാധിക്കുമെന്നാണു സർവീസ് പെൻഷൻകാരുടെ സംഘടനകളുടെ ആശങ്ക. യാതൊരു പഠനവും കൂടാതെ പുറപ്പെടുവിച്ച ഇത്തരം ഉത്തരവ് സാമൂഹികമായ ഒട്ടേറെ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുമെന്നും അവർ ആരോപിക്കുന്നു.

എല്ലാ വർഷവും വാർഷിക വരുമാനം 60,000 രൂപയിൽ താഴെയാണെന്നു വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ഇവർ ഹാജരാക്കേണ്ടിവരും. മാനസിക വെല്ലുവിളി നേരിടുന്ന ഓട്ടിസം, മെന്റലി ചലഞ്ചഡ്, സെറിബ്രൽ പാൾസി തുടങ്ങിയ വിഭാഗത്തിൽ പെടുന്ന കുട്ടികൾക്ക് സർക്കാർ ജീവനക്കാരനും ഭാര്യ, അല്ലെങ്കിൽ ഭർത്താവ് മരിച്ചാൽ കുടുംബ പെൻഷന് അർഹതയുണ്ട്. ജീവനക്കാരന്റെ ശമ്പളത്തിന്റെ മൂന്നിലൊന്നു തുകയാണ് ഇവർക്കു കുടുംബ പെൻഷൻ ഇനത്തിൽ നൽകാൻ വ്യവസ്ഥയുള്ളത്. ഇതോടൊപ്പം ഭിന്നശേഷി കുട്ടികൾക്കുള്ള കുടുംബ പെൻഷൻ തുടരാൻ മറ്റ് ഒട്ടേറെ നിബന്ധനകളും ഉത്തരവിൽ ഉൾപ്പെടുത്തി.

## ഇന്ത്യ സൗദിയുടെ രണ്ടാമത്തെ വലിയ വ്യാപാര പങ്കാളി

ദുബായ്: സൗദിയുടെ രണ്ടാമത്തെ വലിയ വ്യാപാര പങ്കാളിയായി ഇന്ത്യ. വിപണി മാറ്റങ്ങൾ വിശകലനം ചെയ്യുന്ന റുബിക്സ് വാർഷിക റിപ്പോർട്ട് പ്രകാരം ഇന്ത്യയുടെ അഞ്ചാമത്തെ വലിയ വ്യാപാര പങ്കാളിയാണ് സൗദി. നാല് വർഷത്തിനിടെ ഇന്ത്യയിലേക്കുള്ള കയറ്റുമതി ഒൻപത് ശതമാനമായും ഇന്ത്യയിൽനിന്നുള്ള കയറ്റുമതി ആറ് ശതമാനമായും വളർന്നു. സൗദിയിൽ നിന്നുള്ള ഇറക്കുമതി നാല് ശതമാനം വളർന്ന് 3180 കോടി ഡോളർ ആയപ്പോൾ മൊത്തം ഇറക്കുമതിയിൽ സൗദിയുടെ പങ്ക് 5.9 ശതമാനം ആയി. ഇന്ത്യയിൽനിന്ന് അരി, വാഹനങ്ങൾ, പെട്രോളിയം ഉൽപന്നങ്ങൾ, ടൈൽ എന്നിവയാണു കയറ്റി അയച്ചത്. ക്രൂഡ്ഓയിൽ, പെട്രോളിയം ഗ്യാസ്, വളം, പോളിമർ എന്നിവ ഇറക്കുമതി ചെയ്തു. ക്രൂഡ് ഓയിലിന്റെ 69 ശതമാനവും സൗദിയിൽ നിന്നാണ്. എന്നാൽ, റഷ്യയിൽ നിന്നു കൂടി ക്രൂഡ് ഓയിൽ വാങ്ങുന്നതിനാൽ ഇറക്കുമതി ഇടിഞ്ഞിട്ടുണ്ട്. റിലയൻസ് ജിയോ, റിലയൻസ് റീട്ടെയ്ൽ വെഞ്ചർ എന്നീ കമ്പനികളിൽ ഉൾപ്പെടെ 330 കോടി ഡോളറിന്റെ നിക്ഷേപവും നടത്തിയിട്ടുണ്ട്.

## ഉപഗ്രഹങ്ങൾ വിക്ഷേപിച്ച് ഉടനടി മടങ്ങിയെത്തി റൂമി

ചെന്നൈ: സ്പേസ് സ്റ്റാർട്ടപ് കമ്പനിയായ സ്പേസ് സോൺ ഇന്ത്യ വികസിപ്പിച്ച ഇന്ത്യയിലെ ആദ്യ പുനരുപയോഗ ഹൈബ്രിഡ് റോക്കറ്റ് 'റൂമി 1' വിജയകരമായി വിക്ഷേപിച്ചു. ചെന്നൈയ്ക്കു സമീപമുള്ള മൊബൈൽ ലോഞ്ച് പാഡിൽ നിന്ന് ഓഗസ്റ്റ് 24-ന് രാവിലെ 7.02-നു വിക്ഷേപിച്ച റോക്കറ്റ് മൂന്ന് ഉപഗ്രഹങ്ങളെ 80 കിലോമീറ്റർ അകലത്തിലുള്ള നിശ്ചിത ഭ്രമണപഥത്തിലെത്തിച്ചു. തുടർന്ന്, ഏഴ് മിനിറ്റിൽ റോക്കറ്റ് മടങ്ങിയെത്തിയതായി അധികൃതർ അറിയിച്ചു. കോസ്മിക് റേഡിയേഷൻ തീവ്രത ഉൾപ്പെടെയുള്ള അന്തരീക്ഷ അവസ്ഥകളെ നിരീക്ഷിക്കുന്നതിനായുള്ള മൂന്ന് ക്യൂബ് ഉപഗ്രഹങ്ങളാണു ഭ്രമണപഥത്തിലെത്തിച്ചത്. ആറായിരത്തോളം സ്കൂൾ വിദ്യാർത്ഥികൾ ഉപഗ്രഹ നിർമാണത്തിൽ പങ്കാളികളായി. ഖര, ദ്രവ ഇന്ധനങ്ങൾ ഉപയോഗിക്കാവുന്ന റോക്കറ്റ് പരിസ്ഥിതി സൗഹൃദമാണെന്ന് അധികൃതർ അവകാശപ്പെട്ടു.




ചെന്നൈയിൽ ഇന്ത്യയിലെ ആദ്യ പുനരുപയോഗ ഹൈബ്രിഡ് റോക്കറ്റ് റൂമി 1 വിക്ഷേപിച്ചപ്പോൾ.

## ലഡാക്കിന് അഞ്ച് ജില്ലകൾ കൂടി

ന്യൂഡൽഹി: കേന്ദ്രഭരണ പ്രദേശമായ ലഡാക്കിന് പുതിയ അഞ്ച് ജില്ലകൾ കൂടി അനുവദിച്ചതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ എക്സിലൂടെ അറിയിച്ചു. പ്രധാനമന്ത്രിയുടെ സ്വപ്നം പോലെ ലഡാക്കിനെ വികസിതവും സമൃദ്ധവുമാക്കാനുള്ള നടപടികളുടെ ഭാഗമായാണ് പുതിയ ജില്ലകൾ രൂപീകരിച്ചതെന്നാണ് അമിത് ഷായുടെ കുറിപ്പിൽ പറയുന്നത്. സൻസ്കാർ, ദ്രാസ്, ഷാം, നുബ്ര, ചാങ്താങ് എന്നിങ്ങനെയാണ് ജില്ലകളുടെ പേരുകൾ.

നിലവിൽ ലേ, കാർഗിൽ എന്നീ ജില്ലകൾ മാത്രമാണുണ്ടായിരുന്നത്. ഇവ രണ്ട് സ്വയംഭരണാധികാരമുള്ള ജില്ലാ ഭരണകൂടമാണ് ഭരിച്ചിരുന്നത്. പുതിയ ജില്ലകൾ കൂടി വരുന്നതോടെ ലഡാക്കിലെ ജില്ലകളുടെ എണ്ണം ഏഴാകും. 2019 ഓഗസ്റ്റ് അഞ്ചിനാണ് ജമ്മു കശ്മീരിനെ വിഭജിച്ച് ജമ്മു കശ്മീർ, ലഡാക്ക് എന്നിങ്ങനെ രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളാക്കി മാറ്റിയത്. ജമ്മു കശ്മീരിന് പ്രത്യേക അധികാരം നല്കുന്ന ആർട്ടിക്കിൾ 370 റദ്ദാക്കുകയും ചെയ്തിരുന്നു.

ഭരണപരമായ കാര്യങ്ങൾ കൃത്യമായി നടപ്പാക്കാൻ വേണ്ടിയാണ് അഞ്ച് ജില്ലകൾ കൂടി കൂട്ടിച്ചേർത്തതെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കുന്നു. കേന്ദ്രഭരണ പ്രദേശത്ത് എവിടെനിന്നും ഔദ്യോഗിക കാര്യങ്ങൾക്കായി ലഡാക്കിൽ എത്തിയാലേ സ്വദേശികൾക്ക് കാര്യങ്ങൾ നടക്കുകയുള്ളൂ. ദുർഘട പാതകളിലൂടെ അങ്ങനെ എത്തിച്ചേരുകയെന്നതും ബുദ്ധിമുട്ടേറിയതാണ്. അടിസ്ഥാന സൗകര്യങ്ങളും കുറവാണ്. സംസ്ഥാന പദവി വേണമെന്ന് ആവശ്യപ്പെട്ട് ലഡാക്കിൽ അടുത്തിടെ വലിയ പ്രതിഷേധം നടന്നിരുന്നു. ഇത്തവണത്തെ ലോക്സഭാ തെരഞ്ഞെടുപ്പിൽ അത് ബിജെപിക്ക് തിരിച്ചടിയായിരുന്നു.

ചൈനയുമായി അതിർത്തിപ്രശ്നങ്ങൾ ഉള്ളതിനാൽ സംസ്ഥാന പദവി ലഡാക്കിന് നല്കാനാവില്ല. അതുകൊണ്ടുതന്നെ മേഖലയുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ലക്ഷ്യമിട്ടു കൂടിയാണ് അഞ്ച് ജില്ലകൾ പ്രഖ്യാപിച്ചിരിക്കുന്നത്. അഞ്ച് പുതിയ കളക്ടർമാരും ഓഫീസും സംവിധാനങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഇതുവഴി മേഖലയിലേക്ക് എത്തും. കേന്ദ്ര സർക്കാരിനെതിരെ ഉയർന്ന പ്രതിഷേധത്തെ കുറയ്ക്കാൻ ഇതുവഴി സാധിക്കുമെന്നാണ് പ്രതീക്ഷ.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 35
August 30, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER

The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്‌വചനം

നാം വിദ്യാലയങ്ങളിൽനിന്നല്ല പഠിക്കുന്നത്, ജീവിതത്തിൽനിന്നാണ്.
**റോബർട്ട് ഗ്രീൻ ഇംഗർസോൺ**

ചെയ്യാനാകാത്ത കർമ്മം ഏറ്റെടുക്കരുത്. വാക്കു പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുകയും വേണം.
**ജോർജ് വാഷിംഗ്ടൺ**

# 20-ാം ചരമവാർഷികം

(9-1-2024)



## കൊച്ചുകളീക്കൽ സാമുവൽ

(ജോണിക്കുട്ടി- ചിക്കാഗോ)

*Twenty years without you, your smile,*
*your warm Heart, your loving and giving*
*nature are truly missed.*
*You are everyday in our hearts and*
*thoughts sadly missed and love.*

*Sorrowing wife:* Rosamma Samuel
*Children:*
Lucy, George & Marina Samuel, Lisa Samuel
*Grand Children:*
Nathaniel, Isaac, Samuel




Steve Crifase

LIFE MEMBER MILLION DOLLAR ADVOCATES FORUM The Top Trial Lawyers In America™

## Trusted Representation Achieves Aggressive Financial Results

- Over $ 50M Recovered and Collected For Our Clients
- Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- Free Confidential Consultation On All Matters Home Visits Available
- Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

Fee Discounts Available To Malayalee Clients On Specific Cases

A+ Rating BBB Better Business Bureau
AV PREEMINENT Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# സിനിമയിൽ പവർ ഗ്രൂപ്പും മാഫിയയും ഇല്ല: 'അമ്മ'

കൊച്ചി: ഹേമ കമ്മിറ്റി റിപ്പോർട്ട് സ്വാഗതം ചെയ്യുന്നുവെന്നു സിനിമാ നടീനടൻമാരുടെ സംഘടനയായ 'അമ്മ'. റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്ന മോശമായ കാര്യങ്ങൾ ചെയ്തവർ ആരെന്നു പോലീസ് കണ്ടെത്തട്ടെയെന്നും ഏത് അന്വേഷണത്തെയും സ്വാഗതം ചെയ്യുന്നുവെന്നും ജനറൽ സെക്രട്ടറി സിദ്ദിഖ് പറഞ്ഞു. ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്ന് ദിവസങ്ങൾ കഴിഞ്ഞിട്ടും താരസംഘടന മറുപടി നൽകാൻ വൈകുന്നതിൽ വിമർശനം ഉയർന്നിരുന്നു.

'അമ്മ' മറുപടി നൽകാതെ ഒളിച്ചോടിയതല്ല. മറുപടിക്കു കൂടിയാലോചന വേണമായിരുന്നു. സംഘടനയിലുള്ളവരുമായി ചർച്ച നടത്തിയിട്ടാണ് മറുപടി തരുന്നത്. സംഘടനയിൽപ്പെട്ടവർ മെഗാഷോയുമായി ബന്ധപ്പെട്ട തിരക്കിലായിരുന്നു. അതും മറുപടി വൈകാൻ ഇടയാക്കി.

ഹേമ കമ്മിറ്റി റിപ്പോർട്ട് അമ്മ സംഘടനയ്ക്ക് എതിരല്ല. കമ്മിറ്റിയുടെ ശിപാർശകൾ നടപ്പാക്കണം. രണ്ടു വർഷം മുമ്പ് ഹേമ കമ്മിറ്റി മമ്മൂട്ടി, മോഹൻലാൽ എന്നിവരടക്കമുള്ളവരിൽ നിന്ന് നിർദേശങ്ങൾ തേടിയിരുന്നു. പ്രതിഫലം സംബന്ധിച്ച കാര്യങ്ങളാണ് സംസാരിച്ചത്. താരസംഘടനയിൽപ്പെട്ടവരെ ഹേമ കമ്മിറ്റി വിളിച്ചതായി അറിയില്ല.

ഹേമ കമ്മിറ്റി റിപ്പോർട്ട് സിനിമയിലെ വനിതാ അംഗങ്ങൾക്ക് ഗുണകരമാണ്. എന്നാൽ, കമ്മിറ്റി കണ്ടെത്തി പറഞ്ഞ ചില വാചകങ്ങൾമാത്രം ഉയർത്തിയപ്പോൾ അത് സിനിമയെ മൊത്തം മോശമാക്കുന്ന തരത്തിലായതിൽ എതിർപ്പുണ്ട്. എല്ലാ മേഖലയിലും ഇത്തരം പ്രശ്നങ്ങളുണ്ട്. കമ്മിറ്റി പറഞ്ഞതുപോലെ കുറ്റകൃത്യങ്ങൾ നടന്നിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ടവർ പരാതിപ്പെട്ട് പോലീസ് നടപടിയിലേക്കു കടക്കുകയാണു വേണ്ടത്. മറിച്ച് മോശം കാര്യങ്ങൾ ചൂണ്ടിക്കാട്ടി പുകമറ സൃഷ്ടിച്ച് കുറ്റക്കാരല്ലാത്തവരെക്കൂടി സംശയനിഴലിലാക്കി നാണംകെടുത്തരുത്. അടുത്തദിവസംചേരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ റിപ്പോർട്ട് വിശദമായി ചർച്ചചെയ്യും.

സിനിമയിൽ പവർ ഗ്രൂപ്പ് ഇല്ല. അങ്ങനെയുണ്ടെങ്കിൽ പേര് പുറത്തുവരട്ടെ. അങ്ങനെ പവർ ഗ്രൂപ്പിന് സിനിമയെ നിയന്ത്രിക്കാൻ സാധ്യമല്ല. ആരെയും ഒതുക്കാനും സിനിമയിൽ ചാൻസ് നഷ്ടമാക്കാനും ആർക്കും സാധ്യമല്ല. വിജയിച്ച പടങ്ങളുടെ ചുവടുപിടിച്ച് മുന്നോട്ടുപോകുന്നതാണു സിനിമാ വ്യവസായം. പത്തുവർഷം മുമ്പ് വിവിധ സിനിമാ സംഘടനകളിൽപ്പെട്ടവർ ചേർന്ന് പത്തുപേരുടെ ഒരു ഹൈപവർ കമ്മിറ്റിക്കു രൂപം നൽകിയിരുന്നു. ഇതിനെയാണ് 'പവർ ഗ്രൂപ്പ്' എന്ന് കരുതിയതെന്ന് സംശയിക്കുന്നു. നിലവിൽ അത്തരമൊരു ഹൈപവർ കമ്മിറ്റിയില്ല. പവർ ഗ്രൂപ്പ് എന്നതുപോലെ തന്നെ മാഫിയ, ഗുണ്ടാ സംഘം എന്നിവയുടെ നിയന്ത്രണത്തിലാണ് സിനിമയെന്ന കമ്മിറ്റി നിരീക്ഷണത്തോടും യോജിപ്പില്ല.

ഹേമ കമ്മിറ്റി എല്ലാ അംഗങ്ങളെയും വിളിച്ച് മൊഴി ചോദിച്ചിട്ടില്ല. കാസ്റ്റിങ് കൗച്ച് എന്റെ അറിവിൽ ഇല്ല. ഇത്തരം പരാതികളും 'അമ്മ'യ്ക്കുമുന്നിൽ വന്നിട്ടില്ല. നടി പാർവതിക്ക് സിനിമയിൽ അവസരം നഷ്ടമാക്കിയിട്ടില്ല. മികച്ച നടിയായ അവർ എത്രയോ സിനിമകളുടെ ഭാഗമായിക്കഴിഞ്ഞു' - സിദ്ദിഖ് പറഞ്ഞു. തനിക്കു സിനിമയിൽ മോശം അനുഭവം ഉണ്ടായിട്ടില്ലെന്ന് പത്രസമ്മേളനത്തിൽ പങ്കെടുത്ത നടി ജോമോൾ പറഞ്ഞു.

# ഉന്നത തസ്തിക നിയമനത്തിലും സംവരണം വേണം

കേന്ദ്രസർവീസിലെ ഉന്നതതസ്തികകളിലേക്കു നേരിട്ടു നിയമനം നടത്തുന്ന 'ലാറ്ററൽ എൻട്രി' രീതി വിവാദമായത് പൊടുന്നനെയാണ്. കേന്ദ്ര സർക്കാരിന്റെ 24 മന്ത്രാലയങ്ങളിൽ ജോയിന്റ് സെക്രട്ടറി, ഡയറക്ടർ, ഡെപ്യൂട്ടി സെക്രട്ടറി പദവികളിലെ 45 ഒഴിവുകളിലേക്ക് നേരിട്ടുള്ള നിയമനത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ (യുപിഎസ്സി) വിജ്ഞാപനം പുറപ്പെടുവിച്ചു. ഭരണഘടന അനുശാസിക്കുന്ന സംവരണവ്യവസ്ഥ ഈ നിയമനങ്ങൾക്കു ബാധകമല്ല എന്നതു ചൂണ്ടിക്കാട്ടി പ്രതിപക്ഷവും അതിനുപിന്നാലെ ബിജെപിയുടെതന്നെ ചില സഖ്യകക്ഷികളും വിമർശനമുന്നയിച്ചതോടെ വിജ്ഞാപനം റദ്ദാക്കേണ്ടിവന്നു. രണ്ടു കാര്യങ്ങളാണ് ഇതിൽനിന്നു വ്യക്തമായത്. ലോക്സഭയിൽ ഒറ്റയ്ക്കു ഭൂരിപക്ഷമില്ലാത്ത ബിജെപിക്ക് പഴയപോലെ ഏകപക്ഷീയമായ നടപടികളെടുക്കുക എളുപ്പമല്ല എന്നതാണ് ഒന്ന്. സംവരണ രാഷ്ട്രീയത്തെ അവഗണിച്ചുകൊണ്ട് മുന്നോട്ടുപോവുക ജനാധിപത്യ ഇന്ത്യയിൽ സാധ്യമല്ല എന്നതാണു രണ്ടാമത്തേത്.

മുൻ കേന്ദ്രനിയമമന്ത്രിയും കോൺഗ്രസ് നേതാവുമായ എം.വീരപ്പമൊയ്‌ലി അധ്യക്ഷനായി 2005-ൽ യുപിഎ സർക്കാർ നിയോഗിച്ച രണ്ടാം ഭരണപരിഷ്കാരക്കമ്മീഷൻ ലാറ്ററൽ എൻട്രി രീതി ശിപാർശചെയ്തിരുന്നു. എന്നാൽ, അത്തരമൊരു അതോറിറ്റി ഇതുവരെ രൂപീകരിച്ചിട്ടുപോലുമില്ല. ഫലത്തിൽ, 'കേന്ദ്ര സർക്കാരിൽ ലാറ്ററൽ എൻട്രി ആവാം' എന്നു റിപ്പോർട്ടിൽ പറയുന്നതു മാത്രം മോദി സർക്കാർ തങ്ങളുടേതായ രീതിയിൽ നടപ്പാക്കാൻ ശ്രമിച്ചു.

മോദി സർക്കാർ ലാറ്ററൽ എൻട്രി സ്കീം തുടങ്ങിയത് 2018-ലാണ്. അന്നും പ്രതിഷേധമുണ്ടായി. എന്നാൽ, ബിജെപിക്കു തനിച്ച് ഭൂരിപക്ഷമുണ്ടായിരുന്നതിനാൽ എതിർപ്പ് അവഗണിച്ച് മുന്നോട്ടുപോകാൻ സാധിച്ചു. ഇത്തവണ പ്രതിപക്ഷത്തിനൊപ്പം ഭരണസഖ്യത്തിലെ എൽജെപിയും എതിർപ്പ് ഉയർത്തിയതോടെ നടപടി പിൻവലിക്കേണ്ടിവന്നു. ജെഡിയു, എച്ച്എഎം എന്നീ കക്ഷികളും എതിരായിരുന്നു. ഇൻഡക്സേഷൻ ഇളവില്ലാതെ മൂലധന ലാഭ നികുതി ഈടാക്കുമെന്ന് ബജറ്റിൽ നടത്തിയ പ്രഖ്യാപനം പ്രതിഷേധമുണ്ടായപ്പോൾ പരിഷ്കരിച്ചു. ബ്രോഡ്കാസ്റ്റ് ബില്ലിന്റെ കരട് പിൻവലിച്ചു. വഖഫ് ബിൽ പാർലമെന്ററി സമിതിക്കു വിടാൻ തീരുമാനിച്ചു. ഇപ്പോൾ യുപിഎസ്സിയുടെ ലാറ്ററൽ എൻട്രി പരസ്യം പിൻവലിക്കുന്നു - പുതിയ സർക്കാർ 75 ദിവസം പോലും തികയും മുൻപേ ഘടകകക്ഷികളുടെയും പ്രതിപക്ഷത്തിന്റെയും സമ്മർദത്തിനു വഴങ്ങിയുള്ള തിരുത്തൽ നടപടികൾ പലതായി.

നടപടിക്കെതിരെ പ്രതിഷേധമുണ്ടാകുമ്പോൾ ന്യായവാദങ്ങൾ ഉയർത്തുക, നടപടി പിൻവലിക്കേണ്ടി വരുമ്പോൾ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കു സാമൂഹിക നീതിയോടുള്ള പ്രതിബദ്ധതയെക്കുറിച്ചു പറയുക - ഉന്നത തസ്തികകളിലെ ലാറ്ററൽ എൻട്രി നിയമന പദ്ധതിയുടെ കാര്യത്തിൽ അതാണു കേന്ദ്രസർക്കാർ ചെയ്തത്. ഇനി സംവരണവ്യവസ്ഥ ഉൾപ്പെടുത്തി പദ്ധതി പരിഷ്കരിക്കാനുള്ള സാധ്യതയും സൂചിപ്പിക്കുന്നുണ്ട്.

ലാറ്ററൽ എൻട്രി നിയമനം 'എസ്‌സി, എസ്ടി, ഒബിസി വിഭാഗങ്ങളുടെ സംവരണാവകാശം പരസ്യമായി പിടിച്ചുപറിക്കലാണ്' എന്ന ആരോപണവുമായി ആദ്യം രംഗത്തുവന്നത് പ്രതിപക്ഷനേതാവ് രാഹുൽഗാന്ധിയാണ്. ഇതോടെ, നിയമനനീക്കം പിൻവലിക്കണമെന്ന് ബിജെപിയുടെ കൂട്ടുകക്ഷിയായ ലോക്ജനശക്തി പാർട്ടി (എൽജെപി) യുടെ നേതാവും കേന്ദ്രമന്ത്രിയുമായ ചിരാഗ് പസ്വാനും ആവശ്യമുയർത്തി. ലാറ്ററൽ എൻട്രി രീതി ശിപാർശ ചെയ്തത് യുപിഎ സർക്കാർ നിയമിച്ച കമ്മീഷനാണ്, കോൺഗ്രസ് സർക്കാരുകളുടെ കാലത്തും ഇത്തരം നിയമനങ്ങൾ നടന്നിട്ടുണ്ട്, അതിനൊരു വ്യവസ്ഥാപിതരൂപമുണ്ടാക്കുകയാണ് നരേന്ദ്രമോദി സർക്കാർ ചെയ്തത് തുടങ്ങിയ വാദങ്ങളുമായി ചെറുത്തുനിൽക്കാൻ ബിജെപി ആദ്യം ശ്രമിച്ചു. പക്ഷേ, സംവരണം അട്ടിമറിക്കുന്ന പ്രചാരണം രാഷ്ട്രീയമായി ദോഷംചെയ്യുമെന്ന തിരിച്ചറിവിലാണു പിന്നീട് വിജ്ഞാപനം റദ്ദാക്കിയത്. ചില പ്രധാന സംസ്ഥാനങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പ് അടുത്തിരിക്കേ സംവരണവിവാദം നീട്ടിക്കൊണ്ടുപോകുന്നത് ബുദ്ധിയല്ലെന്നും ബിജെപി തിരിച്ചറിഞ്ഞിരിക്കണം. വിജ്ഞാപനം റദ്ദാക്കാൻ നിർദേശിച്ച് യുപിഎസ്സി അധ്യക്ഷയ്ക്ക് കേന്ദ്ര പഴ്സണൽവകുപ്പുമന്ത്രി ജിതേന്ദ്രസിങ് അയച്ച കത്തിൽ ഇങ്ങനെ പറയുന്നു: 'ഭരണഘടന അനുശാസിക്കുന്ന സംവരണതത്ത്വം പാലിച്ചുകൊണ്ടാകണം ലാറ്ററൽ എൻട്രി നിയമനങ്ങളെന്നാണു പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ദൃഢനിശ്ചയം.' സംവരണമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഈ നീയമനരീതി തുടരാനാണു കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്നതെന്ന് ഇതിൽനിന്നു വ്യക്തമാകുന്നു. അതു സ്വാഗതാർഹമാണ്. സിവിൽ സർവീസിലെ നിർണായകതലങ്ങളിൽ യുപിഎസ്സി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന നിയമനങ്ങളെന്നനിലയ്ക്ക് ഇതിൽ സംവരണവ്യവസ്ഥ പാലിച്ചേ പറ്റൂ.

# ബിരുദദാന ചടങ്ങിൽ സ്വദേശിവസ്ത്രം മതിയെന്ന് കേന്ദ്രം

ന്യൂഡൽഹി: മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ബിരുദദാനച്ചടങ്ങിനുള്ള വസ്ത്രധാരണത്തിൽ കൊളോണിയൽ രീതി ഒഴിവാക്കാൻ നിർദേശം. കേന്ദ്രസർക്കാരിനു കീഴിലുള്ള എയിംസ് ഉൾപ്പെടെയുള്ള മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം ഇതു സംബന്ധിച്ച നിർദേശം നല്കിയത്.

കറുത്ത കുപ്പായവും തൊപ്പിയും ധരിക്കുന്ന നിലവിലെ രീതി ബ്രിട്ടീഷ് ഭരണകാലത്തിലേതാണെന്ന് മന്ത്രാലയം ചൂണ്ടിക്കാട്ടുന്നു. പകരം ഓരോ സ്ഥാപനവും സ്ഥിതി ചെയ്യുന്ന സംസ്ഥാനത്തിന്റെ പാരമ്പര്യവും സാംസ്കാരിക പൈതൃകവും പ്രതിഫലിപ്പിക്കുന്ന പുതിയ വസ്ത്രധാരണരീതി രൂപകല്പന ചെയ്യാൻ സ്ഥാപനങ്ങൾ തയ്യാറാകണമെന്നും മന്ത്രാലയം ആവശ്യപ്പെട്ടു.

യൂറോപ്പിൽ മധ്യകാലഘട്ടത്തിൽ ഉദ്ഭവിച്ച ഈ വസ്ത്രധാരണ രീതി ബ്രിട്ടീഷുകാർ പിന്നീട് തങ്ങളുടെ എല്ലാ കോളനി രാജ്യങ്ങളിലും നടപ്പാക്കുകയായിരുന്നുവെന്ന് ഇത് അവസാനിപ്പിക്കേണ്ടതുണ്ടെന്നും മന്ത്രാലയത്തിന്റെ അറിയിപ്പിൽ പറയുന്നു.

2022-ലെ സ്വാതന്ത്ര്യദിന പ്രസംഗത്തിൽ പ്രധാനമന്ത്രി മോദി അടുത്ത 25 വർഷത്തേക്ക് ഇന്ത്യയുടെ പുരോഗതിയെ നയിക്കാൻ അഞ്ച് പ്രമേയങ്ങൾ (പഞ്ച് പ്രാൺ) മുന്നോട്ടുവെച്ചിരുന്നു.

രാജ്യത്തിന്റെ പാരമ്പര്യങ്ങളിൽ അഭിമാനിക്കുകയും വിദ്യാഭ്യാസവും സാംസ്കാരിക സമ്പ്രദായങ്ങളും ഉൾപ്പെടെ സമസ്ത മേഖലയിലും കൊളോണിയൽ സ്വാധീനം ഇല്ലാതാക്കുകയും ചെയ്യുക എന്നതായിരുന്നു പ്രമേയങ്ങളിൽ പ്രധാനം. ഇതിന്റെ ചുവടുപിടിച്ചാണ് കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമമന്ത്രാലയത്തിന്റെ നിർദേശം.

## അനിൽ അംബാനിക്ക് ഓഹരിവിപണിയിൽ 5 വർഷത്തെ വിലക്ക്

കൊച്ചി: പ്രതിസന്ധിയിലായ പ്രമുഖ വ്യവസായി അനിൽ അംബാനിയെ ഓഹരിവിപണിയിൽ ഇടപാടുകൾ നടത്തുന്നതിൽനിന്ന് അഞ്ചു വർഷത്തേക്ക് വിലക്കി ഓഹരിവിപണി നിരീക്ഷണബോർഡായ സെബി.

റിലയൻസ് ഹോം ഫിനാൻസ് ലിമിറ്റഡ് എന്ന കമ്പനിയിലെ ഫണ്ട് വകമാറ്റി തട്ടിയെടുക്കാൻ ശ്രമിച്ചതിന്റെ പേരിലാണ് നടപടി. 25 കോടി രൂപ പിഴയുമുണ്ട്.

ലിസ്റ്റ് ചെയ്തിട്ടുള്ള ഏതെങ്കിലും കമ്പനികളുടെ ഡയറക്ടർ എന്ന നിലയിലോ പ്രധാന മാനേജീരിയൽവ്യക്തി എന്ന നിലയിലോ അഞ്ചുവർഷത്തേക്ക് പ്രവർത്തിക്കാനുമാകില്ല.

## ജമ്മു കാശ്മീർ: ഇന്ത്യാ സഖ്യത്തിൽ സീറ്റ് ധാരണയായി

ന്യൂഡൽഹി: ജമ്മു കാശ്മീരിൽ കോൺഗ്രസും നാഷണൽ കോൺഫറൻസും (എൻസി) തമ്മിൽ സീറ്റ് ധാരണയായി. 90 അംഗ നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ എൻസി 43, കോൺഗ്രസ് 40, മറ്റുള്ളവർ 7 എന്ന നിലയിലാണു പ്രാഥമിക ധാരണ. അതോടെ, ദേശീയതലത്തിൽ ഇന്ത്യാസഖ്യത്തിന്റെ ഭാഗമായ പിഡിപി കശ്മീരിൽ സഖ്യത്തിലുണ്ടാകില്ലെന്ന് ഏറെക്കുറെ ഉറപ്പായി. പിഡിപിക്കു മുന്നിൽ വാതിലുകൾ പൂർണമായും അടഞ്ഞിട്ടില്ലെന്നാണ് കോൺഗ്രസ് സൂചിപ്പിക്കുന്നതെങ്കിലും വിട്ടുവീഴ്ച ചെയ്യുന്നതിൽ എൻസിക്കും പിഡിപിക്കും ഇടയിലെ വൈമുഖ്യമാണു തടസ്സം. സിപിഎമ്മും ആം ആദ്മി പാർട്ടിയും സഖ്യത്തിന്റെ ഭാഗമാകും.

ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, സംഘടനാ ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എന്നിവർ എൻസി നേതാക്കളായ ഫാറൂഖ് അബ്ദുല്ലയെയും ഒമർ അബ്ദുല്ലയെയും സന്ദർശിച്ചാണു സീറ്റ് ധാരണയുണ്ടാക്കിയത്.

പൂർണ അധികാരങ്ങളോടെ സംസ്ഥാനപദവി തിരിച്ചുനൽകുക എന്ന വിഷയം ഉയർത്തിയാകും ഇന്ത്യാസഖ്യം വോട്ടു തേടുകയെന്ന് ഫാറൂഖ് അബ്ദുല്ല പ്രതികരിച്ചു.

കോൺഗ്രസിനു കൂടുതൽ വേരോട്ടമുള്ള ജമ്മു മേഖലയിൽ 12 സീറ്റ് എൻസിക്കു നൽകും; തിരിച്ച് എൻസിയുടെ സ്വാധീനമേഖലയായ കാശ്മീരിൽ 12 സീറ്റ് കോൺഗ്രസിനും. ചതുഷ്കോണ മത്സരം നടന്ന 2014-ൽ ഏറ്റവും വലിയ ഒറ്റക്കക്ഷിയായ പിഡിപിയുടെ 28 സീറ്റും കാശ്മീരിലായിരുന്നു. ജമ്മുവിൽ 25 സീറ്റുമായി ബിജെപിയും നേട്ടമുണ്ടാക്കി. 15 സീറ്റ് എൻസിയും 12 സീറ്റ് കോൺഗ്രസും ഏഴ് സീറ്റ് മറ്റുള്ളവരും നേടി.


Law Office of Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews


LOOKING FOR INVESTORS
ബാംഗ്ലൂരിലും കേരളത്തിലും കോളേജുകൾ ഉള്ള പ്രമുഖ വിദ്യാഭ്യാസഗ്രൂപ്പ് വിപുലീകരിക്കുന്നതിനായി ഇൻവെസ്റ്റേഴ്സിനെ തേടുന്നു.
നിലവിൽ MBA MCA BBA BCOM B-Pharm D-Pharm എന്നി കോഴ്സുകളാണ് ഉള്ളത്.
Best Return higher than Bank Deposit & Stock
Website - www.kap.ac.in
Email - operations@kap.ac.in
Connect for further details:
Ms.SUBBY RENISH
(Head of Operations)
Ph: (+91)9241330444
KERALA ACADEMY OF PHARMACY
Kandala Near Kattakada Trivandrum
Kerala - 695512


Bollywood Dance Class in Chicago!
Shingari's School of Rhythm
CLASSES AT WESTMONT & DES PLAINES
NOW ENROLLING NEW STUDENTS
Girls • Boys • Adults
For Latest Informations Call : Chinu Thottam
(630) 863-4984
REGISTER ONLINE
Email: c2c4ever@gmail.com
www.schoolofrhythm.org


K.O. JOSE & ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com

# പരസ്പര സഹകരണത്തിന് ഇന്ത്യ–മലേഷ്യ ധാരണ

ന്യൂഡൽഹി: ആയുർവേദം, പരമ്പരാഗതവൈദ്യം തുടങ്ങി വിവിധ മേഖലകളിൽ പരസ്പര സഹകരണത്തിന് ഇന്ത്യയും മലേഷ്യയും തമ്മിൽ ഏഴ് ധാരണാപത്രത്തിൽ ഒപ്പുവെച്ചു. ഇരുരാജ്യവും ചേർന്ന് സമഗ്രമായ തന്ത്രപ്രധാന പങ്കാളിത്തത്തിനുള്ള കരാർ ആവിഷ്കരിക്കും. തൊഴിൽ, റിക്രൂട്ട്മെന്റ്, തൊഴിലാളികളുടെ കൈമാറ്റം തുടങ്ങിയ മേഖലകളിൽ പരസ്പരം സഹകരിക്കും.



ഇന്ത്യാസന്ദർശനത്തിനെത്തിയ മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമിനെ രാഷ്ട്രപതിഭവനിൽ പ്രധാനമന്ത്രി നരേന്ദ്രമോദി സ്വീകരിക്കുന്നു.

മലേഷ്യയിലെ സർവകലാശാലകളിൽ ആയുർവേദ ചെയറും തിരുവള്ളുവർ ചെയറും സ്ഥാപിക്കും. പ്രധാനമന്ത്രി നരേന്ദ്രമോദിയും മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമും തമ്മിൽ ഡൽഹിയിൽ നടത്തിയ ഉഭയകക്ഷി ചർച്ചയിലാണ് ധാരണയായത്.

ഭീകരവാദത്തെ നേരിടുന്നതിൽ ഇന്ത്യയും മലേഷ്യയും ഒരുമിച്ചാണെന്ന് പ്രധാനമന്ത്രി മോദി കൂടിക്കാഴ്ചയ്ക്കു ശേഷം നടത്തിയ സംയുക്ത പത്രസമ്മേളനത്തിൽ പറഞ്ഞു.

പുതിയ സാങ്കേതികമേഖലകളിൽ സഹകരണം വർധിപ്പിക്കും. ഡിജിറ്റൽ മേഖലയിലെ സഹകരണത്തിനായി ഡിജിറ്റൽ കൗൺസിലിന് രൂപംകൊടുക്കും. സ്റ്റാർട്ടപ്പ് അലയൻസിനും രൂപം നൽകും. പ്രതിരോധരംഗത്തെ പുതിയ സഹകരണത്തിന്റെ സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്തതായും മോദി പറഞ്ഞു.

ഇരുരാജ്യവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താൻ വിവിധ നിർദേശങ്ങൾ ചർച്ച ചെയ്തതായി മലേഷ്യൻ പ്രധാനമന്ത്രിയും പറഞ്ഞു. വാണിജ്യ-വ്യാപാര ബന്ധങ്ങളും നിക്ഷേപവും ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചാണ് ഇരുനേതാക്കളും ഉഭയകക്ഷി ചർച്ചകളിൽ ഊന്നൽ കൊടുത്തത്. ഇന്ത്യയും ആസിയാൻ രാജ്യങ്ങളും തമ്മിലുള്ള സ്വതന്ത്ര വ്യാപാരക്കരാർ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മോദി വ്യക്തമാക്കി. ഇന്ത്യയുടെ യു.പി.ഐ. സംവിധാനവും മലേഷ്യയുടെ പേയ്നെറ്റ് സംവിധാനവും തമ്മിൽ സഹകരിച്ച് പ്രവർത്തിക്കാനുള്ള സാധ്യതകൾ തേടും. ഡിജിറ്റൽ രംഗത്തെ സഹകരണത്തിനും ധാരണയുണ്ടാക്കുമെന്ന് മോദി പറഞ്ഞു.

# ഉടമകളില്ലാത്ത പണം കണ്ടുകെട്ടണമെന്ന് അക്കൗണ്ടന്റ് ജനറൽ

തിരുവനന്തപുരം: കേരളത്തിലെ ട്രഷറി ശാഖകളിൽ ഉടമകളെത്താതെ കിടക്കുന്ന 233 കോടി രൂപ എത്രയും വേഗം സർക്കാർ കണ്ടുകെട്ടണമെന്ന് അക്കൗണ്ടന്റ് ജനറൽ. കഴിഞ്ഞ സാമ്പത്തികവർഷം ട്രഷറിയിൽ നടത്തിയ ഓഡിറ്റിന്റെ റിപ്പോർട്ടിലാണ് എജി നിർദേശം നല്കിയത്. 2019-ൽ സർക്കാർ നിർത്തലാക്കിയ പ്രളയ സെസ് പിരിവ് ചില മേഖലകളിൽ ഇപ്പോഴും തുടരുന്നുവെന്നു സൂചിപ്പിക്കുന്ന കണക്കുകളും പരിശോധനയിൽ കണ്ടെത്തി. 2018 ഓഗസ്റ്റ് മുതൽ രണ്ട് വർഷത്തേക്കാണ് പ്രളയ സെസ് ഏർപ്പെടുത്തിയത്. 2023-24-ൽ 2.99 കോടി രൂപ പ്രളയ സെസ് വരുമാനമായി ട്രഷറിയിൽ എത്തിയെന്നു കണ്ടെത്തി. 1,200 കോടി രൂപ വരുമാനം പ്രതീക്ഷിച്ചിടത്ത് 2,118 കോടി രൂപ സർക്കാരിനു ലഭിക്കുകയും ചെയ്തു.

പല ട്രഷറികളിലും ക്രമക്കേടും പരിശോധനയിൽ കണ്ടെത്തി. അഞ്ച് വർഷം തുടർച്ചയായി ഇടപാടുകൾ നടക്കാത്ത അക്കൗണ്ടുകളെ നിർജീവ അക്കൗണ്ടുകളായി കരുതണം.

ഈ നിക്ഷേപങ്ങൾക്ക് പലിശ ക്രെഡിറ്റ് ചെയ്യുന്നത് നിർത്തുകയും പലിശ ഒഴികെയുള്ള തുക സർക്കാരിന്റെ വരുമാനത്തിലേക്ക് മാറ്റുകയും വേണം. 1,020 നിർജീവ അക്കൗണ്ടുകളിലായി 233 കോടി രൂപയാണുള്ളത്.

# മൂന്നാമത്തെ അന്താരാഷ്ട്ര തുറമുഖം അഴീക്കലിൽ

തിരുവനന്തപുരം: കേരളത്തിലെ മൂന്നാമത്തെ അന്താരാഷ്ട്ര തുറമുഖം കണ്ണൂർ അഴീക്കലിനു സമീപം സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾക്കു തുടക്കമായി. കേരളത്തിലെ ആദ്യ ഗ്രീൻഫീൽഡ് അന്താരാഷ്ട്ര തുറമുഖമായ അഴീക്കൽ തുറമുഖ നിർമാണവുമായി ബന്ധപ്പെട്ടു രൂപീകരിച്ച കമ്പനിയായ മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡിന്റെ കരട് പദ്ധതി റിപ്പോർട്ടിന് മന്ത്രിസഭായോഗം അംഗീകാരം നൽകി. പദ്ധതിയുടെ തുടർന്നുള്ള ഘട്ടങ്ങളിലെ വികസനത്തിന് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാതിരിക്കാൻ നിർമാണ കമ്പനിക്ക് ലഭിക്കുന്ന വരുമാനത്തിന്റെ ഒരുഭാഗം പദ്ധതിയുടെ തുടക്കം മുതൽതന്നെ സർക്കാരിന് ഷെയർ ചെയ്യേണ്ടതാണെന്ന വ്യവസ്ഥ ഇഒഐയിൽ ഉൾപ്പെടുത്തും. കേന്ദ്ര സർക്കാരിൽനിന്ന് വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമാക്കുന്നതിനും തത്വത്തിൽ അംഗീകാരം നൽകി.

അഴീക്കൽ മത്സ്യബന്ധന തുറമുഖത്തുനിന്ന് 2.5 കിലോമീറ്ററോളം മാറി അഴിമുഖം ഭാഗത്തായാണ് നിർദിഷ്ട തുറമുഖം വിഭാവനം ചെയ്യുന്നത്. സംസ്ഥാന തുറമുഖ വകുപ്പിന് കീഴിൽ നടപ്പാക്കുന്ന പ്രധാന പദ്ധതിയാണ് കണ്ണൂർ അഴീക്കൽ അന്താരാഷ്ട്ര ഗ്രീൻഫീൽഡ് പോർട്ടും അതോടനുബന്ധിച്ച് ഇൻഡസ്ട്രിയൽ പാർക്ക്, പ്രത്യേക സാമ്പത്തിക മേഖലകൾ എന്നിവയുടെ വികസനവും. ഇതിനായി മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ് എന്ന പേരിൽ പ്രത്യേക കമ്പനി മുഖ്യമന്ത്രി ചെയർമാനായി രൂപീകരിച്ചിട്ടുണ്ട്.

14.1 മീറ്റർ ആഴമുള്ളതും 5000 ടിഇയു വരെ ശേഷിയുള്ള പനാമാക്സ് വലിപ്പമുള്ള കണ്ടയ്നർ കപ്പലുകൾക്ക് എത്തിച്ചേരാൻ സാധിക്കുന്ന തരത്തിലുമുള്ള തുറമുഖ വികസനവും വ്യവസായ പാർക്കുകൾ, പ്രത്യേക സാമ്പത്തിക മേഖലകൾ വഴി മലബാറിന്റെ വ്യവസായ വാണിജ്യ വികസനവുമാണ് പദ്ധതി ലക്ഷ്യംവെക്കുന്നത്.

പദ്ധതി പ്രദേശത്തെ വിശദമായ മണ്ണുപരിശോധന (ജിയോ ടെക്നിക്കൽ ഇൻവസ്റ്റിഗേഷൻ) പൂർത്തിയാക്കി. അന്തിമ റിപ്പോർട്ട് 2022 ജനുവരിയിൽ ലഭിച്ചിട്ടുണ്ട്. തുടർന്ന് സാങ്കേതിക കൺസൾട്ടന്റ് സമർപ്പിച്ച ഡിസൈൻ റിപ്പോർട്ട് പ്രകാരം പുലിമുട്ട് ഡിസൈൻ മാറ്റങ്ങൾ വരുത്തേണ്ടതാണെന്ന് കണ്ടു. ഐഐടി മദ്രാസ് പരിശോധിച്ച് ബ്രേക്ക് വാട്ടർ ഫൗണ്ടേഷൻ മാറ്റിക്കൊണ്ടുള്ള ശിപാർശകളോടെ ഡിസൈൻ റിപ്പോർട്ട് സാങ്കേതിക കൺസൾട്ടന്റ് തയാറാക്കി. വിശദമായ പരിസ്ഥിതി പഠനങ്ങളും മറ്റു നടപടിക്രമങ്ങളും പുരോഗമിച്ചുവരുന്നു.

# സുരേഷ്ഗോപിയുടെ പ്രസംഗത്തിൽ കേന്ദ്ര നേതൃത്വത്തിന് അതൃപ്തി

ന്യൂഡൽഹി: മന്ത്രിസ്ഥാനം തിരിച്ചെടുത്താൽ സന്തോഷമെന്ന സുരേഷ് ഗോപിയുടെ പരാമർശത്തിനു പിന്നാലെ ബിജെപി കേന്ദ്രനേതൃത്വം കടുത്ത അതൃപ്തിയിൽ. അമിത് ഷായുടെ പേര് പ്രസംഗത്തിൽ പരാമർശിക്കപ്പെട്ടതും അതൃപ്തിയുണ്ടാക്കിയെന്നാണ് സൂചന. മന്ത്രിമാർക്കുള്ള പെരുമാറ്റച്ചട്ട പ്രകാരം പണമുണ്ടാക്കുന്ന മറ്റു ജോലികളിൽ ഏർപ്പെടാൻ അനുവാദമില്ല. ഇക്കാര്യത്തിൽ സുരേഷ് ഗോപിക്ക് മാത്രം അനുമതി നല്കിയാൽ മറ്റുള്ളവരും ഇത്തരം കാര്യങ്ങൾ ആവശ്യപ്പെടുമെന്നും അതൊരു കീഴ്വഴക്കമാകാൻ സാദ്ധ്യതയുണ്ടെന്നും കേന്ദ്രം കരുതുന്നു. എന്നാൽ, സുരേഷ് ഗോപി സിനിമാ അഭിനയത്തിൽ നിലപാട് കടുപ്പിച്ചാൽ മന്ത്രിസ്ഥാനം ഒഴിയേണ്ടിവരും. ഒറ്റക്കൊമ്പൻ അടക്കം 22 സിനിമകൾ ചെയ്യാനുണ്ടെന്നും ആർത്തിയോടെയാണ് താൻ അതിനെല്ലാം ഡേറ്റ് കൊടുത്തതെന്നും അതിന്റെ പേരിൽ മന്ത്രിസ്ഥാനം പോയാൽ സന്തോഷമേയുള്ളുവെന്നുമായിരുന്നു സുരേഷ് ഗോപിയുടെ പ്രസ്താവന.

സിനിമ ചെയ്യാനുള്ള അനുവാദം ചോദിച്ചു ചെന്നപ്പോൾ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പേപ്പർ കെട്ട് എടുത്ത് മൂലയിലേക്ക് എറിഞ്ഞുവെന്നും എന്തൊക്കെ സംഭവിച്ചാലും താൻ സെപ്റ്റംബർ ആറിന് സിനിമ ചെയ്യാൻ പോരുമെന്നും സുരേഷ് ഗോപി പറഞ്ഞിരുന്നു.









# എഴുപത്തിയഞ്ചിന്റെ നിറവിൽ ഡോ. മാമ്മൻ സി. ജേക്കബ്





അനിൽ പെണ്ണുക്കര

കഴിഞ്ഞ അൻപത് വർഷമായി അമേരിക്കൻ മലയാളി സാമൂഹ്യ പ്രവർത്തന രംഗത്ത് പകരക്കാരില്ലാത്ത സവിശേഷ വ്യക്തിത്വത്തിനുടമയായ ഡോ. മാമ്മൻ സി. ജേക്കബിന് എഴുപത്തിയഞ്ച് വയസ്. കഴിഞ്ഞ അര നൂറ്റാണ്ടിൽ അദ്ദേഹം അമേരിക്കൻ മലയാളി സമൂഹത്തോട് സംവദിച്ച ഭാഷ സ്നേഹത്തിന്റെയും കരുതലിന്റേയുമായിരുന്നു എന്ന് നമുക്ക് ഓരോരുത്തർക്കും അറിയാം. കേരളത്തിൽ നിന്ന് അമേരിക്കയിലേക്കും അമേരിക്കയിൽ നിന്ന് ലോകത്തിന്റെ പല ഭാഗങ്ങളിലേക്കും പടർന്നു പന്തലിച്ച സൗഹൃദബന്ധങ്ങൾ. അത് കാത്തു സൂക്ഷിക്കുന്നതിൽ അദ്ദേഹം കാട്ടുന്ന സ്നേഹ വാത്സല്യങ്ങൾ. ഇവയൊക്കെ അനുഭവിക്കാത്ത സുഹൃത്തുക്കൾ അദ്ദേഹത്തിന്റെ ലിസ്റ്റിൽ ഉണ്ടാവുകയില്ല. മറ്റ് സാമൂഹ്യ പ്രവർത്തകരുമായി താരതമ്യം ചെയ്യുമ്പോൾ ഒപ്പമുള്ളവരെ ഏത് സ്ഥാനത്ത് വരെ എത്തിക്കുവാൻ തനിക്ക് ആകുന്നത് ചെയ്യുക എന്ന തത്വം അക്ഷരംപ്രതി പാലിക്കുന്ന ഒരാളാണ് ഡോ. മാമ്മൻ സി. ജേക്കബ്. എഴുപത്തിയഞ്ചാം വയസിലും മലയാളിയുടെ പ്രശ്നങ്ങളിൽ അത് അമേരിക്കയിലോ, കേരളത്തിലോ ആയിക്കോട്ടെ അതിന്റെ പ്രാധാന്യം മനസിലാക്കി ഇടപെടലുകൾ നടത്താൻ, ഏത് സംഘടനാ വിഷയങ്ങളിലും കറകളഞ്ഞ മദ്ധ്യസ്ഥനാകാൻ അദ്ദേഹത്തെപ്പോലെ മറ്റൊരാൾ ഇല്ല എന്ന് കൃത്യതയോടെ വിലയിരുത്താം.

തിരുവല്ല മേൽപ്പാടം ചക്കിട്ടയിൽ പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർ മാമ്മൻ ചാക്കോയുടേയും സാറാമ്മ ചാക്കോയുടെയും മൂത്ത മകനായി ജനിച്ച് സ്കൂൾ പഠനത്തിന് ശേഷം പരുമല ദേവസ്വം ബോർഡ് കോളജിൽ പ്രീഡിഗ്രിക്ക് ചേർന്നപ്പോൾത്തന്നെ സാമൂഹ്യ രാഷ്ട്രീയ പ്രവർത്തനത്തിൽ സജീവമായി. കെ.എസ്.യുവിന്റെ പാനലിൽ ജനറൽ സെക്രട്ടറിയായി വമ്പിച്ച ഭൂരിപക്ഷത്തിൽ വിജയം.

പ്രീഡിഗ്രിക്ക് ഉന്നതവിജയം നേടി പുറത്തിറങ്ങുമ്പോൾ മദ്രാസ് ഹിന്ദുസ്ഥാൻ ബൈബിൾ കോളജിൽ തിയോളജിക്കൽ സ്റ്റഡിയിൽ ഉപരിപഠനത്തിന് അഡ്മിഷൻ ലഭിച്ചു. മദ്രാസിലേക്കുള്ള തീവണ്ടിയാത്ര ജീവിതം മാറ്റി മറിച്ച ഒരു യാത്ര കൂടിയായിരുന്നു. മദ്രാസിലെ വൈദിക പഠനത്തിൽ തുടരുമ്പോൾ തന്നെ 1972-ൽ അമേരിക്കയിൽ തിയോളജി പഠനത്തിന് നോർത്ത് ഈസ്റ്റ് ബൈബിൾ കോളജിൽ അഡ്മിഷൻ ലഭിച്ചു. തിയോളജി പഠനം മാമ്മൻ സി. ജേക്കബ് എന്ന വ്യക്തിയെ ആത്മീയമായും, സാമൂഹ്യമായും രൂപപ്പെടുത്തുന്നതായിരുന്നു എന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. ഈ സമയത്ത് തന്നെ ഫ്ളോറിഡയിലെ നോവ സൗത്ത് ഈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് പബ്ലിക് അഡ്മിനിസ്ട്രേഷനിൽ മാസ്റ്റേഴ്സും നേടി. പാസ്റ്ററൽ കൗൺസിലിംഗിൽ കെറൂബിയൻ സ്കൂൾ ഓഫ് തിയോളജിയിൽ നിന്ന് ഡോക്ടറേറ്റും കൂടി ലഭിച്ചതോടെ ഒരു പുതിയ ജീവിത വഴിയിലേക്കാണ് അദ്ദേഹത്തിന്റെ ജീവിതം മാറി മറിഞ്ഞത്. 1980-ൽ മാംഗ്ളൂർ മണിപ്പാൽ മെഡിക്കൽ കോളജിൽ മെഡിക്കൽ വിദ്യാർത്ഥികളുടെ കൗൺസിലറും, ചാപ്ലെയിനുമായി അദ്ദേഹത്തെ മാർത്തോമ്മാ സഭ നിയമിച്ചതും വലിയ അംഗീകാരമായി.

തിരികെ വീണ്ടും അമേരിക്കയിലേക്ക്. 1972-ൽ പെൻസിൽവേനിയ, പിന്നീട് 1977 വരെ ന്യൂയോർക്ക്. ഇതിനിടയിൽ തിയോളജി പഠനവും. പക്ഷെ, ആദ്യമായി ലഭിച്ച ജോലി ന്യൂയോർക്കിൽ ഇൻഷുറൻസ് കമ്പനിയിലും, പിന്നീട് കളക്ഷൻ ഏജൻസിയിലും കൈയായി മുന്നോട്ട് പോയെങ്കിലും റിയൽ എസ്റ്റേറ്റ് മേഖലയിൽ ബിസിനസ്സ് ഉറപ്പിക്കുകയായിരുന്നു അദ്ദേഹം. 1977-ൽ ഫ്ളോറിഡയിലേക്ക് താമസം മാറ്റുകയും ബിസിനസ്സിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. ദൈവശാസ്ത്രപഠനം കഴിഞ്ഞ് പരിപൂർണ്ണമായും ബിസ്സിനസിലേക്ക് തിരിഞ്ഞതിൽ ഒരു പൊരുത്തക്കേട് ഉണ്ടല്ലോ എന്ന് ചിന്തിച്ചാൽ മാമ്മൻ സി. ജേക്കബ് പറയുന്ന ഒരു മറുപടിയുണ്ട്. 'ജീവിതത്തിൽ സത്യസന്ധനായിരിക്കുവാൻ, എവിടെയായിരുന്നാലും നന്മയിൽ അധിഷ്ഠിതമായി ജീവിക്കാനാണ് ഈശ്വരൻ പഠിപ്പിക്കുന്നത്.' ഇന്നുവരെ ചെയ്ത ജോലികളിലും, സേവന പ്രവർത്തനങ്ങളിലും സത്യസന്ധത പുലർത്തിയിട്ടുണ്ട്. അതാണ് തന്റെ വിജയമെന്ന് അദ്ദേഹം അടിവരയിടുന്നു.

ന്യൂയോർക്ക് മലയാളി സമാജത്തിൽ തുടങ്ങിയ സംഘടനാ സാമൂഹ്യ പ്രവർത്തനം ഫ്ളോറിഡയിലെ കേരള സമാജത്തിന്റെ പ്രവർത്തനങ്ങളിൽ സജീവമാകുമ്പോഴും ഒപ്പമുള്ളവരെ കരുതിയും കൈപിടിച്ച് ഉയർത്തേണ്ടവരെ പരിഗണിച്ചുമാണ് അദ്ദേഹം ജനകീയനായത്. ഫൊക്കാനയുടെ പ്രവർത്തനങ്ങളിൽ സജീവമായപ്പോഴും അദ്ദേഹത്തിന്റെ സംഘടനാവളർച്ച വളരെ വേഗത്തിലായിരുന്നു.

1996-1998 കാലയളവിൽ ഫൊക്കാനയുടെ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ച കാലം ഫൊക്കാനയുടെ സുവർണ്ണ കാലം കൂടിയായിരുന്നു. ഏറ്റവും കൂടുതൽ ജനപങ്കാളിത്തമുള്ള റോച്ചസ്റ്റർ കൺവൻഷനിൽ എണ്ണായിരത്തോളം മലയാളികളാണ് പങ്കെടുത്തത്. അന്നത്തെ സാംസ്കാരിക മന്ത്രി ടി.കെ. രാമകൃഷ്ണൻ, പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി, സുപ്രീം കോടതി ജഡ്ജി കെ.ടി. തോമസ്, സുരേഷ് ഗോപി, യേശുദാസ്, ചിത്ര അയ്യർ തുടങ്ങി സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക മേഖലയുടെ ഒരു പരിഛേദം തന്നെ റോച്ചസ്റ്റർ കൺവൻഷന്റെ ഭാഗമായി. ഒരു കൺവൻഷൻ എങ്ങനെ കൃത്യമായി നടത്താം എന്നതിന്റെ തെളിവ് കൂടിയായിരുന്നു റോച്ചസ്റ്റർ കൺവൻഷൻ.

ഫൊക്കാന ട്രസ്റ്റി ബോർഡ് ചെയർമാൻ, അംഗം, ഫൗണ്ടേഷൻ ചെയർമാൻ, ഇലക്ഷൻ കമ്മീഷണർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള മാമ്മൻ സി. ജേക്കബ് ഇരുപത് വർഷത്തോളം ഒരു പദവികളും സ്വീകരിക്കാതെ സംഘടനാ പ്രവർത്തനങ്ങളിൽ മാത്രം ശ്രദ്ധിച്ച് പ്രവർത്തിച്ച കാലവും ഉണ്ടായിരുന്നു. ഒരിക്കലും ഒരു പദവികളും ആഗ്രഹിച്ച് ഒരു സംഘടനയിലും പ്രവർത്തിച്ചിട്ടില്ല. ഫൊക്കാനയുടെ പിളർപ്പും അതുമായി ബന്ധപ്പെട്ട വ്യവഹാരങ്ങളിലും പ്രതിസന്ധികളിലും മുതിർന്ന നേതാവ് എന്ന നിലയിൽ നിരവധി ഉപദേശങ്ങൾ സംഘടനയ്ക്ക് നൽകിയതും ഡോ. മാമ്മൻ സി. ജേക്കബ് ആയിരുന്നു. ഫൊക്കാനയിലേക്ക് 2018-ൽ തിരികെ സജീവമാകുമ്പോൾ ട്രസ്റ്റി ബോർഡ് ചെയർമാനായി വലിയ ഭൂരിപക്ഷത്തിലാണ് കടന്നു വന്നത്. അദ്ദേഹത്തിന്റെ ജനകീയതയുടെ വിജയം കൂടിയായിരുന്നു ഈ തിരിച്ചു വരവ്. 2022-ൽ ഇലക്ഷൻ കമ്മീഷൻ ചെയർമാനായിരുന്നു. കോവിഡ് സാഹചര്യം നിലനിന്നിരുന്ന സമയത്ത് ഇലക്ഷൻ ഭംഗിയായും, ചിട്ടയോടെയും നടപ്പിലാക്കുവാൻ സാധിച്ചിരുന്നു. 2022-2024 കാലയളവിൽ 2023-ൽ ഫൊക്കാന നടത്തിയ കേരളാ കൺവൻഷൻ ചെയർമാനായിരുന്നു ഡോ. മാമ്മൻ സി. ജേക്കബ്.

'നന്മയോടെ പ്രവർത്തിക്കുക, സഹജീവികളെ കരുതുക, ആരോടും പിണങ്ങാതിരിക്കുക, പുഞ്ചിരിക്കുന്ന മുഖത്തോടെ ഏത് പ്രശ്നങ്ങളേയും നേരിടുക.' ഈ ചിന്തയാണ് എപ്പോഴും മനസ്സിൽ. തന്റെ മുൻപിൽ സഹായാഭ്യർത്ഥനയുമായി വരുന്ന ഏതൊരു മനുഷ്യനേയും അദ്ദേഹം നിറഞ്ഞ മനസ്സുമായിട്ടാണ് യാത്രയാക്കുന്നത്. ഇപ്പോഴും അത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുമ്പോൾ മദ്രാസിലും, അമേരിക്കയിലുമായി നടത്തിയ ദൈവ ശാസ്ത്ര പഠനത്തിന്റെ പൊരുൾ യഥാർത്ഥത്തിൽ ഇതൊക്കെത്തന്നെയായിരുന്നു എന്ന് ഡോ. മാമ്മൻ സി. ജേക്കബ് തിരിച്ചറിയുന്നു.

മാതാപിതാക്കളുടെയും, സഹോദരങ്ങളുടേയും ചേർത്തു നിർത്തലിനൊപ്പം ജീവിതത്തെ ഉയർത്തുന്നതിൽ വലിയ പങ്കുവഹിച്ചയാളാണ് ഭാര്യ മേരിക്കുട്ടി ജേക്കബ് (റിട്ടയേർഡ് നേഴ്സ്), മക്കളായ ബീന ജേക്കബ് (ഫിസിഷ്യൻ അസിസ്റ്റന്റ്) ഭർത്താവ് ബ്രട്ട് ഗ്രേഡി, കൊച്ചുമകൻ നിക്കോളാസ് (വിദ്യാർത്ഥി), മകൻ മാത്യു ജേക്കബ് (ഫിലിപ്പ്സ് കമ്പനി ഉദ്യോഗസ്ഥൻ), ഭാര്യ ജോസ്‌ലിൻ ജേക്കബ് (ഫാർമസിസ്റ്റ്), കൊച്ചുമകൾ ഇസബെല്ല, മകൻ ബ്ലസി ജേക്കബ് (ന്യൂക്ലിയർ മെഡിസിൻ ടെക്നോളജിസ്റ്റ്) കൊച്ചുമകൾ സായു ജേക്കബ് എന്നിവരുടെ പിന്തുണ ഈ വിജയങ്ങൾക്ക് പിന്നിലുണ്ട്.

ഡോ. മാമ്മൻ സി. ജേക്കബ് പിന്നിട്ട കാലങ്ങൾ പുതുതലമുറയ്ക്ക് വലിയ പ്രചോദനങ്ങളാണ്. നേരിന്റെയും, നന്മയുടേയും, വിട്ടുവീഴ്ച്ചയുടെയും കാലങ്ങളെ കൃത്യമായി അടുക്കിപ്പെറുക്കി നമുക്ക് മുൻപിൽ അദ്ദേഹം വെച്ചു നീട്ടുമ്പോൾ ഒട്ടും സങ്കോചമില്ലാതെ ആ കൈകളിൽ പുതുതലമുറയ്ക്ക് അഭിമാനത്തോടെ കൈ കോർക്കാം. കാരണം ഈ മനുഷ്യൻ കാലത്തിന്റെ മുഖം കൂടിയാണ്. വളരാൻ , ചിന്തിക്കാൻ, പ്രവർത്തിക്കാൻ ഈ പ്രായത്തിലും ഒപ്പം കൂടാൻ സദാ സന്നദ്ധനായ ഹൃദയ ശുദ്ധിയുള്ള ഒരാൾ... ഇനിയും നമുക്കൊപ്പം പ്രിയപ്പെട്ട ബോബിച്ചായൻ ഈ ചുറുചുറുക്കോടെ കാലങ്ങളോളം സഞ്ചരിക്കാൻ സർവേശ്വരൻ ആയുസും ആരോഗ്യവും നൽകട്ടെ എന്ന് ഹൃദയശുദ്ധിയോടെ പ്രാർത്ഥിക്കുന്നു...

കേരളാ എക്സ്പ്രസിന്റെ തുടക്കം മുതൽ ഒപ്പമുള്ള പ്രിയപ്പെട്ട സുഹൃത്തിന് ഹൃദയം നിറഞ്ഞ പിറന്നാൾ നന്മകൾ....

# വയനാട്ടിൽ അഞ്ച് ഇടങ്ങൾ ടൗൺഷിപ്പിന് ഉചിതം

തിരുവനന്തപുരം: വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ എല്ലാം നഷ്ടമായവരെ പുനരധിവസിപ്പിക്കുന്നതിനായി സർക്കാർ നിർമിക്കാൻ ഉദ്ദേശിക്കുന്ന ടൗൺഷിപ്പുകൾ അഞ്ച് സ്ഥലങ്ങളിൽ ആകാമെന്ന് വിദഗ്ധ സമിതി റിപ്പോർട്ട്.

ടൗൺഷിപ്പ് നിർമാണത്തിന് സർക്കാർ ചൂണ്ടിക്കാട്ടിയ 24 സ്ഥലങ്ങളിൽ അഞ്ചിടങ്ങളാണ് വീടു നിർമാണത്തിന് ഉചിതമെന്നു വ്യക്തമാക്കി ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിലെ മുതിർന്ന ശാസ്ത്രജ്ഞൻ ഡോ. ജോൺ മത്തായിയുടെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘം സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചത്.

ദുരന്ത സാധ്യതയില്ലെന്നും വീടു നിർമാണത്തിന് ഉചിതമെന്നും ചൂണ്ടിക്കാട്ടിയ അഞ്ചു സ്ഥലങ്ങളും വയനാട് വൈത്തിരി താലൂക്കിലെ മേപ്പാടിക്കു സമീപമുള്ള പ്രദേശങ്ങളാണ്. ഇതിൽ ഏതു സ്ഥലം ടൗൺഷിപ്പിനായി തെരഞ്ഞെടുക്കണമെന്ന കാര്യത്തിൽ സർക്കാരാകും അന്തിമ തീരുമാനം എടുക്കുക.

ഉരുൾപൊട്ടൽ ദുരന്തം തകർത്തെറിഞ്ഞ ചൂരൽമലയിലെ ചില പ്രദേശങ്ങൾ വീടു നിർമാണത്തിന് ഉചിതമാകുമെന്നും കണ്ടെത്തിയിട്ടുണ്ട്.

ഇനി ഇവിടേയ്ക്കു മടങ്ങിയെത്താൻ കഴിയുമോ എന്ന ജനങ്ങളുടെ മാനസികാവസ്ഥ കൂടി പരിഗണിച്ചാകും ചൂരൽമലയിലെ പുനരധിവാസ കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.

# ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ പൂർണരൂപം സമർപ്പിക്കണമെന്ന് ഹൈക്കോടതി

കൊച്ചി: ഹേമ കമ്മിറ്റി റിപ്പോർട്ടിൽ നിർണായക ഇടപെടലുമായി ഹൈക്കോടതി. റിപ്പോർട്ടിന്റെ പൂർണരൂപം മുദ്രവെച്ച കവറിൽ സമർപ്പിക്കണമെന്നു സർക്കാരിനോട് കോടതി നിർദേശിച്ചു. റിപ്പോർട്ടിന്മേൽ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്നു വ്യക്തമാക്കി സത്യവാങ്മൂലം സമർപ്പിക്കണമെന്നും ആക്ടിംഗ് ചീഫ് ജസ്റ്റിസ് എ. മുഹമ്മദ് മുഷ്താഖ്, ജസ്റ്റിസ് എസ്. മനു എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് നിർദേശിച്ചു. ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരോപണവിധേയരായവർക്കെതിരെ കേസെടുക്കണമെന്നാവശ്യപ്പെട്ടു പൊതുപ്രവർത്തകനായ പായിച്ചിറ നവാസ് നൽകിയ പൊതുതാത്പര്യ ഹർജിയാണ് കോടതി പരിഗണിച്ചത്.

കുറ്റകൃത്യം നടന്നുവെന്നു വെളിപ്പെടുകയും ബോധ്യപ്പെടുകയും ചെയ്താൽ ബാധകമായ ചില വ്യവസ്ഥകൾ ഉണ്ടല്ലോയെന്നു കോടതി സർക്കാരിനോടു ചോദിച്ചു. അത് പോക്സോ കേസിലേ ബാധകമാകൂ എന്ന് അഡ്വക്കറ്റ് ജനറൽ വിശദീകരിച്ചു. ഇത്തരത്തിൽ ഒരു പഠനറിപ്പോർട്ട് ലഭിച്ചാൽ ഏതുവിധത്തിലുള്ള തുടർനടപടികളാണു സ്വീകരിക്കാനാകുകയെന്നായിരുന്നു കോടതിയുടെ തുടർ ചോദ്യം.

സിനിമയിലെ വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ചു റിപ്പോർട്ട് നൽകാനാണ് ഹേമ കമ്മിറ്റിയെ നിയോഗിച്ചതെന്നായിരുന്നു സർക്കാരിന്റെ വിശദീകരണം. മൊഴി നൽകിയവർക്ക് ആരോപണങ്ങൾ നേരിട്ട് ഉന്നയിക്കാൻ താത്പര്യമുണ്ടോയെന്നും മൊഴി നൽകിയവരുടെ പേരുകൾ റിപ്പോർട്ടിൽ ഉണ്ടോയെന്നും കോടതി സർക്കാരിനോട് ആരാഞ്ഞു. ഇത് അതീവ രഹസ്യ സ്വഭാവത്തിലുള്ളതാണെന്നായിരുന്നു സർക്കാർ മറുപടി.

മൊഴി നൽകിയവരെക്കുറിച്ചുള്ള വിവരങ്ങൾ രഹസ്യമായി സൂക്ഷിച്ചും തുടർനടപടികൾ സാധ്യമാകുമല്ലോയെന്നു ചൂണ്ടിക്കാട്ടിയ കോടതി, റിപ്പോർട്ട് കണ്ടിട്ട് ഇക്കാര്യത്തിൽ തീരുമാനമെടുക്കാമെന്നും വ്യക്തമാക്കി. ഹർജി ഫയലിൽ സ്വീകരിച്ച കോടതി വനിതാ കമ്മീഷനെയും സ്വമേധയാ കക്ഷിചേർത്തു.

ഹേമ കമ്മീഷൻ സമർപ്പിച്ച സമ്പൂർണ റിപ്പോർട്ടും സാക്ഷിമൊഴികളും വീഡിയോ, ഓഡിയോ, ഡിജിറ്റൽ തെളിവുകളുമടക്കം രേഖകൾ വിളിച്ചുവരുത്തി പരിശോധിക്കണമെന്നും എഡിറ്റ് ചെയ്യാത്ത റിപ്പോർട്ടിൽ ഉണ്ടെന്നു പറയുന്ന ലൈംഗികപീഡന സംഭവങ്ങളിൽ കേസെടുത്ത് അന്വേഷണം നടത്താൻ സംസ്ഥാന പോലീസ് മേധാവിക്കു നിർദേശം നൽകണമെന്നുമാവശ്യപ്പെട്ടാണ് ഹർജിക്കാരൻ കോടതിയെ സമീപിച്ചത്. ഹർജി അടുത്ത മാസം പത്തിന് വീണ്ടും പരിഗണിക്കും.

# ഭർത്താവ് വിരമിക്കുന്ന ചീഫ് സെക്രട്ടറി പദവിയിലേക്ക് ഭാര്യ



ഡോ. വി. വേണുവും ശാരദ മുരളീധരനും

തിരുവനന്തപുരം: കവടിയാർ ജവാഹർ നഗറിൽ ചീഫ് സെക്രട്ടറിയുടെ ഔദ്യോഗികവസതിയായ 'സുമാനുഷ' ത്തിൽ ഈ മാസം 31-നു ഡോ. വി. വേണുവിനെ ഇറക്കുന്ന കാറിലേക്കു പിറ്റേന്നു രാവിലെ ഭാര്യ ശാരദ മുരളീധരൻ കയറിയിരിക്കും. ഭർത്താവ് ചീഫ് സെക്രട്ടറിയായി വിരമിക്കുമ്പോൾ പിൻഗാമിയാകുന്നതു ഭാര്യ!

സീനിയോറിറ്റിയിൽ വേണുവിനു തൊട്ടുപിന്നിലുള്ള മനോജ് ജോഷി കേന്ദ്ര ഡപ്യൂട്ടേഷൻ വിട്ടു തിരിച്ചെത്തില്ലെന്നു വ്യക്തമാക്കിയതോടെയാണു തൊട്ടുതാഴെയുള്ള ശാരദയെ ചീഫ് സെക്രട്ടറിയായി നിയമിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചത്. നിയമന ഉത്തരവ് പിന്നാലെയിറങ്ങി; ഒപ്പുവെച്ചിരിക്കുന്നതു ചീഫ് സെക്രട്ടറിയെന്ന നിലയിൽ വേണുവാണ്. ഇരുവരും 1990 ബാച്ച് ഐഎഎസുകാരാണ്.

കേരളത്തിൽ ചീഫ് സെക്രട്ടറിയാകുന്ന അഞ്ചാമത്തെ വനിതയാണു ശാരദ മുരളീധരൻ. ഇപ്പോൾ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി. 2025 ഏപ്രിൽ വരെ ചീഫ് സെക്രട്ടറിയായി തുടരാം.

മുൻപ് വി. രാമചന്ദ്രൻ-പത്മ രാമചന്ദ്രൻ, ബാബു ജേക്കബ്-ലിസി ജേക്കബ് ദമ്പതികൾ ചീഫ് സെക്രട്ടറി സ്ഥാനത്തെത്തിയിട്ടുണ്ടെങ്കിലും അതു തുടർച്ചയായിട്ടായിരുന്നില്ല.

ഒന്നരവർഷം മുൻപു റോഡപകടത്തിൽ മരണത്തെ മുഖാമുഖം കണ്ട ശേഷമുള്ള തിരിച്ചുവരവിൽനിന്നാണു ശാരദ മുരളീധരൻ കേരളത്തിന്റെ 49-ാം ചീഫ് സെക്രട്ടറിയാകുന്നത്.

വി. വേണു ചീഫ് സെക്രട്ടറിയാകുന്നതിനു തൊട്ടുമുൻപുണ്ടായ ആ അപകടത്തിൽ അദ്ദേഹത്തിനും പരുക്കേറ്റിരുന്നു.

# ജോർജ് കുര്യൻ മധ്യപ്രദേശിൽനിന്നു രാജ്യസഭയിലേക്ക്



ന്യൂഡൽഹി: കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ മധ്യപ്രദേശിൽനിന്നു രാജ്യസഭയിലേക്കു മത്സരിക്കും. ലോക്സഭാംഗമായതിനെത്തുടർന്ന് ജ്യോതിരാദിത്യ സിന്ധ്യ ഒഴിഞ്ഞ സീറ്റിലാണു ജോർജ് കുര്യൻ മത്സരിക്കുക. ഇതടക്കം 12 രാജ്യസഭാ സീറ്റുകളിലേക്ക് സെപ്റ്റംബർ മൂന്നിനു തെരഞ്ഞെടുപ്പ് നടക്കും. മധ്യപ്രദേശ് നിയമസഭയിൽ ബിജെപിക്ക് വൻ ഭൂരിപക്ഷമുള്ളതിനാൽ ജോർജ് കുര്യന്റെ വിജയം ഉറപ്പാണ്. 230 അംഗ നിയമസഭയിൽ ബിജെപിക്ക് 163 എംഎൽഎമാരുണ്ട്. കേന്ദ്രമന്ത്രി രവ്നീത് സിംഗ് ബിട്ടു രാജസ്ഥാനിൽനിന്നു രാജ്യസഭയിലേക്കു ബിജെപി സ്ഥാനാർത്ഥിയായി മത്സരിക്കും. എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ രാജ്യസഭാംഗത്വം ഒഴിഞ്ഞതിനെത്തുടർന്നാണു രാജസ്ഥാനിൽ ഉപതെരഞ്ഞെടുപ്പ്. നിയമസഭയിലെ അംഗബലമനുസരിച്ച് ഈ സീറ്റ് ബിജെപിക്ക് വിജയിക്കാനാകും. കോൺഗ്രസിൽനിന്നു രാജിവെച്ച രവ്നീത്സിംഗ് ബിട്ടു ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപി ടിക്കറ്റിൽ മത്സരിച്ചെങ്കിലും പരാജയപ്പെട്ടിരുന്നു. ഹരിയാനയിൽ മുൻ കോൺഗ്രസ് നേതാവ് കിരൺ ചൗധരിയാണ് ബിജെപി സ്ഥാനാർഥി. ആഗസ്റ്റ് 21-ന് കിരൺ എംഎൽഎ സ്ഥാനം രാജിവെച്ചു. മമത മൊഹന്ത (ഒഡീഷ) മനൻകുമാർ മിശ്ര (ബിഹാർ), ധൈര്യശീൽ പാട്ടീൽ (മഹാരാഷ്ട്ര), രാജീവ് ഭട്ടാചാര്യ (ത്രിപുര), മിഷൻ രഞ്ജൻ ദാസ്, രാമേശ്വർ തേലി (ഇരുവരും ആസാം) എന്നീ സ്ഥാനാർത്ഥികളെയും ബിജെപി പ്രഖ്യാപിച്ചു.






# വയനാട് ദുരന്തം: 900 കോടിയുടെ ആദ്യഘട്ട കേന്ദ്രസഹായം വേണം

തിരുവനന്തപുരം: ഉരുൾപൊട്ടൽ ദുരന്തത്തിൽ അടിയന്തര സഹായം ആവശ്യപ്പെട്ട് കേരളത്തിന്റെ ആദ്യനിവേദനം കേന്ദ്രത്തിന് കൈമാറി. കേന്ദ്ര മാനദണ്ഡപ്രകാരം ആദ്യഘട്ട സഹായമായി 900 കോടി രൂപ അനുവദിക്കണമെന്നാണ് ആവശ്യം. മരിച്ചവരുടെ ആശ്രിതർക്കുള്ള സഹായം, ദുരന്തബാധിതരുടെ ജീവനോപാധി, അടിയന്തരമായി ഒരുക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയ്ക്കായാണ് ആദ്യഘട്ടസഹായം തേടിയത്. കേന്ദ്രം റിപ്പോർട്ട് ആവശ്യപ്പെട്ടതല്ലാതെ വയനാടിനായി പ്രത്യേക സാമ്പത്തിക സഹായം ഇതുവരെ നൽകിയിട്ടില്ല.

രണ്ടാംഘട്ടമായി കൃഷി, വ്യവസായം, ജീവനോപാധി തുടങ്ങി എല്ലാ മേഖലയിലും ഉണ്ടായ നഷ്ടം കണക്കാക്കി നിവേദനം പുതുക്കി നൽകും. ടൗൺഷിപ്പടക്കം ദീർഘകാല പുനരധിവാസ പ്രവർത്തനങ്ങൾക്കുള്ള സഹായമാണ് രണ്ടാംഘട്ടത്തിൽ ആവശ്യപ്പെടുക. കേന്ദ്രസർക്കാർ ആവശ്യപ്പെട്ടതനുസരിച്ചാണ് അടിയന്തര സഹായത്തിനുള്ള പ്രാഥമികനിവേദനം കൈമാറിയത്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംഘം തയ്യാറാക്കിയ റിപ്പോർട്ട് വിദഗ്ധ സമിതിയും ദുരന്തമേഖലയിൽ തങ്ങുന്ന മന്ത്രിസഭാ ഉപസമിതിയും പരിശോധിച്ചിരുന്നു. മുഖ്യമന്ത്രിയുടെ നിർദേശാനുസരണം തയ്യാറാക്കിയ നിവേദനമാണ് കേന്ദ്രത്തിനു നൽകിയത്.



ഉരുൾപൊട്ടലിൽ 1200 മുതൽ 2000 കോടിയുടെ വരെ നഷ്ടം ഉണ്ടായതായാണ് സർക്കാർ വിലയിരുത്തൽ. ഇക്കാര്യം ഇനം തിരിച്ച് ചൂണ്ടിക്കാട്ടിയാകും നിവേദനം പുതുക്കുക. ദുരന്തം അനുഭവിക്കുന്നവരുടെ പുനരധിവാസത്തിന് ടൗൺഷിപ്പ് അടക്കം പ്രത്യേക പാക്കേജ് വേണമെന്നാണ് കേരളത്തിന്റെ ആവശ്യം. ദുരന്തനിവാരണ നിധിയിൽനിന്ന് അധികസഹായവും ആവശ്യപ്പെടും. ഉരുൾപൊട്ടലിൽ 1555 വീടുകൾ പൂർണമായും 452 വീടുകൾ ഭാഗികമായും തകർന്നതായാണ് സർക്കാർ കണക്ക്. 350 ഹെക്ടർ പ്രദേശത്തെ കൃഷി നശിച്ചു. ആറ് ഹെക്ടറിലധികം വനഭൂമിയും നഷ്ടമായി.

പുനരധിവാസത്തിന് ടൗൺഷിപ്പ് നിർമിക്കാനാണ് സർക്കാർ മുൻഗണന നൽകുന്നത്. ഇതിനായി 600 കോടിയെങ്കിലും വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. ദുരന്തബാധിതരുടെയും പ്രദേശത്തെ ജനപ്രതിനിധികളുടെയും വിദഗ്ധരുടെയും അഭിപ്രായവും കണക്കിലെടുത്താകും തുടർ നടപടികൾ. ടൗൺഷിപ്പിന് സർക്കാർ ചൂണ്ടിക്കാട്ടിയ 24 സ്ഥലങ്ങളിൽ അഞ്ചെണ്ണം വീട് നിർമാണത്തിന് യോഗ്യമാണെന്ന് വിദഗ്ധസംഘം സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഉരുൾപൊട്ടലോടെ പുഴയുടെ വീതി ചിലയിടങ്ങളിൽ 200 മുതൽ 300 മീറ്റർ വരെയായി. ഈ സാഹചര്യത്തിൽ അത്തരം സ്ഥലങ്ങൾ ഒഴിവാക്കിവേണം പുനരധിവാസമെന്ന് വിദഗ്ധസംഘം ചൂണ്ടിക്കാട്ടിയിരുന്നു. ദുരന്തം നേരിട്ട പുഞ്ചിരിമട്ടം മേഖലയിൽ ഏകദേശം 80 ശതമാനം പ്രദേശങ്ങളും സുരക്ഷിതമല്ലെന്നാണ് വിലയിരുത്തൽ.

# ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ വജ്രം ബോട്സ്വാനയിൽ

ഗബ്രോൺ: ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ വജ്രം ബോട്സ്വാനയിലെ ഖനിയിൽ കണ്ടെത്തി. കനേഡിയൻ കമ്പനിയായ ലുകാറ ഡയമണ്ടിന് ലഭിച്ചത് 2.492 കാരറ്റ് വജ്രം. 1905–ൽ ദക്ഷിണാഫ്രിക്കയിൽ നിന്നും കണ്ടെത്തിയ 3,106 കള്ളിനൻ വജ്രത്തിന്റെ പേരിലാണ് റെക്കോർഡ്.

ബോട്സ്വാനയുടെ തലസ്ഥാനമായ ഗബ്രോണിൽ നിന്ന് 500 കിലോമീറ്റർ അകലെയുള്ള കരോവ് ഖനിയിൽ നിന്നാണ് വജ്രം ലഭിച്ചത്. രാജ്യത്ത് ഇതുവരെ കണ്ടെത്തിയതിൽ വെച്ച് ഏറ്റവും വലിയ വജ്രമാണിതെന്ന് ബോട്സ്വാന സർക്കാർ അറിയിച്ചു. 2019–ൽ ഇതേ ഖനിയിൽ നിന്ന് 1,758 കാരറ്റ് വജ്രം കണ്ടെത്തിയിരുന്നു..

ലോകത്തിലെ ഏറ്റവും വലിയ വജ്ര ഉല്പാദകരിൽ ഒന്നാണ് ബോട്സ്വാന. ആഗോള ഉല്പാദനത്തിന്റെ 20 ശതമാനം ആ രാജ്യത്തുനിന്നാണ്. ഇതുവരെ കണ്ടെത്തിയതിൽ വെച്ച് ഏറ്റവും വലിയ പരുക്കൻ വജ്രങ്ങളിലൊന്നാണ് ഇതെന്നു ലുകാറ ഡയമണ്ട് മേധാവി വില്യം ലാംമ്പ് അറിയിച്ചു. കമ്പനിയുടെ മെഗാ ഡയമണ്ട് റിക്കവറി എക്സ്റേ സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് വജ്രം കണ്ടെത്തിയത്.

# വ്യാജ മതപരിവർത്തന കേസ് യുപി കോടതി റദ്ദാക്കി

ലക്നൗ: ഗ്രാമവാസികളെ ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം നടത്തിയെന്നാരോപിച്ച് രണ്ടുപേരുടെ മേൽ ചുമത്തിയ കേസുകൾ ഉത്തർപ്രദേശിലെ ബറെയ്‌ലി കോടതി അസാധുവാക്കി.

അഭിഷേക് ഗുപ്ത, കുന്ദൻ ലാൽ കോറി എന്നിവർക്കെതിരായ നടപടികളാണ് ബറെയ്‌ലി അഡീഷണൽ സെഷൻസ് ജഡ്ജി ജ്ഞാനേന്ദ്ര ത്രിപാഠി അസാധുവാക്കിയത്. ഹിന്ദു ജാഗരൺ മഞ്ച് യുവ വാഹിനിയുടെ പ്രവർത്തകനെന്ന് സോഷ്യൽ മീഡിയയിൽ സ്വയം വിശേഷിപ്പിക്കുന്ന ഹിമാൻഷു പട്ടേലിന്റെ പരാതിപ്രകാരമായിരുന്നു പോലീസ് കേസെടുത്തത്.

സ്വയംപ്രഖ്യാപിത ഗോരക്ഷാ പ്രവർത്തകന്റെ അടിസ്ഥാനരഹിതമായ പരാതിയുടെ അടിസ്ഥാനത്തിൽ ഇരുവരെയും പ്രതിചേർത്തതിന് അന്നത്തെ സ്റ്റേഷൻ ഹൗസ് ഓഫീസർക്കും രണ്ട് അന്വേഷണ ഉദ്യോഗസ്ഥർക്കും, കെട്ടിച്ചമച്ച പരാതിയുടെ അടിസ്ഥാനത്തിൽ ബാഹ്യ സമ്മർദങ്ങളെത്തുടർന്നു എഫ്ഐആറിന് അനുമതി നൽകിയ സർക്കിൾ ഓഫീസർക്കും (ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്) എതിരേ യുക്തമായ നിയമനടപടികൾ സ്വീകരിക്കാൻ കോടതി ജില്ലാ സീനിയർ പോലീസ് സൂപ്രണ്ടിന് കോടതി നിർദേശം നൽകുകയും ചെയ്തു.

ബാഹ്യസമ്മർദത്തെത്തുടർന്നാണ് ഇരുവർക്കുമെതിരെ പോലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്തതെന്നും ഇതിലൂടെ പ്രശസ്തി നേടാൻ പരാതിക്കാരൻ ആഗ്രഹിച്ചിരുന്നുവെന്നും 27 പേജുള്ള വിധിന്യായത്തിൽ ജഡ്ജി ചൂണ്ടിക്കാട്ടി.

ഖൊരക്പുർ സ്വദേശിയും ബറെയ്‌ലിയിലെ റൊഹിൽഖണ്ഡ് മെഡിക്കൽ കോളജിൽ സിടി സ്കാൻ ടെക്നീഷനുമായ അഭിഷേക് ഗുപ്തയും തിരിച്ചറിയാത്ത എട്ടുപേരും ചേർന്ന് ബിച്ചപുർ ഗ്രാമത്തിൽ മതപരിവർത്തനം നടത്തിയെന്നും 2022 മേയ് 29–ന് മമത എന്നയാളുടെ വീട്ടിൽ ഗുപ്തയുടെ നേതൃത്വത്തിൽ പ്രാർഥനായോഗം നടത്തിയെന്നും വാഗ്ദാനങ്ങൾ നൽകി പ്രലോഭിപ്പിച്ച് 40 പേരെ അവിടെ വെച്ച് മതപരിവർത്തനം നടത്തിയെന്നുമായിരുന്നു പട്ടേലിന്റെ പരാതിയിൽ പറഞ്ഞിരുന്നത്.

2022 മേയ് 29–ന് സംഭവം നടന്നതായാണ് ആരോപണമെങ്കിലും ഗുപ്തയ്ക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്തത് ഒരു ദിവസം കഴിഞ്ഞാണ്. ഈ കാലതാമസം പോലീസ് വേണ്ടപോലെ പരിശോധിച്ചില്ല. ഇതു സംശയാസ്പദമാണ്. ഗുപ്തയെ അറസ്റ്റ് ചെയ്തതും അദ്ദേഹത്തിൽനിന്ന് ബൈബിൾ കണ്ടെത്തിയെന്നതും പൂർണമായും സംശയാസ്പദമാണ്. ഇത്തരത്തിലുള്ള കേസുകൾ പരിഷ്കൃതസമൂഹത്തെ സംബന്ധിച്ചിടത്തോളം ആശങ്കാജനകമാണെന്നും കോടതി ചൂണ്ടിക്കാട്ടി.

# 156 മരുന്നുകൾ നിരോധിച്ചു

ന്യൂഡൽഹി: രാജ്യത്ത് വിറ്റിരുന്ന 156 മരുന്നുകൾക്ക് വിലക്ക് ഏർപ്പെടുത്തി കേന്ദ്രസർക്കാർ. പനി, ജലദോഷം, അലർജി, വേദന എന്നിവയ്ക്ക് ഉപയോഗിക്കുന്ന ആന്റിബാക്ടീരിയൽ മരുന്നുകൾ ഉൾപ്പെടെ ഫിക്സഡ് ഡോസ് കോമ്പിനേഷൻ (എഫ്ഡിസി) മരുന്നുകൾക്കാണ് നിരോധനം. മുടിവളർച്ചയ്ക്കും ചർമസംരക്ഷണത്തിനും ഉപയോഗിക്കുന്ന മരുന്നുകളും ഇക്കൂട്ടത്തിലുണ്ട്.

മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി കേന്ദ്രസർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ നിർദേശപ്രകാരമാണ് വിലക്ക്. ഇത്തരം മരുന്നുകൾ അപകടസാദ്ധ്യത ഉള്ളതാണെന്നും ഇവയ്ക്കു പകരം സുരക്ഷിതമായ ബദൽ മരുന്നുകൾ വിപണിയിൽ ലഭ്യമാണെന്നും സമിതി സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്.

വേദനസംഹാരിയായി ഉപയോഗിക്കുന്ന അസെക്ലോഫെനാക് 50 എംജി, പാരസെറ്റാമോൾ 124 എംജി എന്നീ കോമ്പിനേഷൻ മരുന്നുകളും നിരോധിച്ചവയിൽ ഉൾപ്പെടും. മെഫെനാമിക് ആസിഡ് പാരസെറ്റാമോൾ ഇൻജക്ഷൻ, സെറ്റിറൈസിൻ എച്ച്സിഎൽ പാരസെറ്റാമോൾ ഫെനൈലെഫ്രിൻ എച്ച്സിഎൽ, ലെവോസെറ്റിറൈസിൻ ഫെനൈലെഫ്രിൻ എച്ച്സിഎൽ പാരസെറ്റാമോൾ, പാരസെറ്റാമോൾ ക്ലോർഫെനിറാമൈൻ മലേറ്റ് ഫിനൈൽ പ്രൊപനോലമൈൻ, കാമിലോഫിൻ ഡൈഹൈഡ്രോക്ലോറൈഡ് 25 മില്ലിഗ്രാം, പാരസെറ്റാമോൾ 30 തുടങ്ങിയവ നിരോധിച്ച പട്ടികയിലുണ്ട്.



# വയനാട് ദുരന്തം: വായ്പക്കുടിശ്ശിക ഈടാക്കരുത് – ഹൈക്കോടതി

കൊച്ചി: വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന് ഇരയായവരുടെ വായ്പക്കുടിശ്ശിക സഹായധനത്തിൽനിന്ന് ഈടാക്കാനാകില്ലെന്ന് ഹൈക്കോടതി. ഇക്കാര്യത്തിൽ സഹകരണ ബാങ്കുകളടക്കമുള്ളവയ്ക്ക് നിർദേശം നൽകാൻ സർക്കാരിനോട് ആവശ്യപ്പെട്ടു.

ദുരന്തബാധിതർക്ക് സർക്കാർ നൽകുന്ന സാഹായത്തിൽ നിന്ന് ബാങ്കുകൾക്ക് വായ്പക്കുടിശ്ശിക ഈടാക്കാനാകില്ല. അത് ട്രസ്റ്റ് നൽകുന്നതുപോലുള്ള സഹായമാണ്. ഇത്തരം സാഹചര്യങ്ങളിൽ സഹാനുഭൂതിയോടുള്ള നിലപാട് സ്വീകരിക്കാൻ ബാങ്കുകൾക്ക് ഭരണഘടനാപരമായ ചുമതലയുണ്ടെന്നും ജസ്റ്റിസ് എ.കെ. ജയശങ്കർ നമ്പ്യാരും ജസ്റ്റിസ് വി.എം.ശ്യാംകുമാറും അടങ്ങിയ ഡിവിഷൻ ബെഞ്ച് അഭിപ്രായപ്പെട്ടു. ദുരന്തബാധിതർക്ക് അനുവദിച്ച സഹായധനത്തിൽ നിന്ന് വായ്പകുടിശ്ശിക ഈടാക്കിയ സംഭവം ഉണ്ടായോയെന്ന് അറിയിക്കാനും കോടതി നിർദ്ദേശിച്ചു. സഹായധനത്തിൽ നിന്ന് ബാങ്കുകൾ ഇ.എം.ഐ. ഈടാക്കിയെന്ന മാധ്യമവാർത്തകളടക്കം കണക്കിലെടുത്താണ് വിഷയത്തിൽ കോടതി പ്രതികരിച്ചത്.

ഇത്തരം ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ മനുഷ്യത്വപൂർണമായ സമീപനമാണ് ഉണ്ടാകേണ്ടത്. ആദ്യത്തെ അഞ്ചുദിവസം എല്ലാവരും കരയും. അതിനുശേഷം കാര്യങ്ങൾ മാറുകയാണ് ഉണ്ടാകുകയെന്നും കോടതി പറഞ്ഞു.

വയനാട് ദുരന്തത്തെത്തുടർന്ന് സ്വമേധയായെടുത്ത കേസാണ് കോടതി പരിഗണിച്ചത്. സർക്കാരും അമിക്കസ് ക്യൂറിയായ സീനിയർ അഭിഭാഷകൻ രഞ്ജിത് തമ്പാനും റിപ്പോർട്ടുകൾ ഫയൽചെയ്തു. ദുരന്തനിവാരണ അതോറിറ്റിയിൽ വിദഗ്ധരുടെ എണ്ണം വർധിപ്പിക്കുന്നതിലെ തീരുമാനം, വിദഗ്ധർ അടങ്ങിയ ഉപദേശകസമിതി രൂപവത്കരിച്ചിട്ടുണ്ടോ, ദുരന്തനിവാരണത്തിന് തയ്യാറാക്കിയ പ്ലാൻ, ഇതിനായി അനുവദിച്ച ഫണ്ട് എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കാൻ കോടതി നിർദേശിച്ചു.

വിഷയത്തിൽ തിരുവനന്തപുരം സ്വദേശി സാബു സ്റ്റീഫന്റെ ഹർജി ഫയലിൽ സ്വീകരിച്ചു. മറ്റുള്ള ഹർജികൾ അനുവദിക്കില്ലെന്നും വിഷയം അമിക്കസ് ക്യൂറിയെ അറിയിക്കാമെന്നും കോടതി വ്യക്തമാക്കി. കോഴിക്കോട് ജില്ലയിലെ ചില മേഖലയിൽ അപകടസാധ്യതയുണ്ടെന്ന മാധ്യമവാർത്തയിലും കോടതി വിവരങ്ങൾ ആരാഞ്ഞു. വിഷയം സെപ്റ്റംബർ ആറിന് വീണ്ടും പരിഗണിക്കും.

## അക്രമി മരിച്ചാൽ കൊലക്കുറ്റം ചുമത്താനാവില്ല

ചെന്നൈ: ലൈംഗികാതിക്രമം ചെറുക്കുന്നതിനിടെ അക്രമി മരിച്ചാൽ കൊലക്കുറ്റം ചുമത്താനാവില്ലെന്ന് മദ്രാസ് ഹൈക്കോടതി. 21 വയസ്സുള്ള മകളെ മദ്യലഹരിയിൽ ലൈംഗികമായി പീഡിപ്പിക്കാൻ ശ്രമിച്ച ഭർത്താവിനെ കൊന്ന സ്ത്രീയുടെ പേരിൽ ചുമത്തിയ കൊലക്കേസ് റദ്ദാക്കിക്കൊണ്ടാണ് ജസ്റ്റിസ് ജി. ജയചന്ദ്രൻ ഇക്കാര്യം വ്യക്തമാക്കിയത്.

ഇത്തരം സംഭവങ്ങളിൽ കൊലക്കുറ്റം സമ്മതിച്ചാൽ പോലും ശിക്ഷയിൽനിന്ന് ഒഴിവാക്കാമെന്നും കോടതി പറഞ്ഞു. ലൈംഗികാതിക്രമത്തിന് ഇരയാകുന്നവർക്ക് മാത്രമല്ല, അവരെ രക്ഷിക്കാൻ ശ്രമിക്കുന്ന ഏതൊരു വ്യക്തിക്കും പ്രതിരോധിക്കാനുള്ള അവകാശമുണ്ട്. അതിനിടയിൽ അക്രമി മരിച്ചാൽപോലും കൃത്യം ചെയ്ത യാളുടെ പേരിൽ കൊലക്കുറ്റം ചുമത്താനാവില്ല: കോടതി നിരീക്ഷിച്ചു. മകളുടെ മാനം രക്ഷിക്കാൻ വേണ്ടി അമ്മയ്ക്ക് കുറ്റകൃത്യം നടത്തേണ്ടിവന്നതാണെന്നും സ്ത്രീക്കെതിരെ നിലനിൽക്കുന്ന കൊലപാതകക്കേസ് റദ്ദാക്കണമെന്നും കോടതി ഉത്തരവിട്ടു.

## സുനിതയുടെ മടക്കം ഫെബ്രുവരിയിൽ

ഹൂസ്റ്റൺ: അന്താരാഷ്ട്ര ബഹിരാകാശ സ്റ്റേഷനിൽ കുടുങ്ങിയ ബുച്ച് വിൽമറും ഇന്ത്യൻ വംശജ സുനിത വില്യംസും ഭൂമിയിൽ മടങ്ങിയെത്താൻ അടുത്തവർഷം ഫെബ്രുവരി വരെ കാത്തിരിക്കണം. ബോയിംഗിന്റെ സ്റ്റാർലൈനർ പേടകത്തിൽ പോയ ഇരുവരെയും സ്പേസ് എക്സിന്റെ ഡ്രാഗൺ പേടകത്തിലായിരിക്കും മടക്കിയെത്തിക്കുകയെന്ന് യുഎസ് ബഹിരാകാശ ഏജൻസിയായ നാസയുടെ മേധാവി ബിൽ നെൽസൺ അറിയിച്ചു.



ബോയിംഗ് കമ്പനി വികസിപ്പിച്ച സ്റ്റാർലൈനർ പേടകത്തിൽ മനുഷ്യനെ കയറ്റിയ ആദ്യ യാത്രയിലാണ് സുനിതയും വിൽമറും ജൂൺ അഞ്ചിനു ബഹിരാകാശ സ്റ്റേഷനിലെത്തിയത്. എട്ടു ദിവസത്തെ ദൗത്യമാണ് ഉദ്ദേശിച്ചതെങ്കിലും സ്റ്റാർലൈനർ പേടകത്തിനു തകരാറുണ്ടായതോടെ ഇരുവരും സ്റ്റേഷനിൽ കുടുങ്ങുകയായിരുന്നു. ബോയിംഗും നാസയും മാസങ്ങൾ പരിശ്രമിച്ചിട്ടും തകരാർ പരിഹരിക്കാനായിട്ടില്ല. ആളില്ലാതെ പേടകത്തെ ഭൂമിയിൽ തിരിച്ചെത്തിക്കാനാണു തീരുമാനം. സുനിതയെയും വിൽമറിനെയും സ്പേസ് എക്സ് കമ്പനിയുടെ പേടകത്തിൽ ഫെബ്രുവരിയിലും മടക്കിയെത്തിക്കും.

നാസ ബഹിരാകാശ ദൗത്യങ്ങൾക്കായി ബോയിംഗുമായും സ്പേസ് എക്സുമായും കരാറുണ്ടാക്കിയിട്ടുണ്ട്. സ്പേസ് എക്സ് ഒമ്പതു തവണ മനുഷ്യനെ ബഹിരാകാശ സ്റ്റേഷനിലെത്തിച്ചിട്ടുണ്ട്.

## ജേക്കബ് പനയ്ക്കൽ അന്തരിച്ചു




ഫിലാഡൽഫിയ: പ്രശസ്ത സാഹിത്യകാരി നീനാ പനയ്ക്കലിന്റെ ഭർത്താവ് ജേക്കബ് പനയ്ക്കൽ (88) അന്തരിച്ചു. കുട്ടനാട്ടിലെ തലവടി ഗ്രാമത്തിൽ പരേതരായ പി.ജി. ഏബ്രഹാമിന്റെയും മറിയാമ്മ ഏബ്രഹാമിന്റെയും ഏഴു മക്കളിൽ നാലാമത്തെ മകനായിരുന്നു ജേക്കബ് പനയ്ക്കൽ. ജോളി കളത്തിൽ (ഫിലാഡൽഫിയ) സഹോദരിയാണ്. മറ്റ് സഹോദരങ്ങൾ നേരത്തെ മരിച്ചു. മക്കൾ: അബു പനയ്ക്കൽ, ജിജി പനയ്ക്കൽ, സീന ജോർജ്.

കേരള ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ ജോലിയിലിരിക്കെ 1980-ൽ അമേരിക്കയിലേക്ക് കുടിയേറി. സിയേഴ്സ് കമ്പനി, പി.എൻ.സി ബാങ്ക് എന്നീ സ്ഥാപനങ്ങളിൽ കംപ്യൂട്ടർ വിദഗ്ദ്ധനായി ജോലി ചെയ്തു. അമേരിക്കൻ മലയാള സാഹിത്യ നിരൂപണ സദസ്സുകളിൽ പ്രമേയ പാണ്ഡിത്യം കൊണ്ട് ശ്രദ്ധേയമായിരുന്നു ജേക്കബ്. നീന പനയ്ക്കൽ തിരുവനന്തപുരത്ത് വിദ്യുച്ഛക്തി ബോർഡിൽ ജോലിയിലിരിക്കെയാണ് ജേക്കബ് പനയ്ക്കലുമായുള്ള വിവാഹം. എഴുത്തുകാരി എന്നതിനു പുറമെ ഫിലാഡൽഫിയ ചിൽഡ്രൻസ് ഹോസ്പിറ്റലിൽ ഗവേഷണവിഭാഗത്തിലും നീന പ്രവർത്തിക്കുന്നു.

ഓഗസ്റ്റ് 30-ന് വെള്ളിയാഴ്ച വൈകുന്നേരം 5.30 മുതൽ 8 മണി വരെ ഫിലാഡൽഫിയ ബഥേൽ മാർത്തോമ്മാ ചർച്ചിൽ വ്യൂവിങ്, 31-ന് ശനിയാഴ്ച ഫിലാഡൽഫിയ ലാമ്പ് ഫ്യൂണറൽ ഹോമിൽ സംസ്കാര ശുശ്രൂഷയും നടത്തും.

## നായർ അസ്സോസിയേഷൻ ഓണാഘോഷം സെപ്റ്റംബർ 7-ന് ശനിയാഴ്ച




സതീശൻ നായർ

ചിക്കാഗോ: നായർ അസ്സോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോയുടെ ഈ വർഷത്തെ ഓണാഘോഷ പരിപാടികൾ സെപ്റ്റംബർ ഏഴാം തീയതി ശനിയാഴ്ച മൂന്നു മണി മുതൽ ഡെസ്പ്ലെയിൻസിലുള്ള കെ.സി.എസ്. കമ്യൂണിറ്റി സെന്ററിൽ വെച്ച് നടത്തുന്നതാണെന്ന് പ്രസിഡണ്ട് അരവിന്ദ് പിള്ള അറിയിച്ചു.

ഓണപ്പൂക്കളം, തിരുവാതിര, ചെണ്ടമേളം, താലപ്പൊലിയോടു കൂടി മഹാബലി തമ്പുരാനെ എതിരേല്പ്, വിഭവസമൃദ്ധമായ സദ്യ, മറ്റ് വിവിധ നൃത്തനൃത്യങ്ങൾ, കലാപരിപാടികൾ എന്നിവ ഓണാഘോഷത്തോടനുബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്.

ഓണാഘോഷ പരിപാടികളിൽ പങ്കെടുക്കുവാൻ ഏവരെയും സംഘാടകർ സ്വാഗതം ചെയ്യുന്നു. കുടുതൽ വിവരങ്ങൾക്ക്: അരവിന്ദ് പിള്ള 647 769 0519, മഹേഷ് കൃഷ്ണൻ 630 664 7431, രാജഗോപാലൻ നായർ 847 942 8036 എന്നിവരുമായി ബന്ധപ്പെടുക.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445
GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS
- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE
Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!
www.MyDentistToday.com





ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...
THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056
FULL TIME REALTOR



# ഐപിസി സൗത്ത് ഈസ്റ്റ് റീജിയൻ വാർഷിക കൺവൻഷൻ അറ്റ്ലാന്റയിൽ

**നിബു വെള്ളവന്താനം**

ഫ്ളോറിഡ: ഐപിസി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയന്റെ 24-ാമത് വാർഷിക കൺവൻഷൻ ഓഗസ്റ്റ് 30 മുതൽ സെപ്റ്റം. ഒന്നു വരെ (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ അറ്റ്ലാന്റയിൽ വെച്ച് നടത്തപ്പെടും. 30, 31 തീയതികളിൽ വൈകിട്ട് 6 മുതൽ ഗുഡ് സമരിറ്റൻ അലൈൻസ് ചർച്ചിൽ (Good Samaritan Alliance Church, 711 Davis Rd, Lawrenceville, GA 30046) വെച്ച് കൺവൻഷൻ നടക്കും.

അനുഗൃഹീത പ്രസംഗകനും സുപ്രസിദ്ധ ഉണർവ് പ്രഭാഷകനുമായ പാസ്റ്റർ കെ.ജെ. തോമസ് കൺവൻഷനിൽ മുഖ്യപ്രഭാഷണം നടത്തും.

സെപ്റ്റംബർ ഒന്നിന് ഞായറാഴ്ച അറ്റ്ലാന്റാ ഐപിസി സഭയിൽ (Atlanta IPC, 545 Rock Springs Rd, Lawrenceville, GA 30043) രാവിലെ 8.30ന് സംയുക്ത സഭാ ആരാധനയും തിരുവത്താഴ ശുശ്രൂഷയും ഉണ്ടായിരിക്കും. പൊതുയോഗം ദിവസവും വൈകിട്ട് 6.30-ന് ആരംഭിക്കും. പ്രെയ്സ് ആൻഡ് വർഷിപ്പിന് റീജിയൻ ക്വയർ നേതൃത്വം നല്കും.

യുവജനസമ്മേളനം, സഹോദരി സമ്മേളനം തുടങ്ങിയവ ശനിയാഴ്ച 10 മുതൽ 12.30 വരെ ഉണ്ടായിരിക്കും. സിസ്റ്റർ സൂസൻ തോമസ് (ബഹറിൻ) സഹോദരി സമ്മേളനത്തിൽ പ്രസംഗിക്കും.

റീജിയൻ പ്രസിഡണ്ട് പാസ്റ്റർ കെ.സി. ജോൺ കൺവൻഷൻ ഉദ്ഘാടനം നിർവഹിക്കും. ജനറൽ സെക്രട്ടറി പാസ്റ്റർ റോയി വാകത്താനം അദ്ധ്യക്ഷത വഹിക്കും. നിബു വെള്ളവന്താനം സ്വാഗതവും ഏബ്രഹാം തോമസ് നന്ദിയും അർപ്പിക്കും.

ഫ്ളോറിഡ, ജോർജിയ, ടെന്നസ്സി, സൗത്ത് കരോലിന തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുമുള്ള വിശ്വാസികളും ശുശ്രൂഷകന്മാരും കൺവൻഷനിൽ സംബന്ധിക്കും.

റീജിയൻ ഭാരവാഹികളായി പാസ്റ്റർ കെ.സി. ജോൺ (പ്രസിഡണ്ട്), പാസ്റ്റർ എ.സി. ഉമ്മൻ (വൈസ് പ്രസിഡണ്ട്), പാസ്റ്റർ റോയി വാകത്താനം (സെക്രട്ടറി), നിബു വെള്ളവന്താനം (ജോ. സെക്രട്ടറി), ഏബ്രഹാം തോമസ് (ട്രഷറർ), പാസ്റ്റർ ഡോ. ജോയി ഏബ്രഹാം, ജിം ജോൺ മരത്തിനാൽ (ജനറൽ കൗൺസിൽ അംഗങ്ങൾ), രാജു പൊന്നോലിൽ (പബ്ലിസിറ്റി കൺവീനർ) എന്നിവർ പ്രവർത്തിക്കുന്നു.

വിമൻസ് മിനിസ്ട്രി ഫെലോഷിപ്പിന് സഹോദരിമാരായ ബീന മത്തായി (പ്രസിഡണ്ട്), സാലി ഏബ്രഹാം (വൈസ് പ്രസിഡണ്ട്), ബെറ്റ്സി വർഗീസ് (സെക്രട്ടറി), റേച്ചൽ രാജു (ട്രഷറർ) എന്നിവരും യുവജന സമ്മേളനത്തിന് സുവിശേഷകൻ സിബി ഏബ്രഹാം (പ്രസിഡണ്ട്), റിജോ രാജു (സെക്രട്ടറി), ജെയ്സൽ ജേക്കബ് (ട്രഷറർ) തുടങ്ങിയവർ നേതൃത്വം നല്കും.




# സി.എം.എ ഓണാഘോഷം സെപ്റ്റംബർ 7-ന്




ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ഓണാഘോഷങ്ങൾ സെപ്റ്റംബർ ഏഴിന് ബെൽവുഡ് സീറോമലബാർ ഓഡിറ്റോറിയത്തിൽ വെച്ച് വൈകുന്നേരം നാലിന് സദ്യയോടു കൂടി ആരംഭിക്കുന്നതാണ്.


തോമസ് വിൻസെന്റ്


ജോഷി പൂവത്തുങ്കൽ

ഈ വർഷത്തെ ഓണാഘോഷത്തിന്റെ ജനറൽ കോ-ഓർഡിനേറ്ററായി തോമസ് വിൻസെന്റിനെയും കോ-ഓർഡിനേറ്റേഴ്സായി ജോഷി പൂവത്തുങ്കൽ, ജോസ് മണക്കാട്ട്, സിബിൾ ഫിലിപ്പ്, കിഷോർ കണ്ണാല എന്നിവരെയും തെരഞ്ഞെടുത്തു. മലയാളത്തനിമയോടും പ്രൗഢിയോടും കൂടെ വിവിധ പരിപാടികളോടെയാണ് ഈ വർഷത്തെ ഓണാഘോഷങ്ങൾ ഒരുക്കിയിരിക്കുന്നത്.


ജോസ് മണക്കാട്ട്


സിബിൾ ഫിലിപ്പ്


കിഷോർ കണ്ണാല

ഓണസദ്യ, അത്തപ്പൂക്കള മത്സരം, ചെണ്ടമേളം, ഘോഷയാത്ര, വിവിധ കലാപരിപാടികൾ എന്നിവ ഉണ്ടായിരിക്കും. എല്ലാവരെയും ഇതിലേക്ക് ക്ഷണിക്കുന്നതായി പ്രസിഡണ്ട് ജെസ്സി റിൻസി, സെക്രട്ടറി ആൽവിൻ ഷിക്കോർ, ട്രഷറർ മനോജ് അച്ചേട്ട്, വൈസ് പ്രസിഡണ്ട് ഫിലിപ്പ് പുത്തൻപുരയിൽ, ജോ. സെക്രട്ടറി വിവീഷ് ജേക്കബ്, ജോ. ട്രഷറർ സിബിൾ ഫിലിപ്പ് എന്നിവർ അറിയിച്ചു.

# ഐ.പി.സി മിഡ്‌വെസ്റ്റ് റീജിയൻ വാർഷിക കൺവൻഷൻ ഡാളസിൽ

**ഫിന്നി രാജു ഹൂസ്റ്റൺ**

ഡാളസ്: ഐപിസി മിഡ്‌വെസ്റ്റ് റീജിയൻ കൺവൻഷൻ ഓഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 1 വരെ ഡാളസിലെ മെസ്കിറ്റിലെ ഷാരോൻ ഇവന്റ് സെന്ററിൽ വെച്ച് നടക്കും. പാസ്റ്റർ ഫെയ്ത്ത് ബ്ലെസൻ, പാസ്റ്റർ ടി.ജെ. സാമുവൽ, പാസ്റ്റർ മൈക്ക് പാറ്റ്സ്, സഹോദരി ഷീബാ ചാൾസ് തുടങ്ങിയവർ പ്രസംഗിക്കും. റീജിയൻ പ്രസിഡണ്ട് പാസ്റ്റർ ഷിബു തോമസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും.

വെള്ളിയാഴ്ച വൈകിട്ട് 6.30 മുതൽ ആരംഭിക്കുന്ന കൺവൻഷനിൽ ശനിയാഴ്ച രാവിലെ 9 മുതൽ പിവൈപിഎ ടാലന്റ് കോമ്പറ്റീഷൻ, 10 മുതൽ സഹോദരിമാർക്കുള്ള യോഗവും നടക്കും.

വെള്ളി, ശനി ദിവസങ്ങളിൽ വൈകിട്ട് 6.30-നാണ് പൊതുയോഗം. ഞായറാഴ്ച രാവിലെ 9-ന് നടക്കുന്ന ആരാധനയോടെ കൺവൻഷൻ സമാപിക്കും. റീജിയനിലെ മറ്റു ദൈവദാസന്മാരും വിവിധ മീറ്റിങ്ങുകളിൽ പ്രസംഗിക്കും. റീജിയൻ ക്വയർ ഗാനശുശ്രൂഷയ്ക്കു നേതൃത്വം കൊടുക്കും.

ഐപിസിയുടെ ഉത്തര അമേരിക്കയിലുള്ള ഏറ്റവും വലിയ റീജിയനുകളിൽ ഒന്നാണ് മിഡ്‌വെസ്റ്റ് റീജിയൻ. 26 സഭകളുള്ള ഈ റീജിയൻ ഡാളസ്, ഒക്കലഹോമ, ഹൂസ്റ്റൺ, സാൻ അന്റോണിയോ, ഓസ്റ്റിൻ എന്നീ പട്ടണങ്ങളിലുള്ള ഐപിസി സഭകളുടെ ഐക്യകൂട്ടായ്മയാണ്. കൺവൻഷനുകൾ, സെമിനാറുകൾ, ജീവകാരുണ്യ പ്രേഷിത പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു.

കൺവൻഷന്റെ സുഗമമായ നടത്തിപ്പിന് റവ. ഷിബു തോമസ് (പ്രസിഡണ്ട്), റവ. ജെയിംസ് ഏബ്രഹാം (വൈസ് പ്രസിഡണ്ട്), റവ. കെ.വി. തോമസ് (സെക്രട്ടറി), ഫിന്നി സാം (ജോ. സെക്രട്ടറി), ജോഷിൻ ഡാനിയേൽ (ട്രഷറർ), ജനറൽ കൗൺസിൽ അംഗം ബാബു കൊടുന്തറ, മീഡിയ കോ-ഓർഡിനേറ്റർ ഫിന്നി രാജു ഹൂസ്റ്റൺ, മിഷൻ കോ-ഓർഡിനേറ്റർ സാക്ക് ചെറിയാൻ, ചാരിറ്റി കോ-ഓർഡിനേറ്റർ കെ.വി. ഏബ്രഹാം എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി പ്രവർത്തിക്കുന്നു.




കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: പ്രസിഡണ്ട് പാസ്റ്റർ ഷിബു തോമസ് (972 900 8578), സെക്രട്ടറി പാസ്റ്റർ കെ.വി. തോമസ് (214 771 5683).

# രാഹുൽ ഗാന്ധിയുടെ ഡാളസ് സന്ദർശനം സെപ്റ്റം. 8-ന്

പി.പി. ചെറിയാൻ

ഡാളസ്: സെപ്റ്റംബർ 8-ന് ഡാളസിൽ രാഹുൽ ഗാന്ധി നടത്തുന്ന സന്ദർശനം ചരിത്രസംഭവമാക്കുന്നതിന് ഓഗസ്റ്റ് 19-ന് വൈകിട്ട് 6.30-ന് അല്ലൻ ഓഡിറ്റോറിയത്തിൽ ചേർന്ന കോൺഗ്രസ് പ്രവർത്തകയോഗം തയ്യാറെടുപ്പുകൾ നടത്തുന്നു.



യുഎസ്എ കോൺഗ്രസ് നേതാവ് മൊഹിന്ദർ സിംഗ് പരിപാടിയുടെ വിശദാംശങ്ങൾ യോഗത്തിൽ വിശദീകരിച്ചു. ഡാളസ് ചാപ്റ്റർ പ്രസിഡണ്ട് പ്രദീപ് നാഗനൂലിൽ, നാഷണൽ ആൻഡ് സതേൺ റീജിയൻ കമ്മിറ്റി നേതാക്കളായ ബോബൻ കൊടുവത്ത്, സജി ജോർജ്, റോയ് കൊടുവത്ത് തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

ഡാളസ് ചാപ്റ്റർ പ്രസിഡണ്ട് പ്രദീപ് നാഗനൂലിൽ, ഇന്ത്യയിൽ കോൺഗ്രസ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും ലോക്സഭയിൽ പ്രതിപക്ഷ നേതാവെന്ന നിലയിലുള്ള രാഹുൽ ഗാന്ധിയുടെ വൻ പ്രവർത്തന വിജയങ്ങളെക്കുറിച്ചും അംഗങ്ങൾ ചർച്ച ചെയ്തു.

സ്വീകരണസമ്മേളനത്തിൽ എല്ലാ കോൺഗ്രസ് പ്രവർത്തകരും അനുഭാവികളും പങ്കെടുക്കണമെന്ന് സെക്രട്ടറി തോമസ് രാജൻ അഭ്യർത്ഥിച്ചു.

# സിഎംഎ 2024 വിദ്യാഭ്യാസ പുരസ്കാരങ്ങൾക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു

ചിക്കാഗോ: 2024 അദ്ധ്യയന വർഷത്തിൽ, ഹൈസ്കൂൾ തലത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് ചിക്കാഗോ മലയാളി അസോസിയേഷൻ നല്കുന്ന വി





ദ്യാഭ്യാസ പുരസ്കാരങ്ങൾക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. ഈ പുരസ്കാരങ്ങൾക്ക് വേണ്ടി പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളോ അവർക്കു വേണ്ടി രക്ഷിതാക്കളോ സ്കൂൾ ട്രാൻസ്ക്രിപ്റ്റ്/ഫൈനൽ റിപ്പോർട്ട് കാർഡിന്റെ പകർപ്പ് സഹിതം താഴെപ്പറയുന്ന ഇ-മെയിൽ അഡ്രസുകളിലോ ഫോൺ നമ്പറുകളിലോ ഓഗസ്റ്റ് 31-നകം അപേക്ഷിക്കേണ്ടതാണ്.

ഏറ്റവും മികച്ച വിജയം കരസ്ഥമാക്കിയ മൂന്നു വിദ്യാർത്ഥികളെ സെപ്റ്റംബർ മാസം 7-ന് നടക്കുന്ന ഓണാഘോഷ പരിപാടികളുടെ വേദിയിൽ ആദരിക്കുകയും പുരസ്കാരങ്ങൾ സമ്മാനിക്കുകയും ചെയ്യുമെന്ന് അസോസിയേഷൻ പ്രസിഡണ്ട് ജെസി റിൻസി, സെക്രട്ടറി ആൽവിൻ ഷിക്കോർ എന്നിവർ അറിയിച്ചു. ബിജു മുണ്ടയ്ക്കൽ, അച്ചൻകുഞ്ഞ് മാത്യു, വിവീഷ് ജേക്കബ് എന്നിവർ സ്പോൺസർമാരായ പ്രസ്തുത പുരസ്കാര സമർപ്പണപരിപാടിയുടെ വിജയത്തിലേക്കായി ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

പകർപ്പുകൾ അയയ്ക്കേണ്ട ഇ-മെയിൽ അഡ്രസ്/ഫോൺ നമ്പറുകൾ: ബിജു മുണ്ടയ്ക്കൽ bijumundakkal@-yahoo.com/Ph:7736738820. ഷന മോഹൻ shanamoh-@gmail.com/Ph: 8472249624.

# ഗ്രെയ്റ്റർ ചിക്കാഗോ മലയാളി അസോസിയേഷൻ ഓണാഘോഷം സെപ്റ്റം. 22-ന്

ജിതേഷ് ചുങ്കത്ത്

ചിക്കാഗോ: 2023-ൽ സ്ഥാപിതമായ ഗ്രെയ്റ്റർ ചിക്കാഗോ മലയാളി അസോസിയേഷന്റെ (GC-MA) ഓണാഘോഷവും പ്രവർത്തനോദ്ഘാടനവും സെപ്റ്റംബർ 22-ന് ബെൽവുഡ് സീറോമലബാർ ചർച്ചിൽ വെച്ച് നടക്കുന്നതായിരിക്കും. ഈ പരിപാടിയിൽ തന്നെ ഗ്രെയ്റ്റർ ചിക്കാഗോയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഫോമാ, ഫൊക്കാനാ നേതാക്കളെ ആദരിക്കുന്നതുമായിരിക്കും.




22-ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് നടക്കുന്ന വിഭവസമൃദ്ധമായ ഓണസദ്യയും വിവിധ കലാപരിപാടികളും പൊതുസമ്മേളനവും തുടർന്ന് ദേശീയ സംഘടനകളായ ഫോമാ, ഫൊക്കാനാ എന്നിവയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട നേതാക്കൾക്ക് സ്വീകരണവും നല്കും.

ഫൊക്കാന എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ്, ബോർഡ് ഓഫ് ട്രസ്റ്റി സതീശൻ നായർ, റീജിയണൽ വൈസ് പ്രസിഡണ്ട് സന്തോഷ് നായർ, യൂത്ത് റെപ് വരുൺ എസ്. നായർ, ഫോമാ റീജിയണൽ വൈസ് പ്രസിഡണ്ട് ജോൺസൻ കണ്ണൂക്കാടൻ, നാഷണൽ കമ്മിറ്റി മെംബർ ജോസി കുരിശിങ്കൽ, ജോർജ് മാത്യു, വിമൻസ് റെപ്രെസെന്റേറ്റീവ് ആശ മാത്യു, അഡ്വൈസറി വൈസ് ചെയർമാൻ ജോസ് മണക്കാട്ട് എന്നിവരെ യോഗത്തിൽ ആദരിക്കും.

ഗ്രെയ്റ്റർ ചിക്കാഗോ ലാൻഡിലെ ഏറ്റവും വലിയ സംഘടനയായിക്കൊണ്ടിരിക്കുന്ന ഗ്രെയ്റ്റർ ചിക്കാഗോ മലയാളി അസോസിയേഷൻ (GCMA) വിവിധ കർമ്മ പദ്ധതികളാണ് പൊതുജനങ്ങൾക്കായി നടപ്പാക്കാൻ പോകുന്നത്. ബാഡ്മിന്റൺ ടൂർണമെന്റ്, കാർഡ് ഗെയിം, യൂത്ത് ഫെസ്റ്റിവൽ എന്നിവ തുടർമാസങ്ങളിൽ നടത്തുന്നതായിരിക്കും.

ഓണാഘോഷത്തിലേക്കും പൊതുസമ്മേളനത്തിലേക്കും എല്ലാ മലയാളികളെയും ഗ്രെയ്റ്റർ ചിക്കാഗോ മലയാളി അസോസിയേഷൻ (GCMA) സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾ സാമൂഹിക മാധ്യമങ്ങൾ വഴി അറിയിക്കുന്നതായിരിക്കും.

# ചങ്ങനാശേരി-കുട്ടനാട് പിക്നിക് ഗംഭീരമായി

ചിക്കാഗോ: ചിക്കാഗോയിലും സമീപപ്രദേശങ്ങളിലും അധിവസിക്കുന്ന ചങ്ങനാശേരി-കുട്ടനാട് നിവാസികളുടെയും സുഹൃത്തുക്കളുടെയും ഈ പ്രദേശങ്ങളിലുള്ള കലാലയ പൂർവ്വവിദ്യാർത്ഥികളുടെയും ഐക്യവും കൂട്ടായ്മയും വിളിച്ചോതിക്കൊണ്ട് സംഘ

തോമസ് ഡിക്രൂസ്

ടിപ്പിച്ച 2024 സമ്മർ പിക്നിക് അതിഗംഭീരമായി. ഓഗസ്റ്റ് 17-ന് മോർട്ടൻ ഗ്രോവ് ലിൻവുഡ് പാർക്കിൽ ചങ്ങനാശേരി-കുട്ടനാട് അസോസിയേഷന്റെയും എസ്ബി ആൻഡ് അസംപ്ഷൻ അലൂംമ്നി അസോസിയേഷന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ സമ്മർ പിക്നിക് നിരവധി കുടുംബങ്ങളുടെ നിറസാന്നിദ്ധ്യം കൊണ്ടും വൈവിദ്ധ്യമാർന്ന പരിപാടികൾ കൊണ്ടും ശ്രദ്ധേയമായി.





കുട്ടനാടൻ പ്രഭാതഭക്ഷണത്തെ തുടർന്ന് ചങ്ങനാശേരി അതിരൂപതാംഗവും ചിക്കാഗോ രൂപത പ്രൊക്യുറേറ്ററുമായ റവ.ഫാ. കുര്യൻ നെടുവേലിചാലുങ്കൽ പിക്നിക് ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി-കുട്ടനാട് പ്രവാസികളുടെ ഐക്യവും കൂട്ടായ്മയും ഊട്ടിയുറപ്പിക്കാൻ ഇത്തരം സൗഹൃദ കൂട്ടായ്മകൾ സഹായകമാകുമെന്ന് ഫാ. കുര്യൻ പറഞ്ഞു. റവ.ഫാ. ജോസി കൊല്ലംപറമ്പിൽ (പുളിങ്കുന്ന്), ചങ്ങനാശേരി-കുട്ടനാട് അസോസിയേഷനെ പ്രതിനിധീകരിച്ച് സണ്ണി വള്ളിക്കളം, എസ്ബി ആൻഡ് അസംപ്ഷൻ കോളജ് അലൂംമ്നി അസോസിയേഷനെ പ്രതിനിധീകരിച്ച് പ്രസിഡണ്ട് ഡോ. മനോജ് നേര്യംപറമ്പിൽ എന്നിവർ ആശംസകൾ നേർന്നു. തുടർന്ന് സ്വാദിഷ്ടമായ ഗ്രിൽഡ് വിഭവങ്ങളടങ്ങിയ ഉച്ചഭക്ഷണത്തിനുശേഷം കുട്ടികൾക്കും മുതിർന്നവർക്കുമായി ഗെയിംസും വിനോദപരിപാടികളും സംഘടിപ്പിച്ചു. ഫിലിപ്പ് പൗവത്തിൽ, ബോബൻ കളത്തിൽ, ജോസുകുട്ടി പാറയ്ക്കൽ, പ്രഫ. ജെയിംസ് ഓലിക്കര, ഷിബു അഗസ്റ്റിൻ, തോമസ് ഡിക്രൂസ്, മാത്യു ദാനിയേൽ, രാജൻ മാലിയിൽ, സെബാസ്റ്റ്യൻ വാഴേപറമ്പിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. പിക്നിക് കോ-ഓർഡിനേറ്റർ ബിജി കൊല്ലാപുരം അതിഥികൾക്ക് നന്ദി പറഞ്ഞു.

# ഫൊക്കാന പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ഡോ. സജിമോൻ ആന്റണിയുടെ സ്വീകരണം അവിസ്മരണീയമാക്കി മഞ്ച്

**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂജേഴ്സി: ഫൊക്കാന പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ഡോ. സജിമോൻ ആന്റണിയുടെ സ്വീകരണം വേറിട്ട പരിപാടികളുമായി വ്യത്യസ്തമായ ഒരു സ്വീകരണമായിരുന്നു. ന്യൂജേഴ്സിയിലെ പ്രമുഖ സംഘടനയായ മഞ്ചും ഡോ. സജിമോന്റെ ഫ്രണ്ട്സും കൂടി സംഘടിപ്പിച്ച സ്വീകരണ പരിപാടി ഏവരുടെയും മനം കവരുന്നതായിരുന്നു. ചെണ്ടമേളത്തിന്റെയും ആർപ്പ് വിളികളുടെയും ആരവത്തോടെ കുതിരപ്പുറത്താണ് ഫൊക്കാനയുടെ പ്രസിഡണ്ട് ഡോ. സ





ജിമോൻ ആന്റണിയെ സ്വീകരിച്ചു കൊണ്ടു വന്നത്.

അവിസ്മരണീയമായ പ്രകടനങ്ങളുടെ സായാഹ്നത്തിൽ ചരിത്രത്തിൽ ഫൊക്കാന വീണ്ടും വീണ്ടും ചരിത്രങ്ങൾ മാറ്റി മറിക്കുകയായിരുന്നു. ഇതുവരെയുള്ള ഒരു ഫൊക്കാന പ്രസിഡണ്ടുമാർക്കും ലഭിക്കാത്ത ഒരു സ്വീകരണമാണ് ന്യൂജേഴ്സിയിൽ അരങ്ങേറിയത്. അതിന്റെ കാരണം ഫൊക്കാന യുവാക്കളുടെ കൈകളിലേക്ക് എത്തിയപ്പോൾ പരിപാടികളും യുവാക്കളുടെ പരിപാടികളായി മാറി എന്നതാണ് സത്യം.

യുവാക്കളുടെ സാന്നിദ്ധ്യംകൊണ്ടും അവതരണ പുതുമകൊണ്ടും തികച്ചും വ്യത്യസ്തത പുലർത്തുന്നതായിരുന്നു ഈ സ്വീകരണപരിപാടി. ഹാൻഡിങ് ഓവറിനുശേഷം ആരംഭിച്ച പുതിയ ഭാരവാഹികളുടെ സ്വീകരണവും ആഘോഷങ്ങളും 9.30 വരെ നീണ്ടുവെങ്കിലും വർദ്ധിച്ച ആവേശത്തോടെ ഓരോ പ്രവർത്തകരും ആടിയും പാടിയും ആഘോഷിച്ചത് പ്രത്യേകം ശ്രദ്ധയാകർഷിച്ചു. ഫൊക്കാനയുടെ പുതിയ പ്രസിഡണ്ടിനും ഭാരവാഹികൾക്കുമായി ഈ പരിപാടി ഒരുക്കിയത് ന്യൂജേഴ്സിയിലെ പ്രമുഖ സംഘടനയായ മഞ്ചും ഡോ.സജിമോന്റെ ഫ്രണ്ട്സും കൂടെയാണ്. അവിസ്മരണീയമായ ഈ പ്രോഗ്രാം സ്പോൺസർ ചെയ്തതും അവർതന്നെ. ഈ ആഘോഷങ്ങൾ ഫൈവ്സ്റ്റാർ നിലവാരം പുലർത്തുവാൻ സംഘാടകർ ശ്രദ്ധിച്ചു എന്നത് ഏവരുടെയും പ്രശം



സയ്ക്ക് പാത്രമായി.

ആഘോഷങ്ങൾ മനുഷ്യസഹജമാണ്. അത്തരം ആഘോഷങ്ങളിൽ സ്നേഹം, ഒരുമ, എല്ലാവരെയും ഉൾപ്പെടുത്തൽ, സന്തോഷം, മിതത്വം, എളിമ, കരുതൽ ഇവയൊക്കെ നിറഞ്ഞു നില്ക്കുമ്പോൾ ആഘോഷങ്ങൾ മനുഷ്യർക്കു വേണ്ടിയുള്ള ഒന്നായി മാറും. അപ്പോൾ ആഘോഷങ്ങൾ നാം ഒത്തൊരുമയോടെ ആഘോഷിക്കും. അങ്ങനെയുള്ള ഒരു ആഘോഷമായിരുന്നു ഞങ്ങൾ പ്ലാൻ ചെയ്തത് എന്ന് മഞ്ച് പ്രസിഡണ്ട് ഡോ. ഷൈനി രാജു അഭിപ്രായപ്പെട്ടു. ഡോ. ഷൈനി രാജു, മഞ്ച് ട്രസ്റ്റി ബോർഡ് ചെയറും ഫൊക്കാനയുടെ മുൻ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ടുമായിരുന്ന ഷാജി വർഗീസ്, ഉമ്മൻ ചാക്കോ, ഷിബുമോൻ മാത്യു, അനീഷ് ജോൺസ്, രഞ്ജിത് പിള്ള, ഷിജിമോൻ മാത്യു, മനോജ് വട്ടപ്പള്ളിൽ, ആന്റണി കല്ലുകാവുങ്കൽ, ലിൻഡോ മാത്യു, തങ്കച്ചൻ ജോസഫ്, ആൽബർട്ട് കണ്ണമ്പള്ളി, അരുൺ ചെമ്പരത്തി എന്നിവർ നേതൃത്വം നല്കിയും സ്പോൺസർ ചെയ്തുമാണ് ഈ പരിപാടി ഒരുക്കിയത്. ഈ പരിപാടി ഒരുക്കിയ മഞ്ചിന്റെ ഭാരവാഹികളോടും സുഹൃത്തുക്കളോടും ഡോ. സജിമോൻ ആന്റണി നന്ദി രേഖപ്പെടുത്തി. അവർ ഈ പ്രോഗ്രാം ചിട്ടപ്പെടുത്തിയത് തന്നോടുള്ള സ്നേഹം ഒന്നുകൊണ്ടു മാത്രമാണ് എന്നറിയാം. സ്നേഹം ആരുടെ ഭാഗത്തു നിന്നുണ്ടായാലും അത് ആദരിക്കേണ്ടുന്ന വികാരം തന്നെയാണ്. ഫൊക്കാനയുടെ മുൻ പ്രസിഡണ്ടുമാരായ ജോൺ പി. ജോൺ, ജോർജി വർഗീസ്, ഡോ. ബാബു സ്റ്റീഫൻ, ഫൊക്കാനയുടെ മുൻ ഭാരവാഹികൾ, ഇപ്പോഴത്തെ ഭാരവാഹികൾ, ഇതിൽ പങ്കെടുത്ത എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നതായും ഡോ. സജിമോൻ ആന്റണി അറിയിച്ചു.


















CHICAGO Social Club
ചിക്കാഗോ
10-ാമത്
ഇന്റർനാഷണൽ LB-1310
വടംവലി മത്സരം
1st Prize $11111
MANI NEDIYAKALAYIL
EVERROLLING
Spon. by : Mr. Joy
2nd Prize $5555
JOY MUNDAPLACKAL
EVERROLLING
Spon. by : Mr.
3rd Prize $3333
CHACKO & MARIYAM
MEMORIAL
Spon. by : Elite
& Tony
4th Prize $1111
Spon. by :
Chicago Mangalya
Mithun Mammoottil
പ്രിയ സുഹൃത്തേ,
പോരാട്ട വീര്യത്തിന്റെ കനലാട്ടങ്ങളുമായി കായിക പ്രേമികളെ അമ്പരപ്പിക്കാൻ ഇതാ വീണ്ടും ചിക്കാഗോയുടെ മണ്ണിൽ നിങ്ങളിതുവരെ കാണാത്ത കമ്പക്കളിയുടെ കളിയാരവങ്ങൾക്ക് കളമൊരുങ്ങുന്നു. ഇനിയാണ് യുദ്ധം... നിലനിൽപ്പിന് വേണ്ടിയുള്ള യുദ്ധം...
ഇന്നിലൂടെ നാളത്തെ തലമുറക്ക് പകർന്ന് നൽകാൻ ചിക്കാഗോ സോഷ്യൽ ക്ലബ് ആതിഥ്യമരുളുന്ന പേരന്റ് പെട്രോളിയം 10-ാമത് ഇന്റർനാഷണൽ വടംവലി മത്സരത്തിന് 2024 സെപ്റ്റംബർ 2 ന് ചിക്കാഗോ സെന്റ് മേരീസ് ക്നാനായ ചർച്ച് ഗ്രൗണ്ടിൽ തിരി കൊളുത്തുകയാണ്. എല്ലാ വടംവലി പ്രേമികളെയും ചിക്കാഗോയിൽ നടക്കുന്ന വടംവലി മത്സരത്തിലേക്കും അതോടനുബന്ധിച്ച് നടക്കുന്ന ഫുഡ് ഫെസ്റ്റിവലിലേക്കും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.
EXECUTIVE
സിബി കദളിമറ്റം
പ്രസിഡന്റ്
847 338 8265
ജെസ്സ്മോൻ പുറമഠം
വൈസ് പ്രസിഡന്റ്
224 766 9695
സിബി കൈതക്കത്തൊട്ടിയിൽ
സെക്രട്ടറി
773 620 1202
ജോമോൻ തൊടുകയിൽ
ട്രഷറർ
312 719 3517
സാബു പടിഞ്ഞാറേൽ
ജോയിന്റ് സെക്രട്ടറി
708 299 3208
സിറിയക് കൂവക്കാട്ടിൽ
ടൂർണമെന്റ് ചെയർമാൻ
630 673 3382
ജനറൽ

# ംഷ്യൽ ക്ലബ്ബിന്റെ

**ST. MARY'S KNANAYA CATHOLIC CHURCH,**
**7800 W Lyons St. Morton Grove IL 60053**

**2024**
**SEPT. 2**
**MONDAY**
**10.00 a.m.**

Powered by

RENT PETROLEUM

OFFEN PETROLEUM

**ഫുഡ് ഫെസ്റ്റിവൽ & സോഷ്യൽ മേള**

**SEPT. 1 SUNDAY 5.00 P.M.**

**Mar Thoma Sleeha Cathedral Parish Hall**
**(5000 St. Charles Rd, Bellwood, IL-60104)**

Chief Guest



**Shri. SURESH GOPI**
Hon. National Minister
& Cine Artist

LAYIL MEMORIAL
ROPHY
Nediyakalayil

CKAL MEMORIAL
ROPHY
p Mundaplackal

M KIZHAKKEKUTTU
LLING TROPHY
ming, Francis
ttu

Jewellery,
Maneev Chittalakattu,

## PARTICIPATING MENS TEAMS

1. HOUSTON BROTHERS
2. HOUSTON GARUDANS
3. HOUSTON KOMBANS
4. DALLAS AHA
5. DALLAS KOMBANS
6. TORONTO TEAM GARUDANS
7. K.B.C. CANADA
8. TEAM GLADIATORS
9. GLADIATORS LONDON
10. HAWKZ CANADA
11. TAMPA TUSKERS
12. AREEKKARA ACHAYANS - A
13. AREEKKARA ACHAYANS - B
14. NEWYORK KINGS
15. TEAM KUWAIT SEVEN'S
16. IRELAND AHA SEVEN'S
17. TEAM THODUKANS U.K.
18. HOUSTON ROYALS

## PARTICIPATING WOMENS TEAMS

1. DALLAS AHA DARLINGS
2. HOUSTON WARRIORS
3. DALLAS QUEENS
4. CHICAGO STARS

## INDIVIDUAL CASH AWARDS & TROPHY

1. M.V.P.
2. Best Front
6. Best Back
4. Best 2nd
5. Best 3rd
6. Best 4th
7. Best 5th
8. Best 6th
9. Most improved Team
10. Best team in procession
11. Best coach
12. Best male fan
13. Best female fan

## RNAMENT COMMITTEE



ക്കെുറ്റ്
വീനർ
64



മാനി കരികുളം
ഫിനാൻസ് കമ്മിറ്റി ചെയർമാൻ
312 719 8188



മാത്യു തട്ടാമറ്റം
പി. ആർ. ഒ. & പബ്ലിസിറ്റി
773 317 3444



ജോസ് മണക്കാട്ട്
ഫുഡ് ഫെസ്റ്റിവൽ ചെയർമാൻ
847 830 4128

LIVE
Telecast on
KVTV
kvtv.com

## FOR MORE INFORMATION

SIBI KADALIMATTOM 847 338 8265
CYRIAC KOOVAKATTIL 630 673 3382

# CHRISTIANS & POLITICS

## HOW WE RESPOND TO GOVERNMENT& ELECTIONS

**Joseph Kurian, Houston**

Martin Luther King, in his letter from Birmingham jail once wrote these words, "There are two types of laws, just and unjust" He declared, "One has a moral responsibility to disobey the unjust laws", but we must also obey the just laws, respect the authorities and be responsible citizens.

As long as we have had human governments, people have disagreed with the policies, decisions, constitutions and the functions of the government. We also know that, we must have strict policies, procedures, rules & regulations to live peacefully in this world. Even with the current laws, rules & governments, we see so many issues of violence, disagreements, conflicts, court cases etc. We are living in a society which is corrupt, controlled by forces that are not sincere or truthful or simply won't let us leave peacefully, no matter how good we treat each other. There are so many bad people who does not care about rules, authorities, laws or restrictions and they will commit any kind of crimes to fulfill their desires regardless of the consequences to others.

Times of dissent can escalate to crisis, disagreements can lead to violence, disrespect can lead to arguments and conflicts, disobeying the laws can lead to destruction and deaths. This is the time we need a good government to take control of the situation for the good of the people. The government may have to use the sword to force compliance. People also must let the government to function well and owe the government the discipline of due process, patience and respect of authority which is in place and approved by the people.

Throughout the history of this world, we know that, without a good government, without laws, regulations, courts, trial, punishments, jails, police, restrictions, warnings, constitutions, and written polices to follow, the society will be in utter conflicts, confusion and careless each other and no one is safe or secure and the consequences are incredible. Even with all of the above, we know things are not normal or peaceful because there are many bad people who simply do not care about others.

Followers of Christ are citizens of the kingdom of God as well as the Nations or Sate which we live. How do we respond to government? Do we just simply follow the words in the Bible and disregard the human laws which we have to comply? Not at all, we have to find a balance of our faith and the government laws. We simply cannot ignore the government because we are followers of Christ.

Jesus Christ said to His followers, "Render to Caesar the things that are Caesar's and to God the things that are God's" (Mathew 22:21). Every person is subjected to the governing authorities. For there is no authority except from God, and those which exist are established by God" (Romans13:1). These words from Christ and the Apostle Paul are the twin pillars that uphold genuine truth of our dual citizenship. We must know what belongs to God and what God has entrusted to the State or the Government authorities.

"In those days there was no king in Israel, everyone did what was right in his own eyes" (Judges 21:25). The Old Testament book of Judges warns us the horrible things, such as assassinations, genocide, power grabs, sexual abuse, shattered families, pains, sufferings, wounds and torturing due to the result of government that was either too weak or nonexistent. We must have governments&laws against crimes, murder, rape, robbery, vandalism, bribery, fraud, abortion, immoral & unholy characters who



Joseph Kurian

destroys life of innocent people and that is vital of God's value on human life and personal property rights.

Apostle Peter also joined Apostle Paul and tells us "Honor all people, love the brotherhood, fear God, honor the kings" (1st Peter 2:17) we may think it is possible to honor the office of governments official without respecting the person who has been elected by the citizens. No, that is not the intent of Jesus or the words of the Apostles tells us. We must respect the office and the person holding that office.

Paul Says, "Whoever resist the authority resists the ordinance of God" (Romans 13:2)

Both Old and New Testament in the Bible give us examples of how the people of God influences the pagan governments in their time. Joseph rose to apposition of great power in Egypt's without changing the religious policy, Daniel an exiled Jew, gained respect as a great ruler and a man of unshakable character during the reigns of several kings, Nehemiah, the cupbearer to the king of Persia gained kings favor to rebuild Jerusalem, Apostle Paul appealed to Romans law for protection when he was treated bad even without a trial.

We as Christians, especially the so called Evangelists, the born again Christians must respect the laws of the land and the leaders of the land despite our religious convictions. We are living among people from all over the Nations and there are different Nationalities, faiths, cultures, characters, so we must live peacefully each other. Our calling is to be a unified body that provides salt and light to others (Mathew 5:13-16)

Pray and respect the God appointed leaders. "Seek the peace of the city where I have caused you to be carried away captives and pray to the Lord for it, for in its peace you will have peace" (Jeremiah 29:7). Even centuries later after Jeremiah's words, Paul the Apostle tells to offer supplications, **(see page 30)**


# ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് സ്വാതന്ത്ര്യദിനം ആഘോഷിച്ചു

**സതീശൻ നായർ**

ചിക്കാഗോ: ഭാരതത്തിന്റെ എഴുപത്തി എട്ടാമത് സ്വാതന്ത്ര്യദിനം, ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ചിക്കാഗോ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ നടന്നു. ചാപ്റ്റർ പ്രസിഡണ്ട് സന്തോഷ് നായർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കേരള ചാപ്റ്റർ ചെയർമാൻ തോമസ് മാത്യു ഉദ്ഘാടനം നിർവഹിച്ചു. കേരളാ ചാപ്റ്റർ പ്രസിഡണ്ട് സതീശൻ നായർ മുഖ്യപ്രഭാഷണം നടത്തി. കൂടാതെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് നമുക്ക് സ്വാതന്ത്ര്യം നേടിത്തന്ന ഏവരേയും പ്രത്യേകം അനുസ്മരിച്ചു. മതേതരത്വവും ജനാധിപത്യവും ഒന്നുപോലെ കാത്തുസൂക്ഷിക്കുന്ന ഒരേയൊരു രാജ്യമാണ് ഇന്ത്യയെന്നുള്ളതിൽ നമുക്കേവർക്കും അഭിമാനിക്കാം എന്നും അദ്ദേഹം പ്രത്യേകം എടുത്തു പറഞ്ഞു. സ്വാതന്ത്ര്യദിന ചടങ്ങിൽ ആന്റോ കവലയ്ക്കൽ ഏവരേയും സ്വാഗതം ചെയ്തു. കൂടാതെ ജോർജ് മാത്യു, ബിജു തോമസ്, ജോൺസൺ കണ്ണൂക്കാടൻ, എബി റാന്നി, ബോബി വർഗീസ്, അഖിൽ മോഹൻ, നിതിൻ മുണ്ടിയിൽ തുടങ്ങിയവരും സ്വാതന്ത്ര്യദിനാശംസകൾ നല്കി. ജനറൽ സെക്രട്ടറി ടോബിൻ തോമസ് ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.




# ഓണം വരുന്നേ, പൊന്നോണം!



ജോൺ ഇളമത

ഓണം വരുന്നേ
പൊന്നോണം.
തുമ്പപ്പൂ മണമുള്ള
പൊന്നോണം!
ഓണം വരുന്നേ...
തുമ്പികൾ പാറിപ്പറന്നു
തൂവാനത്തുമ്പികൾ
തുള്ളികളിച്ചെങ്ങും
തിരുവാതിര മേളമാടി.
ഓണം വരുന്നേ....
കൈതകൾ പൂത്ത
വരമ്പത്തു ചാടി
മാക്കാച്ചിത്തവളകൾ പാടി.
ഓണം വരുന്നേ, പൊന്നോണം!
ഓണം വരുന്നേ....
കോലോത്തെ തമ്പുരാട്ടി
കോടിയുടുത്തു
മാവേലി തമ്പുരാനെ
വരവേറ്റ ഇടാനായി
ഓണം വരുന്നേ...
മുറ്റത്തെ തെറ്റി പൂത്തുലഞ്ഞു
മൂവാണ്ടൻ മാവിന്റെ
കൊമ്പത്തിരുന്ന്
ഓലവാലൻ കിളിയാടി.
ഓണം വരുന്നേ...
പച്ച വിരിച്ച
പാടങ്ങളിലൊക്കെ
പക്ഷികൾ പറന്നു പാടി
ഓണം വരുന്നേ, പൊന്നോണം!
ഓണം വരുന്നേ....

# പി.റ്റി. തോമസ് ഫോമാ എമ്പയർ റീജിയൻ ആർവിപി

ന്യൂയോർക്ക്: അടുത്ത രണ്ടു വർഷത്തേക്ക് ഫോമാ എമ്പയർ റീജിയനെ നയിക്കുവാൻ പി.റ്റി. തോമസ് എമ്പയർ റീജിയൻ വൈസ് പ്രസിഡണ്ട് ആയി ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു. ഷിനു ജോസഫ് അഡൈ്വസറി കൗൺസിൽ ചെയർ ആയും തെരഞ്ഞെടുക്കപ്പെട്ടു.

സുരേഷ് നായർ, മോളമ്മ വർഗീസ് എന്നിവർ നാഷണൽ കമ്മിറ്റി അംഗങ്ങളായും ഡൊണാൾഡ് ജോഫ്രിൻ യൂത്ത് പ്രതിനിധി ആയും ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു. എതിരില്ലാതെ റീജിയൻ വൈസ് പ്രസിഡന്റിനെയും നാഷണൽ കമ്മിറ്റി അംഗങ്ങളെയും യുവപ്രതിനിധി തെരഞ്ഞെടുക്കുവാൻ തയ്യാറായ എമ്പയർ റീജിയനിലെ എല്ലാ അംഗങ്ങളോടും പി.റ്റി. തോമസ് നന്ദി പ്രകാശിപ്പിച്ചു. അത് എമ്പയർ റീജിയനിലെ ഐക്യത്തെ കാണിക്കുന്നു. ഈ ഐക്യത്തിനു, നിലവിലെ ആർവിപി ഷോളി കുമ്പിളുവേലി, മുതിർന്ന നേതാവ് ജെ. മാത്യു സാർ, ആദ്യത്തെ അഡൈ്വസറി കൗൺസിൽ ചെയർ തോമസ് കോശി, മുൻ ഫോമാ സെക്രട്ടറി ജോൺ വർഗീസ്, മുൻ വൈസ് പ്രസിഡണ്ട് പ്രദീപ് നായർ, മുൻ ജോയിന്റ് ട്രഷറർ ജോഫ്രിൻ ജോസ്, മുൻ ആർവിപി ഷോബി ഐസാക്, മുൻ നാഷണൽ കമ്മിറ്റി അംഗങ്ങളായ സണ്ണി കല്ലൂപ്പാറ, ജോസ് മലയിൽ തുടങ്ങിയ അനേകർ ഇതിനു പുറകിൽ പ്രവർത്തിച്ചതുകൊണ്ടാണ്.


നിലവിലെ ആർവിപി ഷോളി കുമ്പിളുവേലിയുടെ നേതൃത്വത്തിൽ എമ്പയർ റീജിയൻ ഫോമായുടെ ഇടക്കാല ജനറൽ ബോഡിക്ക് മനോഹരമായി ആതിഥേയത്വം വഹിച്ചു. എമ്പയർ റീജിയന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കും എന്ന് തോമസ് പറഞ്ഞു.

സാമൂഹിക, സാംസ്കാരിക, ആത്മീയ, യൂണിയൻ, tax preparation തുടങ്ങിയ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിയാണ് തോമസ്. നിലവിൽ എമ്പയർ റീജിയന്റെ കൺവൻഷൻ ചെയർ ആണ്. 2018-2022 കാലയളവിൽ ഫോമായുടെ ഓഡിറ്റർ ആയിരുന്നു.

F I A, ഫൊക്കാന, ഫോമാ, ഏഷ്യൻ അമേരിക്കൻസ് ഓഫ് റോക്‌ലാൻഡ് (AMOR), മലയാളി അസോസിയേഷൻ ഓഫ് റോക്‌ലാൻഡ് (MARC) ഹഡ്സൺ വാലി മലയാളി അസോസിയേഷൻ (HVMA) ടൗൺ ഓഫ് രാമപ്പൊ ഇന്ത്യ ഹെറിറ്റേജ് അസോസിയേഷൻ (TRIHA) മുതലായ പല സംഘടനകളിൽ വിവിധ നിലകളിൽ നേതൃത്വം നൽകിയിട്ടുണ്ട്. രാമപ്പൊ തിരുവല്ലാ സഹോദരി നഗരബന്ധം സ്ഥാപിക്കുന്നതിന് നേതൃത്വം നൽകിയത് പി.റ്റി. തോമസ് ആണ്. ന്യൂയോർക്കിലെ ഏറ്റവും വലിയ തൊഴിലാളി സംഘടനയായ സിവിൽ സർവീസ് എംപ്ലോയീസ് അസോസിയേഷന്റെ (CSEA) പ്രസിഡണ്ട് ആയി എട്ട് വർഷവും











ട്രഷറർ ആയി ഏഴ് വർഷവും സേവനം അനുഷ്ഠിച്ചു. മാർത്തോമാ സഭയുടെ ഭദ്രാസന അസംബ്ലിയിലും സഭാ പ്രതിനിധി മണ്ഡലത്തിലും അംഗമായിരുന്നു.

ന്യൂയോർക്ക് സെന്റ് തോമസ് മാർത്തോമാ ഇടവകയുടെ സെക്രട്ടറി ആണ്. തന്റെ സാമൂഹ്യ സേവനങ്ങളെ അംഗീകരിച്ചുകൊണ്ട് യോങ്കേഴ്സ് സിറ്റി മേയർ മൈക്ക് സ്പാനോ പേഴ്സൺ ഓഫ് ദി ഇയർ എന്ന അവാർഡ് നൽകി ബഹുമാനിച്ചു.

അഡൈ്വസറി കൗൺസിൽ ചെയർ ആയി തെരഞ്ഞെടുക്കപ്പെട്ട ഷിനു ജോസഫ് ഫോമായുടെ 2018-2020 കാലയളവിലെ ട്രഷറർ ആയിരുന്നു. 2020-2022 കാലയളവിൽ ഫോമാ നാഷണൽ കമ്മിറ്റിയിൽ ex-officio ആയി സേവനം അനുഷ്ഠിച്ചു. വീണ്ടും 2022-2024 കാലയളവിൽ നാഷണൽ കമ്മിറ്റി അംഗം ആയി തെരഞ്ഞെടുക്കപ്പെട്ടു.

ഷിനു ട്രഷറർ ആയിരുന്ന കാലത്താണ് കേരളത്തിൽ വെള്ളപ്പൊക്കത്തിൽ വീട് നഷ്ടമായവർക്ക് ഫോമാ വില്ലേജ് പദ്ധതിയിൽ കൂടി ഭവനങ്ങൾ നിർമ്മിച്ചു നൽകിയത്. കോവിഡ് എന്ന മഹാമാരിയുടെ പ്രാരംഭ സമയത്തെ ട്രഷറർ എന്ന നിലയിൽ അനേകർക്ക് ആവശ്യമായ സഹായങ്ങൾ എത്തിച്ചുകൊടുത്തു.

യോങ്കേഴ്സ് മലയാളി അസോസിയേഷനിൽ വിവിധ പദവികൾ അലങ്കരിച്ചിട്ടുള്ള ഷിനു മുഖംനോക്കാതെ കാര്യങ്ങൾ സത്യമായി പറയുന്ന വ്യക്തിത്വം ആണ്. ഒരു ബിസിനസുകാരൻ കൂടിയായ ഷിനു ഫോമയ്ക്കു എപ്പോഴും ഒരു മുതൽക്കൂട്ടാണ്.

നാഷണൽ കമ്മിറ്റി മെമ്പർ ആയി തെരഞ്ഞെടുക്കപ്പെട്ട സുരേഷ് നായർ ഫോമയുടെ നാഷണൽ കമ്മിറ്റി അംഗം, ക്രെഡൻഷ്യൽ കമ്മിറ്റി അംഗം തുടങ്ങി വിവിധ കമ്മിറ്റികളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. യോങ്കേഴ്സ് മലയാളി അസോസിയേഷന്റെ മുൻ പ്രസിഡണ്ട് ഉൾപ്പെടെ വിവിധ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. KHNA യുടെ നേതൃത്വ നിരയിലും സുരേഷ് ശോഭിക്കുന്നു.

നാഷണൽ കമ്മിറ്റി മെമ്പർ ആയി തെരഞ്ഞെടുക്കപ്പെട്ട മോളമ്മ വർഗീസ് റോക്‌ലാൻഡ് ഓറഞ്ച് മലയാളി അസോസിയേഷനെ (റോമാ) പ്രതിനിധാനം ചെയ്യുന്നു. ഫോമായുടെ ആദ്യത്തെ ജോയിന്റ് ട്രഷറർ ആയിരുന്ന മോൻസി വർഗീസിന്റെ ഭാര്യയാണ്. കേരള സമാജം ഓഫ് യോങ്കേഴ്സ് തുടങ്ങി പല സംഘടനകളിലും നേതൃത്വം നൽകിയിട്ടുണ്ട്.

യൂത്ത് റെപ്രസെന്റേറ്റീവ് ആയി തെരഞ്ഞെടുക്കപ്പെട്ട ഡൊണാൾഡ് ജോഫ്രിൻ ബിങ്ങാംടാൻ യൂണിവേഴ്സിറ്റിയിലെ മൂന്നാംവർഷ വിദ്യാർത്ഥി ആണ്. ഫോമായുടെ മുൻ ജോയിന്റ് ട്രഷറർ ജോഫ്രിൻ ജോസിന്റെ മകൻ.

# ഡോ. തിയഡോഷ്യസ് മാർത്തോമ്മാ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ കേരള ഓക്സിലിയറി പ്രസിഡണ്ട്

**പി.പി. ചെറിയാൻ**

ന്യൂയോർക്ക്: ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യ കേരള ഓക്സിലിയറി പ്രസിഡണ്ടായി മാർത്തോമ്മാ സഭാദ്ധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ തെരഞ്ഞെടുക്കപ്പെട്ടു. കോഴിക്കോട് സിഎസ്ഐ കത്തീഡ്രലിൽവെച്ച് ആഗസ്റ്റ് 20-ന് നടന്ന കേരള ഓക്സിലിയറിയുടെ 68-ാമത് വാർഷിക സമ്മേളനത്തിൽവെച്ചാണ് പുതിയ പ്രസിഡണ്ടിനെ തെരഞ്ഞെടുത്തത്. 1956-ൽ രൂപീകൃതമായ കേരള ഓക്സിലിയറിയുടെ 17-ാമത് പ്രസിഡണ്ടാണ് മെത്രാപ്പോലീത്താ.



കേരളത്തിന്റെ ഹൃദയഭാഷയായ മലയാളത്തിൽ അവരവർക്ക് താങ്ങാവുന്ന വിലയിൽ വേദപുസ്തകം ലഭ്യമാക്കുക എന്നതാണ് കേരള ഓക്സിലിയറിയുടെ ലക്ഷ്യം. സംസ്ഥാനത്തിനുള്ളിൽ ഇപ്പോൾ 151 ബ്രാഞ്ചുകളെ 29 റീജിയണുകളായി തിരിച്ചു സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നിലവിൽ നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റ്, കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ (സിസിഐ), ബാംഗ്ലൂർ എക്യുമെനിക്കൽ ക്രിസ്ത്യൻ സെന്റർ (ഇസിസി) എന്നിവയുടെ പ്രസിഡണ്ട് കൂടിയാണ് മാർത്തോമ്മാ മെത്രാപ്പോലീത്താ.

# മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ ഓണാഘോഷം സെപ്റ്റംബർ 13-ന്

**സതീശൻ നായർ**




ചിക്കാഗോ: മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ ഓഫ് അമേരിക്കയുടെ ഓണാഘോഷ പരിപാടികൾ സെപ്റ്റംബർ 13-ന് വെള്ളിയാഴ്ച വൈകുന്നേരം 6.30 മുതൽ മോർട്ടൺഗ്രോവ് സെന്റ് മേരീസ് ക്നാനായ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്നതാണ്. പ്രശസ്ത സിനിമാതാരം ആൻ അഗസ്റ്റിൻ ചടങ്ങിൽ മുഖ്യാതിഥിയായിരിക്കും. ഓണാഘോഷത്തോടൊപ്പം തന്നെ വയനാടിന്റെ വേദനയിൽ പങ്കുചേരുകയും പുനരധിവാസത്തിന് വേണ്ടിയുള്ള ധനസമാഹരണവും നടത്തുമെന്ന് പ്രസിഡണ്ട് റോയി നെടുംചിറ അറിയിച്ചു.

സെപ്റ്റംബർ 13-ന് വെള്ളിയാഴ്ച വൈകുന്നേരം 6.30-ന് തന്നെ ഓണസദ്യയോടുകൂടി കലാപരിപാടികൾ ആരംഭിക്കുന്നതാണ്. ഈ ഓണാഘോഷച്ചടങ്ങിൽ പങ്കെടുക്കുവാൻ ഏവരേയും കുടുംബസമേതം സംഘാടകർ സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് റോയി നെടുംചിറ (630 806 1270), മഹേഷ് കൃഷ്ണൻ (630 664 7431), സാബു തറത്തട്ടിൽ (847 606 9068) എന്നിവരുമായി ബന്ധപ്പെടുക.

# വയനാട് പുനരധിവാസ പദ്ധതിയിൽ ആർട്ട് ലവേഴ്സ് ഓഫ് അമേരിക്കയും

**അലൻ ചെന്നിത്തല**

ചിക്കാഗോ: നോർത്ത് അമേരിക്കയിലെ പുരോഗമന കലാ സാംസ്കാരിക സംഘടനയായ ആർട്ട് ലവേഴ്സ് ഓഫ് അമേരിക്ക (അല) വയനാട് പുനരധിവാസ പദ്ധതിക്കുവേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സമാഹരിച്ച തുക അലയുടെ ദേശീയ പ്രസിഡണ്ട് ഐപ്പ് സി. വർഗീസ് പരിമണം കേരള നിയമസഭാ സ്പീക്കർ എ.എൻ. ഷംസീറിന് കൈമാറി. ഇത് രണ്ടാംഘട്ട സഹായമായാണ് അല നല്കുന്നത്. ഒന്നാംഘട്ടത്തിൽ വയനാട്ടിൽ അവശ്യസാധനങ്ങളുടെ കിറ്റ് അല എത്തിച്ചു നല്കിയിരുന്നു. മൂന്നാംഘട്ടത്തിൽ അവയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന അല കെയർ കേരള സർക്കാരുമായി സഹകരിച്ചുകൊണ്ട് പുനരധിവാസ പദ്ധതികൾക്ക് സഹായമെത്തിക്കും.



# സെലിബ്രേഷൻ ചർച്ചിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങൾ സമാപിച്ചു

കുര്യൻ ഫിലിപ്പ്

ചിക്കാഗോ: സെലിബ്രേഷൻ ചർച്ച് എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്ന ഐസിഎജി സഭയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ സമാപിച്ചു. ഓഗസ്റ്റ് 17-ന് ശനിയാഴ്ച വൈകിട്ട് നടന്ന സമ്മേളനത്തിൽ സഭയുടെ സീനിയർ പാസ്റ്റർ റവ. ജോർജ് കെ. സ്റ്റീഫൻസൻ ജൂബിലി പരിപാടികൾ ഉദ്ഘാടനം ചെയ്തു. ഷില്ലർ പാർക്ക് മേയർ നിക്ക് കായഫ, അസംബ്ലീസ് ഓഫ് ഗോഡ് സ്റ്റേറ്റ് അസിസ്റ്റന്റ് സൂപ്രണ്ട് റോൻ ഹയിറ്റ്മാൻ, പ്രെസ്ബിറ്റർ റവ. ഡേവിഡ് സ്റ്റുവർട്ട് എന്നിവർ മുഖ്യാതിഥികളായിരുന്നു. പാസ്റ്റർ ഡോ. അലക്സ് കോശി പ്രാരംഭപ്രാർത്ഥനയും സങ്കീർത്തന ധ്യാനവും നടത്തി. പാസ്റ്റർ ക്ലാരൻസ് മാത്യു സ്വാഗതം പറഞ്ഞു. വെസ്ളി വർഗീസ് മാസ്റ്റർ ഓഫ് സെറിമണി ആയി പ്രവർത്തിച്ചു.

ലീഡ് പാസ്റ്റർ റവ. സാംസൺ സാബു സഭയുടെ പുതിയ പേരും ലോഗോയും ഭാവി പ്രവർത്തനങ്ങളും വിശദീകരിച്ചു. ബ്രദർ സജി ഫിലിപ്പ് മേയറിനെ പരിചയപ്പെടുത്തി.

സിസ്റ്റർ ലിസ കോശി, സിസ്റ്റർ സുജ മാത്യു എന്നിവർ ഐസിഎജി സ്ഥാപകൻ പരേതനായ പാസ്റ്റർ കെ. എ. തോമസിന്റെ കുടുംബത്തെയും സഭയുടെ സീനിയർ പാസ്റ്റർ റവ. ജോർജ് കെ. സ്റ്റീഫൻസന്റെ കുടുംബത്തെയും പരിചയപ്പെടുത്തി.

കുഞ്ഞപ്പി മാത്യു തങ്കമ്മ ദമ്പതികളും ജോർജ് കാരാടിയിൽ മണി ദമ്പതികളും സഭയുടെ ഉപഹാരം കുടുംബാംഗങ്ങൾക്ക് കൈമാറി.

സഭാ സെക്രട്ടറി ബ്രദർ വർഗീസ് സാമുവൽ സഭയുടെ കഴിഞ്ഞ 50 വർഷത്തെ പ്രവർത്തനത്തെക്കുറിച്ച് സംസാരിച്ചു. സഭയുടെ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി രാജസ്ഥാൻ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ആരാവല്ലി മിഷനും ആതുര സേവനരംഗത്തെ പ്രവർത്തനങ്ങൾക്കായി ഗുഡ് ന്യൂസ് ചാരിറ്റബിൾ സൊസൈറ്റിയിലൂടെ തകർന്നു കിടക്കുന്ന വയനാടിന്റെ പുനരുദ്ധാരണത്തിനായുള്ള പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ഈ സമ്മേളനത്തിൽ വെച്ച് കൈമാറി. ഗുഡ് ന്യൂസിനു വേണ്ടി പ്രതിനിധി ഇവാഞ്ചലിസ്റ്റ് കുര്യൻ ഫിലിപ്പ് ഫണ്ട് ഏറ്റുവാങ്ങി. തുടർന്ന് അദ്ദേഹം മീഡിയ്ക്ക് വേണ്ടി ആശംസകൾ അർപ്പിച്ചു. ഫെലോഷിപ് ഓഫ് പെന്തെക്കോസ്തൽ ചർച്ചസ് ഇൻ ചിക്കാഗോയുടെ ആഭിമുഖ്യത്തിൽ കൺവീനർ ഡോ. വില്ലി ഏബ്രഹാമിന്റെ നേതൃത്വത്തിൽ എല്ലാ സഭകൾക്കു വേണ്ടിയുമുള്ള ആശംസകൾ അദ്ദേഹം അറിയിച്ചു. ബ്രദർ ബെഞ്ചമിൻ ജോൺ നന്ദി രേഖപ്പെടുത്തി. പാസ്റ്റർ സാം ഈപ്പന്റെ പ്രാർത്ഥനയോടും പാസ്റ്റർ പി.വി. കുരുവിളയുടെ ആശീർവാദത്തോടും കൂടെയാണ് ശനിയാഴ്ചത്തെ പരിപാടികൾ സമാപിച്ചത്.

ജീവിതയാത്രയിൽ പങ്കാളികളെ നഷ്ടപ്പെട്ട മുതിർന്ന സഭാവിശ്വാസികൾക്ക് ഞായറാഴ്ച നടന്ന സമ്മേളനത്തിൽ സഭയുടെ ആദരവും കരുതലുമായി സഭയുടെ സീനിയർ പാസ്റ്റർ റവ. ജോർജ് കെ. സ്റ്റീഫൻസൻ ഷാൾ നല്കി ആദരിച്ചു.
































# സെ.മേരീസ് ഇടവകയിൽ പരിശുദ്ധ ദൈവമാതാവിന്റെ ദർശനത്തിരുനാൾ ആഘോഷിച്ചു

അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: ചിക്കാഗോ സെ.മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ പരിശുദ്ധ ദൈവമാതാവിന്റെ ദർശനത്തിരുനാൾ ഒൻപത് ദിവസങ്ങൾ നീണ്ടുനിന്ന ഭക്തിനിർഭരമായ പരിപാടികളോടെ സമാപിച്ചു. കോട്ടയം കല്ലിശേരി ഇടവക വികാരി റവ.ഫാ. റെനി കട്ടേൽ അർപ്പിച്ച ഭക്തിനിർഭരമായ വിശുദ്ധ കുർബാനയോടെയാണ് തിരുനാൾ കർമ്മങ്ങൾ ആരംഭിച്ചത്. വിശുദ്ധ കുർബാനയ്ക്കുശേഷം നടത്തപ്പെട്ട നൊവേനയ്ക്കും ലദീഞ്ഞിനും പ്രദക്ഷിണത്തിനും ശേഷം ഇടവക വികാരി റവ.ഫാ. സിജു മുടക്കോടിൽ തിരുനാൾ പതാക ഉയർത്തിക്കൊണ്ട് തിരുനാളിന് ഔദ്യോഗികമായ തുടക്കം കുറിച്ചു. കൊടിയേറ്റിനുശേഷം തിരുനാൾ ഏറ്റെടുത്തു നടത്തുന്ന സെ. ജൂഡ് കൂടാരയോഗത്തിലെ വനിതകൾ അവതരിപ്പിച്ച ക്രിസ്ത്യൻ തിരുവാതിര ഏറെ ശ്രദ്ധ നേടി. സ്നേഹവിരുന്നോടെയാണ് തിരുനാളിന്റെ ഒന്നാം ദിവസത്തെ ആഘോഷങ്ങൾ സമാപിച്ചത്. തുടർന്നുള്ള ദിവസങ്ങളിൽ മലങ്കര റീത്തിലുള്ള കുർബാനയടക്കം എല്ലാ ദിവസവും ആഘോഷമായ തിരുക്കർമ്മങ്ങൾ നടത്തപ്പെട്ടു. യുവജനങ്ങൾക്കു വേണ്ടി ഇംഗ്ലീഷിലുള്ള തിരുക്കർമ്മങ്ങൾക്ക് വെള്ളിയാഴ്ച വൈകുന്നേരം ക്നാനായ റീജിയൻ യൂത്ത് ഡയറക്ടർ ഫാ. ബിൻസ് ചേത്തലിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ഇടവകയിലെ കൂടാരയോഗങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെട്ട കലാസന്ധ്യ വൈവിദ്ധ്യമാർന്ന പരിപാടികളോടെ ശ്രദ്ധ നേടി.



ശനിയാഴ്ച വൈകുന്നേരം ബെൻസൺവിൽ സേക്രഡ് ഹാർട്ട് ക്നാനായ ഇടവകയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട തിരുക്കർമ്മങ്ങൾക്ക് ഇടവക വികാരിയും ക്നാനായ റീജിയൻ ഡയറക്ടറും കൂടിയായ മോൺ. തോമസ് മുളവനാൽ മുഖ്യകാർമ്മികത്വം വഹിച്ചു. ദർശനസമൂഹത്തിന്റെ ആഭിമുഖ്യത്തിൽ പ്രസുദേന്തി വാഴ്ചയും കപ്ലോൻ വാഴ്ചയും തിരുക്കർമ്മങ്ങളുടെ ഭാഗമായി നടത്തപ്പെട്ടു. തുടർന്ന് നടത്തപ്പെട്ട കലാസന്ധ്യയ്ക്ക് മുമ്പായി കോട്ടയം അതിരൂപതാംഗവും അൾജീരിയയുടെയും ടുണീഷ്യയുടെയും വത്തിക്കാൻ സ്ഥാനപതിയായി സേവനമനുഷ്ഠിക്കുന്ന ആർച്ച്ബിഷപ് കുര്യൻ വയലുങ്കൽ പിതാവിന് ഇടവകയുടെ ഔദ്യോഗികമായ സ്വീകരണം നല്കുകയും അദ്ദേഹം കലാസന്ധ്യ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കലാസന്ധ്യയ്ക്ക് തിരുനാൾ പ്രസുദേന്തിമാരായ കൂടാരയോഗത്തിലെ അംഗങ്ങളും ഇടവകയിലെ വിവിധ മിനിസ്ട്രികളും നേതൃത്വം നല്കി.



തിരുനാളിന്റെ പ്രധാന ദിവസമായ ഓഗസ്റ്റ് 18-ന് നടത്തപ്പെട്ട ആഘോഷമായ റാസ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചത് ആർച്ച്ബിഷപ് കുര്യൻ വയലുങ്കൽ പിതാവാണ്. ആയിരക്കണക്കിന് ആളുകൾ പങ്കുചേർന്ന റാസാ കുർബാനയ്ക്ക് ഫാ. ബോബൻ വട്ടംപുറത്ത്, ഫാ. സിജു മുടക്കോടിൽ, ഫാ. പോൾ മുത്തൂറ്റ്, ഫാ. ജിതിൻ വല്ലാർക്കാട്ടിൽ, ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ സഹകാർമ്മികരായിരുന്നു. ആർച്ച്ബിഷപ് കുര്യൻ വയലുങ്കൽ തിരുനാൾ സന്ദേശം നല്കി. റാസാ കുർബാനയ്ക്കുശേഷം ദേവാലയം ചുറ്റിയുള്ള പ്രദക്ഷിണവും സ്നേഹവിരുന്നും നടത്തപ്പെട്ടു.

ക്നാനായ റീജിയൻ ഡയറക്ടർ മോൺ. തോമസ് മുളവനാൽ, റവ.ഫാ. റെനി കട്ടേൽ (സെ. തെരേസാസ് ക്നാനായ ചർച്ച് വികാരി, റാന്നി) റവ. ഫാ. ജിതിൻ വല്ലാർക്കാട്ടിൽ, റവ.ഫാ. ജെറി മാത്യു (സെ.മേരീസ് മലങ്കര ഇടവക ചിക്കാഗോ), റവ.ഫാ. ലിജോ കൊച്ചുപറമ്പിൽ (ക്രൈസ്റ്റ് ദി കിങ് ക്നാനായ ഇടവക ന്യൂജേഴ്സി), റവ. ഫാ. ബിബി തറയിൽ (സെ. മേരീസ് ക്നാനായ ഇടവക റോക്ക്ലാൻഡ്, ന്യൂയോർക്ക്), മോൺ. തോമസ് കടുകപ്പള്ളിൽ (കത്തീഡ്രൽ ഇടവക, ചിക്കാഗോ), റവ.ഫാ. ബിൻസ് ചേത്തലിൽ (സേക്രഡ് ഹാർട്ട് ക്നാനായ ഇടവക ചിക്കാഗോ), റവ.ഫാ. ബോബൻ വട്ടംപുറത്ത് (സെ. ആന്റണീസ് ക്നാനായ ഇടവക സാൻ അന്റോണിയോ), റവ. ഫാ. ജോഷി വലിയവീട്ടിൽ (സെ. മേരീസ് ക്നാനായ ഇടവക ഹൂസ്റ്റൺ) എന്നിവർ വിവിധ ദിവസങ്ങളിലെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കി.

ജോജോ ഇടക്കരയുടെ നേതൃത്വത്തിലുള്ള തിരുനാൾ കമ്മിറ്റിയാണ് സിസ്റ്റർ സിൽവേരിയസ്, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ടിൽ, അക്കൗണ്ടന്റ് ജെയിംസ് മന്നാകുളത്തിൽ, സെക്രട്ടറി സണ്ണി മേലേടം, പിആർഒ അനിൽ മറ്റത്തിക്കുന്നേൽ എന്നിവരോടൊപ്പം തിരുനാളിന് നേതൃത്വം നല്കിയത്. കലാസന്ധ്യകൾക്ക് സിബി കൈതക്കത്തൊട്ടിയിൽ, പ്രതിഭാ തച്ചേട്ട്, മന്നു തിരുനെല്ലിപ്പറമ്പിൽ, ആൻസി കുപ്ലിക്കാട്ട് എന്നിവർ നേതൃത്വം നല്കി.

## Sr. CANDIDA NADUVATHUSSERY

Sisters of Charity

14.09.1941 - 23.08.2024



Daughter of Late NJ George Naduvathussery and Marykutty Vellanikkaren

Funeral on 26.08.2024 @ 15:00

@ Sisters of Charity East Udayrajpur, Oasis Gerosa, Calcutta


## മജീഷ്യൻ സാമ്രാജിന്റെ 'ഇല്ല്യൂഷൻ ഇന്ത്യ' മാന്ത്രിക വിസ്മയത്തിന് കാനഡ വേദിയാകുന്നു

കാനഡ: ലോകപ്രശസ്ത മജീഷ്യൻ സാമ്രാജിന്റെ മാന്ത്രിക വിസ്മയത്തിന് കാനഡ ഒരുങ്ങുന്നു. മരിയൻ ഡ്രീംസിന്റെ ബാനറിൽ 2024 സെപ്റ്റംബർ 25 മുതൽ ഒക്ടോബർ 20 വരെയാണ് മജീഷ്യൻ സാമ്രാജും സംഘവും കാനഡയിലെ ഒമ്പതിൽപ്പരം വേദികളിൽ 'ഇല്ല്യൂഷൻ ഇന്ത്യ' എന്ന പ്രോഗ്രാം അവതരിപ്പിക്കുന്നത്.

ഡൽഹിയിൽ നിന്നുള്ള ഇല്ല്യൂഷനിസ്റ്റ് രാജ്കുമാറും മെന്റലിസ്റ്റ് ആഞ്ജലും ഈ പ്രോഗ്രാമിൽ സാമ്രാജിനൊപ്പമുണ്ട്.

മാജിക്കും മെന്റലിസവും കോർത്തിണക്കി രണ്ടര മണിക്കൂർ ദൈർഘ്യമുള്ള ഈ പ്രോഗ്രാം കനേഡിയൻ നിവാസികൾക്ക് ഒരു നവ്യാനുഭവമായിരിക്കും.

**For more details:**
**+ (403) 282 2434,**
**+ 1 (587) 990 6689**



# പ്രവചനങ്ങളും പ്രവാചകന്മാരും

എൽസി ബേബി

ആരാണ് പ്രവാചകൻ? എന്താണ് പ്രവചനം എന്ന വാക്കിന്റെ അർത്ഥം. ഇന്ന് എവിടെയും പ്രവാചകന്മാരുടെയും പ്രവചനങ്ങളുടെയും പ്രസ്താവനകളേ കേൾക്കാനുള്ളൂ. ഭാവിയിൽ വരാൻ അഥവാ സംഭവിക്കാൻ പോകുന്നതിനേക്കുറിച്ച് മുൻകൂട്ടി പറയുന്നതിനെയാണല്ലോ പ്രവചനം എന്നു പറയുന്നത്. നമ്മുടെ നാട്ടിൽ ഒരു കുഞ്ഞു ജനിച്ചാൽ ചിലർ ജാതകം എഴുതിവെക്കുന്ന പതിവുണ്ട്. പ്രധാനമായും ഹിന്ദുവിശ്വാസികളാണ് അങ്ങനെ ചെയ്യാറുള്ളത്. നക്ഷത്രം നോക്കിയും ജനിച്ച സമയം നോക്കിയുമൊക്കെയാണ് ജാതകം എഴുതുന്നത്. ജോത്സ്യന്മാരാണ് ജാതകം എഴുതാറുള്ളത്. വിവാഹസമയത്ത് സ്ത്രീ-പുരുഷന്മാരുടെ ജാതകപ്പൊരുത്തം നോക്കി വിവാഹം നിശ്ചയിക്കുകയും തടസ്സപ്പെടുത്തുകയും ചെയ്യാറുണ്ട്. ഏതു കാര്യവും വിശ്വസിക്കുന്നതിലാണല്ലോ അതിന്റെ പ്രാധാന്യം. പണം സമ്പാദിക്കാനും ചില കാര്യസാദ്ധ്യങ്ങൾക്കും ഇങ്ങനെയുള്ള പല കാര്യങ്ങളും വികടമാക്കുന്ന വീരന്മാരും നമ്മുടെ ഇടയിലുണ്ടല്ലോ. കാപട്യവും മായംചേർക്കലും വർദ്ധിച്ചും വർദ്ധിപ്പിച്ചും ജനങ്ങളെ കബളിപ്പിക്കാൻ പഠിച്ച വീരന്മാർ പൂർവ്വാധികം വർദ്ധിച്ചുവരികയും ചെയ്യുന്നു.

തിരുവചനത്തിൽ ഭാവിയിൽ സംഭവിപ്പാനുള്ള ചില വിഷയങ്ങൾ അത്യുന്നതനും പരമാധികാരിയുമായ ദൈവം താൻ തെരഞ്ഞെടുത്ത ചില വിശ്വസ്ത പ്രവാചകന്മാരിലൂടെ അരുളിച്ചെയ്യുകയും അവയെല്ലാം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. പരമാധികാരിയായ ദൈവം ഇന്നലേയും ഇന്നും എന്നേക്കും അനന്യനുമാകുന്നു. ഭാവിയിൽ സംഭവിപ്പാനുള്ള കാര്യങ്ങൾ അവയുടെ ആരംഭത്തിൽ തന്നെ അറിയാവുന്ന ഏക വ്യക്തി സർവ്വശക്തനായ ദൈവം മാത്രമാകുന്നു. അതിന്റെ ഏറ്റവും വിശ്വസനീയമായ ഒരു പ്രവചനമാണ് യേശുക്രിസ്തുവിന്റെ ജനനം. അനേകം ശതവർഷങ്ങൾക്കു മുമ്പേ യേശയ്യാ പ്രവാചകനിലൂടെ പ്രവചിക്കുകയും തക്ക സമയത്ത് അത് നിവർത്തിയാകുകയും ചെയ്തു എന്നത് ആർക്കും എതിർത്തു പറയാൻ നിവൃത്തിയില്ലാത്ത ഒരു പ്രവചനമാകുന്നു. അപ്പോൾതന്നെ കള്ളപ്രവാചകന്മാർ അന്നും ഇന്നും ഉണ്ടായിരുന്നു എന്നതും തർക്കമറ്റ വിഷയമാകുന്നു. നാളെ എന്തു നടക്കും എന്നു പ്രവചിക്കാൻ കേവലം ബലഹീനരായ നമുക്കു അറിഞ്ഞുകൂടാ. മദർ തെരേസ പറഞ്ഞിട്ടുള്ളതുപോലെ "ഇന്നലെ കഴിഞ്ഞുപോയി, നാളയെക്കുറിച്ച് നിശ്ചയമില്ല. ഇന്ന് എന്നൊരു ദിവസമേ നമുക്കുള്ളൂ. അത് ദൈവം പ്രസാദിക്കുന്നവണ്ണം ജീവിക്കുക." എത്രയോ അർത്ഥവത്തായ ഒരു സത്യമാകുന്നു അത്. പക്ഷേ, ഇന്നത്തെ ജനം നാളെ എന്തൊക്കെ നടക്കും എന്നറിയാനുള്ള വ്യഗ്രതയും ജിജ്ഞാസയും മൂലം പ്രവാചകന്മാരെ സമീപിക്കുന്നു.



ലേഖിക

പലവിധ പ്രവാചകന്മാരാണുള്ളത്. അവർ പറയുന്നത് വിശ്വസിച്ച് ഇന്നു ചെയ്യേണ്ട കാര്യങ്ങൾ അവഗണിച്ച് നാളത്തേക്കു മാറ്റിവെക്കുന്നു. ഇന്ന് നാനാ ജാതി മതസ്ഥർ വിശ്വസിക്കുന്ന ഏക വിഷയം ഈ ലോകാവസാനം എന്നതാണല്ലോ. അത് എന്ന്, എപ്പോൾ സംഭവിക്കും എന്ന് ഒരിക്കലും വെളിപ്പെടുത്തിയിട്ടില്ല. എങ്കിലും ചില ലക്ഷണങ്ങളൊക്കെ രേഖപ്പെടുത്തിയിട്ടുള്ള തനുസരിച്ച് ചില ലോകസംഭവങ്ങൾ കാണുമ്പോൾ ചില പ്രവാചകന്മാർ എഴുന്നേറ്റ് ലോകാവസാനം വന്നെത്തിയിരിക്കുന്നു, ചിലർ അവധികൾ വരെ പ്രവചിച്ച് ജനങ്ങളെ ഭീതിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ, അന്ത്യകാല ലക്ഷണങ്ങളെക്കുറിച്ച് ക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞത് "ആരും നിങ്ങളെ തെറ്റിക്കാതിരിക്കാൻ സൂക്ഷിച്ചുകൊൾവിൻ. ഞാൻ ആകുന്നു എന്നും സമയം അടുത്തിരിക്കുന്നു എന്നും പറഞ്ഞ് അനേകർ എന്റെ പേരെടുത്തു വരും. അവരെ അനുഗമിക്കരുത്. നിങ്ങൾ യുദ്ധങ്ങളെയും കലഹങ്ങളെയും കുറിച്ചു കേൾക്കുമ്പോൾ ഞെട്ടിപ്പോകരുത്. അത് ആദ്യം സംഭവിക്കേണ്ടതു തന്നെ. അവസാനം ഉടനെ അല്ലതാനും. ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും. വലിയ ഭൂകമ്പവും ക്ഷാമവും മഹാവ്യാധികളും അവിടവിടെയുണ്ടാകും." അങ്ങനെ പല കാര്യങ്ങൾ പറഞ്ഞിട്ട് ഇതെല്ലാം കാണുമ്പോൾ നിങ്ങളുടെ വീണ്ടെടുപ്പ് അടുത്തു വരുന്നതുകൊണ്ട് നിവർന്ന് തല പൊക്കുവിൻ. സദാകാലവും ഉണർന്നും പ്രാർത്ഥിച്ചുംകൊണ്ടിരിപ്പിൻ. ആ നാളും നാഴികയും സംബന്ധിച്ചെല്ലാം എന്റെ പിതാവ് മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയില്ല.

മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവയ്ക്കുള്ളത്രെ. വെളിപ്പെട്ടിരിക്കുന്നവയോ നാം ഈ ന്യായപ്രമാണത്തിന്റെ വചനങ്ങൾ സകലതും അനുസരിച്ച് നടക്കേണ്ടതിന് എന്നേക്കും നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു. ഏകദേശം രണ്ടായിരം വർഷങ്ങൾക്കു മുമ്പ് യേശു തന്റെ ശിഷ്യന്മാർക്ക് വെളിപ്പെടുത്തിയ ഈ സത്യം സംഭവിക്കാതിരിക്കുകയില്ല. ഇവയെക്കുറിച്ചു ചില പരിഹാസികൾ "അവന്റെ പ്രത്യക്ഷതയുടെ വാഗ്ദാനങ്ങൾ എവിടെ?" എന്നു പരിഹസിച്ചപ്പോൾ ചില ശതവർഷങ്ങൾക്കു മുമ്പ് പത്രോസ് ശ്ലീഹാ പറഞ്ഞ മറുപടി "വിശുദ്ധ പ്രവാചകന്മാർ മുൻപറഞ്ഞ വചനങ്ങളും നിങ്ങളുടെ അപ്പോസ്തലന്മാർ മുഖാന്തരം കർത്താവും രക്ഷിതാവുമായവൻ തന്ന കല്പനയും ഓർത്തുകൊൾവിൻ... കർത്താവിന് ഒരുദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരങ്ങൾ ഒരു ദിവസം പോലെയും ഇരിക്കുന്നു എന്ന കാര്യം നിങ്ങൾ മറക്കരുത്. ചിലർ താമസം എന്നു വിചാരിക്കുന്നതു പോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ ഇച്ഛിച്ചു നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ."

(ശേഷം 30-ാം പേജിൽ)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.89 |
| യൂറോ | 93.73 |
| സ്റ്റെർലിംഗ്പൗണ്ട് | 110.70 |
| സ്വിസ് ഫ്രാങ്ക് | 99.10 |
| സിംഗപ്പൂർ ഡോളർ | 64.40 |
| കനേഡിയൻ ഡോളർ | 62.14 |
| ഒമാൻ റിയാൽ | 217.97 |
| ബഹ്റൈൻ ദിനാർ | 222.64 |
| സൗദി റിയാൽ | 22.36 |
| യു.എ.ഇ. ദിർഹം | 22.84 |
| കുവൈത്ത് ദിനാർ | 274.67 |

# ഡോ. റോയ്സ് മല്ലശ്ശേരിക്ക് വൈ.എം.സി.എ അക്കാദമിക് പുരസ്കാരം



ഡോ. മാത്യു ജോയിസ്

ലണ്ടൻ: ഡോ. റോയ്സ് മല്ലശ്ശേരിക്ക് വൈ.എം.സി.എ ലണ്ടൻ ഇന്ത്യൻ സ്റ്റുഡന്റ്സ് സെന്റർ അക്കാദമിക് എക്സലൻസ് പുരസ്കാരം നല്കി.

ഐ.എസ്.എച്ച് ഡയറക്ടർ എന്ന നിലയിലുള്ള പ്രവർത്തനവും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ പ്രസിദ്ധീകരിച്ച മോട്ടിവേഷൻ ഗ്രന്ഥങ്ങളെയും അടിസ്ഥാനമാക്കിയാണ് പുരസ്കാരം ലഭിച്ചത്.

ഡോ. റോയ്സ് മല്ലശ്ശേരി രചിച്ച 'ഹയർ ഫാർദർ ബെറ്റർ ഓൺ ദി വിങ്സ് ഓഫ് ക്രൈസിസ്' എന്ന പുസ്തകം വൈ.എം.സി.എ ദേശീയ പ്രസിഡണ്ടും ഐ.എസ്.എച്ച് ചെയർമാനുമായ ഡോ. വിൻസെന്റ് ജോർജ് പ്രകാശനം ചെയ്തു.

ലണ്ടൻ ഐഎസ്എച്ചിൽ നടന്ന സമ്മേളനത്തിൽ ഐഎസ്എച്ച് ജനറൽ സെക്രട്ടറി സാം റോബർട്ട്, ദേശീയ വൈസ് പ്രസിഡണ്ട് നോയൽ അമ്മേണ്ണ. റിട്ട. ജസ്റ്റിസ് ജെ.ബി. കോശി എന്നിവർ പ്രസംഗിച്ചു.

ഇന്ത്യയുടെ എഴുപത്തി എട്ടാമത് സ്വാതന്ത്ര്യ ദിനവും ആഘോഷിച്ചു.



# ബിന്ദു ജോണിന് ഡെയ്സി അവാർഡ്

**പോൾ ഡി. പനയ്ക്കൽ**




ന്യൂയോർക്ക്: ന്യൂയോർക്ക് ക്യൂൻസ് ബെൽറോസിലെ ബിന്ദു ജോണിനെ നോർത്ത്വെൽ ഹെൽത്ത് സുക്കർ ഹിൽസൈഡ് ഹോസ്പിറ്റൽ ഡെയ്സി അവാർഡ് നല്കി ആദരിച്ചു. അസാധാരണമായ അനുകമ്പയും വൈദഗ്ദ്ധ്യവും പ്രകടിപ്പിക്കുന്ന, അനന്യസാധാരണവും മാതൃകാപരവുമായ ആതുരസേവനമാണ് ബിന്ദുവിനെ ഈ അംഗീകാരത്തിന് അർഹയാക്കിയത്. നോർത്ത്വെൽ ഹെൽത്തിലെ മാനസികാരോഗ്യ മേഖലയുടെ പതാകക്കപ്പലെന്നറിയപ്പെടുന്ന സുക്കർ ഹിൽസൈഡ് ഹോസ്പിറ്റലിൽ ഡിമെൻഷിയ, അൽഷിമേഴ്സ്, പലതരം മാനസിക അനാരോഗ്യങ്ങൾ എന്നിവമൂലം ചികിത്സയ്ക്കെത്തുന്ന പ്രായമുള്ളവരെ ശുശ്രൂഷിക്കുന്ന യൂണിറ്റിലെ രജിസ്റ്റേർഡ് നേഴ്സായ ബിന്ദുവിനെ അവാർഡ് കമ്മിറ്റി നിശ്ചിത മാനദണ്ഡങ്ങൾക്ക് വിധേയമാക്കിയാണ് അവാർഡിനായി തെരഞ്ഞെടുത്തത്.




മുപ്പത്തിമൂന്നാം വയസ്സിൽ ഒരു ഓട്ടോ ഇമ്മ്യൂൺ അസുഖം ബാധിച്ചു മരണമടഞ്ഞ ജെ. പാട്രിക് ബാൺസിന്റെ കുടുംബം 1999-ൽ സ്ഥാപിച്ച ഡെയ്സി അവാർഡ് ഇതിനകം അനേകമനേകം നേഴ്സുമാരെ ദേശീയതലത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആദ്യവർഷങ്ങളിൽ യുണൈറ്റഡ് സ്റ്റേറ്റ്സിൽ മാത്രമായിരുന്നെങ്കിലും ഇന്ന് ഇന്ത്യ, ഫിലിപ്പീൻസ്, സൗദി അറേബ്യ, യുഎഇ, ഫ്രാൻസ്, ബെൽജിയം, ജപ്പാൻ തുടങ്ങി അനേകം രാജ്യങ്ങളിലെ പ്രമുഖ ആശുപത്രികൾ ഡെയ്സി ഫൗണ്ടേഷനുമായി സഹകരിച്ച് അവാർഡുകൾ നല്കുന്നുണ്ട്.

ഔദ്യോഗിക വൈദഗ്ദ്ധ്യത്തോടെ പ്രത്യേകം ശ്രദ്ധിക്കപ്പെടുന്ന അനുകമ്പയോടെയുള്ള ശുശ്രൂഷ, രോഗികളുടെയും അവരുടെ കുടുംബങ്ങളുടെയും താല്പര്യങ്ങൾക്കു വേണ്ടിയുള്ള വാദം, രോഗസൗഖ്യത്തിനു വേണ്ടി മറ്റു സഹപ്രവർത്തകരുമായുള്ള സഹകരണം, ഉന്നതനിലവാരവും ധാർമ്മികതയും നിറഞ്ഞ ഔദ്യോഗികത എന്നിവയെ ആസ്പദമാക്കി രോഗികളും അവരുടെ കുടുംബങ്ങളും സഹപ്രവർത്തകരും നല്കുന്ന നോമിനേഷനുകളിൽ നിന്നാണ് ഡെയ്സി അവാർഡ് കമ്മിറ്റി ജേതാവിനെ തെരഞ്ഞെടുക്കുന്നത്.

സിംബാബ്‌വെയിൽ കൈകൊണ്ട് നിർമ്മിച്ച ഒരു ശില്പവും അവാർഡ് സർട്ടിഫിക്കറ്റും പ്രത്യേകമായി അവാർഡ് ദാനത്തിനു മാത്രമായി തയ്യാറാക്കിയ ആഘോഷച്ചടങ്ങിൽ ഡെയ്സി ഫൗണ്ടേഷനു വേണ്ടി കമ്മിറ്റി ചെയർ ഡോ. സൂസൻ ഫിറ്റ്സ്ജെറാൾഡ് ബിന്ദുവിന് സമ്മാനിച്ചു. ബിന്ദുവിന്റെ കഠിനാദ്ധ്വാനം, അർപ്പണബോധം, നേഴ്സിംഗ് കെയർ രോഗികളിൽ ചെലുത്തിയ സ്വാധീനം എന്നിവയെ അംഗീകരിക്കുന്ന ഒരു സുപ്രധാന ബഹുമതിയാണ് ഇതെന്ന് ഡോ. ഫിറ്റ്സ്ജെറാൾഡ് ബിന്ദുവിനെ അനുമോദിച്ചുകൊണ്ട് പറഞ്ഞു. യൂണിറ്റ് മാനേജർ ജെന്നിഫർ ഡിപിയെട്രോ ബിന്ദുവിന് ഡെയ്സി പിൻ അണിയിച്ചു.

ഡെയ്സി ഫൗണ്ടേഷന്റെ വെബ്സൈറ്റിൽ ബഹുമതി ലഭിച്ചവരുടെ ലിസ്റ്റിൽ ബിന്ദുവിന്റെ ഫോട്ടോയും വിവരങ്ങളും അതോടൊപ്പം പോസ്റ്റ് ചെയ്യും. Paudom88@gmail.com (347 330 0783)

# ഒരു ചുക്കും സംഭവിക്കില്ല!



രാജു മൈലപ്ര

മാന്യമഹാജനങ്ങളേ!

അങ്ങനെ അവസാനം നമ്മൾ ആകാംക്ഷയോടു കൂടി കാത്തിരുന്ന 'ഹേമാ കമ്മിറ്റി' റിപ്പോർട്ട് പുറത്തുവന്നു. ഇതോടുകൂടി കേരള ജനത ഇന്ന് അഭിമുഖീകരിക്കുന്ന പല പ്രധാന പ്രശ്നങ്ങൾക്കും ഒരു പരിഹാരം ഉണ്ടാകുമെന്നു പ്രതീക്ഷിക്കാം.

സാധാരണ എന്തെങ്കിലും കുറ്റകൃത്യങ്ങൾ കണ്ടാൽ ഉടനടി 'ഒരു പ്രത്യേക ആക്ഷൻ' എടുക്കുന്ന ഒരു സർക്കാർ സംവിധാനമാണ് ഇന്നു നിലവിലുള്ളത്. അതുകൊണ്ടായിരിക്കാം റിപ്പോർട്ട് കിട്ടിയിട്ടും നാലരവർഷത്തോളം അതു ബി-നിലവറയിൽ വെച്ചു പൂട്ടിയിട്ട് ഈയൊരു നല്ല മുഹൂർത്തം നോക്കി പുറത്തുവിട്ടത്. അതും 'എരിവും പുളിയുമുള്ള' ഭാഗങ്ങൾ എല്ലാം മുറിച്ചുമാറ്റിയതിനു ശേഷം. അതു പുറത്തുവിട്ടാൽ പലരുടെയും സ്വകാര്യതയെ ബാധിക്കുമത്രേ! അത് നല്ലൊരു തീരുമാനമാണ്.

മമ്മൂട്ടി മുതൽ അന്തരിച്ച മാമുകോയ വരെയുള്ളവരെ സംശയത്തിന്റെ മുൾമുനയിൽ നിർത്തിക്കൊണ്ടാണ് ഈ റിപ്പോർട്ട് പുറത്തു വന്നിട്ടുള്ളത്.

എന്നാൽ, ഇതു കേട്ടിട്ട് സാധാരണജനങ്ങളൊന്നും ഞെട്ടിയില്ല. സിനിമാലോകത്തെ ഇത്തരം കഥകളൊക്കെ എത്രയോ കാലമായി അങ്ങാടിപ്പാട്ടാണ്.

സ്വന്തം ഭാര്യമാർ പോലും തെളിവുസഹിതം ഭർത്താക്കന്മാരിൽ നിന്നും നേരിടേണ്ടിവന്ന പീഡന അനുഭവങ്ങൾ ചാനലുകൾ വഴി പുറത്തുവിട്ടിട്ടും അവരെല്ലാം ഇന്നും അധികാരസ്ഥാനങ്ങളിൽ ഒരു പ്രശ്നവുമില്ലാതെ തുടരുന്നില്ലേ!

പീഡനങ്ങൾ സിനിമാ മേഖലയിൽ മാത്രം ഒതുങ്ങുന്നില്ല. കന്യാസ്ത്രീമഠങ്ങൾ, ആരാധനാലയങ്ങൾ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ തുടങ്ങി എവിടെയെല്ലാം പുറംലോകം അറിയാത്ത എത്രയോ നിന്ദ്യവും നീചവുമായ പ്രവൃത്തികൾ നടക്കുന്നു...

ഇത്തരം പല സ്ഥലങ്ങളിൽ നിന്നും രക്ഷപ്പെടുവാനുള്ള അവസരങ്ങൾ ഇരകൾക്കില്ല എന്നതാണ് സത്യം. എന്നാൽ, സിനിമാ മേഖല വ്യത്യസ്തമാണെന്നാണ് എന്റെ നിഗമനം. അവിടെ അവർക്ക് ഹിതമല്ലാത്ത കാര്യങ്ങൾക്ക് വഴങ്ങേണ്ടി വരുന്ന ഒരു സാഹചര്യമുണ്ടായാൽ 'ഗുഡ്ബൈ' പറഞ്ഞു സ്ഥലം വിടരുതോ?

സിനിമയിൽ പിടിച്ചുനിൽക്കണമെങ്കിൽ നിർമ്മാതാവ്, സംവിധായകൻ, പ്രമുഖ നടന്മാർ തുടങ്ങി ലൈറ്റ് ബോയിസിന്റെ വരെ ഇംഗിതത്തിനു വഴങ്ങണമെന്നാണ് ചില നടിമാർ ഹേമാ കമ്മിറ്റി മുമ്പാകെ മൊഴി കൊടുത്തിരിക്കുന്നത്.

പുതുമുഖ നടികളെ പ്രലോഭിപ്പിച്ച് കെണിയിൽ വീഴ്ത്തുവാൻ വിരുതുള്ള ചില സീനിയർ നടിമാർ പണ്ടുമുതലേ ഈ മേഖലയിലുണ്ടത്രേ!

വലയിൽ വീഴാത്തവരെ 'സ്റ്റേജ് ഷോ' പരിപാടിയുമായി വിദേശങ്ങളിൽ കൊണ്ടുപോയി 'ഉന്നതർക്ക്' കാഴ്ചവെച്ച് അവരെ മെരുക്കിയെടുക്കുന്ന 'കുങ്കിയാന' ലേഡി സ്റ്റാർസും ഇവരോടൊപ്പം ഉണ്ടാകുമത്രേ!

(ഈ 'കലാപരിപാടി'യിൽ പങ്കാളികളായിട്ടുള്ള അമേരിക്കയിലെ പൗരപ്രമുഖന്മാരുടെ പേരുവിവരം അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്)

(ശേഷം 30-ാം പേജിൽ)



# പ്രമുഖർക്കെതിരെ ആരോപണവുമായി നടി മിനു മുനീർ

കൊച്ചി: നടന്മാരായ മുകേഷ്, ജയസൂര്യ, മണിയൻപിള്ള രാജു, ഇടവേള ബാബു എന്നിവർക്കെതിരെ ഗുരുതര ആരോപണവുമായി നടി മിനു മുനീർ. ആദ്യത്തെ ദുരനുഭവം 2008-ൽ 'ദേ ഇങ്ങോട്ടു നോക്കിയേ' എന്ന സിനിമയുടെ സെറ്റിൽവെച്ച് ജയസൂര്യയിൽ നിന്നാണ് ഉണ്ടായതെന്നു ചാനലുകൾക്ക് നല്കിയ അഭിമുഖത്തിൽ നടി ആരോപിക്കുന്നു.

സെക്രട്ടേറിയറ്റിലായിരുന്നു ഷൂട്ടിങ്. റസ്റ്റ് റൂമിൽ പോയിട്ടു വന്നപ്പോൾ ജയസൂര്യ പിറകിൽ നിന്ന് കെട്ടിപ്പിടിച്ചു ചുംബിച്ചു. ഫ്ളാറ്റിലേക്ക് വരാൻ ക്ഷണിച്ചു. സഹകരിച്ചാൽ ഗുണമുണ്ടാകുമെന്ന് ജയസൂര്യ പറഞ്ഞു. അപ്രതീക്ഷിതമായി പിന്നിൽനിന്ന് കെട്ടിപ്പിടിച്ച ശേഷമാണ് ശാരീരികമായി ഉപദ്രവിച്ചതെന്ന് മിനു ആരോപിച്ചു. താൻ എതിർത്തതോടെ അവസരങ്ങൾ നിഷേധിക്കുകയായിരുന്നു. പിന്നീട് ശല്യം ഉണ്ടായിട്ടില്ല. ആരോടെങ്കിലും ഇക്കാര്യം പറയാൻ പേടിയായിരുന്നെന്നും നടി പറഞ്ഞു.

2013 ആയപ്പോഴേക്കും താൻ ആറ് സിനിമകളിൽ അഭിനയിച്ചു. മൂന്ന് സിനിമകളിൽ അഭിനയിച്ചാൽ അമ്മ സംഘടനയിൽ അംഗത്വം ലഭിക്കുമെന്നറിഞ്ഞ് ഇടവേള ബാബുവിനെ ഫോണിൽ വിളിച്ചു. അപ്പോൾ ഫോറം പൂരിപ്പിക്കാൻ ഫ്ളാറ്റിലേക്ക് ക്ഷണിച്ചു. ഫോറം പൂരിപ്പിച്ചുകൊണ്ടു നിന്നപ്പോൾ ബാബു കഴുത്തിൽ ചുംബിച്ചു. അപ്രതീക്ഷിതമായി ആ സംഭവം ഉണ്ടായതോടെ താൻ പെട്ടെന്ന് ഫ്ളാറ്റിൽ നിന്നിറങ്ങിപ്പോയി. അമ്മയിൽ അംഗത്വം കിട്ടിയില്ലെന്നും നടി വ്യക്തമാക്കി.

'കലണ്ടർ' സിനിമ ചിത്രീകരണത്തിനിടെ ഹോട്ടലിൽ വെച്ചാണ് മുകേഷ് കടന്നുപിടിച്ചത്. താൻ



എതിർത്തതിന്റെ പേരിൽ അമ്മയിലെ തന്റെ അംഗത്വ അപേക്ഷ മുകേഷ് ഇടപെട്ട് തള്ളിയെന്നും മിനു ആരോപിച്ചു. പിന്നീട് നടൻ മുകേഷ് ഫോണിൽ വിളിച്ച് മോശമായി സംസാരിച്ചു. നേരിട്ട് കണ്ടപ്പോഴും മോശമായി സംസാരിച്ചു. വില്ലയിലേക്ക് വരാൻ ക്ഷണിച്ചു. മുകേഷിനോട് പിന്നീട് സംസാരിച്ചിട്ടില്ലെന്നും അവർ പറഞ്ഞു. രാഷ്ട്രീയ പ്രേരിതമാണ് ആരോപണമെന്ന മുകേഷിന്റെ പ്രതികരണത്തെ തുടർന്നാണ് ഇപ്പോൾ ഇക്കാര്യങ്ങൾ പറയുന്നത്. ഉപ്പു തിന്നവൻ വെള്ളം കുടിക്കണമെന്നും മിനു വ്യക്തമാക്കി.

മണിയൻപിള്ള രാജുവും തന്നോട് ലൈംഗിക ചുവയോടെ സംസാരിച്ചു. ഒരുമിച്ചു വാഹനത്തിൽ സഞ്ചരിച്ചപ്പോൾ മോശമായി സംസാരിച്ചു. മുറിയുടെ വാതിലിൽ മുട്ടി. പ്രൊഡക്ഷൻ കൺട്രോളർ നോബിൾ, റിച്ചു എന്നിവരും മോശമായി പെരുമാറി. പിന്നീട് അമ്മയിൽ നിന്ന് ഒരാൾ വിളിച്ച് ഇപ്പോൾ അംഗത്വം തരാൻ കഴിയില്ലെന്ന് അറിയിച്ചു. ഇതിനുശേഷം മനസ് മടുത്ത് ചെന്നൈയിലേക്ക് പോയെന്നും അഭിനയം നിർത്തിയെന്നും നടി വെളിപ്പെടുത്തി. സിനിമയിലെ ദുരനുഭവങ്ങൾ വെളിപ്പെടുത്താൻ കൂടുതൽ പേർ മുന്നോട്ടു വരണമെന്നു സർക്കാർ നിർദേശിച്ചതിനെ തുടർന്നാണ് എല്ലാം തുറന്നു പറയുന്നതെന്നും മിനു മുനീർ പറഞ്ഞു.

മണിയൻപിള്ള രാജു കതകിൽ മുട്ടിയ കാര്യം മിനു തന്നോട് പറഞ്ഞിരുന്നുവെന്ന് നടി ഗായത്രി വർഷ പറഞ്ഞു. വളരെ ആക്ടീവായിരുന്ന അവരെ ലൊക്കേഷനിൽ പെട്ടെന്നു വിഷമത്തോടെയാണ് കണ്ടത്. ഇക്കാര്യങ്ങളൊക്കെ തന്നോട് പറഞ്ഞപ്പോൾ ധൈര്യമായി നേരിടണമെന്ന് താൻ ഉപദേശിച്ചുവെന്നു ഗായത്രി വർഷ പറഞ്ഞു.

## ഏകീകൃത പെൻഷൻ

(3-ാം പേജിൽനിന്നും)

ഉൾപ്പെടെയുള്ള മറ്റു വകുപ്പുകളിൽ 4,32,968 പേരും കേന്ദ്രപെൻഷൻ വാങ്ങുന്നുണ്ട്.

കേരളം പുതിയ പെൻഷൻ പദ്ധതി നടപ്പാക്കുന്ന കാര്യം വൈകാതെ പരിശോധിക്കും. കേന്ദ്രം പ്രഖ്യാപിച്ച ഏകീകൃത പെൻഷൻ പദ്ധതിയുടെ നേട്ടങ്ങൾ പുറത്തു പറയുന്നുണ്ടെങ്കിൽ അതിന്റെ ഫോർമുല ഇനിയും വ്യക്തമാക്കിയിട്ടില്ല. നിശ്ചിത തുക പെൻഷൻ ഉറപ്പാക്കുന്ന പദ്ധതിയാണു കേരളവും ആലോചിക്കുന്നത്.

## രാജിവെച്ചു

(3-ാം പേജിൽനിന്നും)

രഞ്ജിത്തിന്റെ രാജിക്കായി പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികൾ സമരപരിപാടികളുമായി രംഗത്തെത്തുകയും ചലച്ചിത്രമേഖലയിലെ ചില പ്രമുഖരടക്കം രാജിആവശ്യം ഉന്നയിക്കുകയും ചെയ്തിരുന്നു. എന്നിട്ടും മുഖ്യമന്ത്രി പിണറായി വിജയന്റെയും സാംസ്കാരിക മന്ത്രി സജി ചെറിയാന്റെയും പിന്തുണയോടെ ചെയർമാൻസ്ഥാനത്ത് തുടർന്നു. ഇടതുമുന്നണിയിലെ ഘടകകക്ഷികൾ അടക്കം എതിർപ്പ് അറിയിച്ചതിനു പിന്നാലെയാണ് രഞ്ജിത്ത് രാജിവെച്ചത്.

ലൈംഗിക പീഡന ആരോപണം ഉയർന്ന് മണിക്കൂറുകൾക്കുള്ളിൽ നടൻ സിദ്ദീഖ് താരസംഘടനയായ അമ്മയുടെ ജനറൽ സെക്രട്ടറിസ്ഥാനം രാജിവെച്ചതിനു പിന്നാലെയുണ്ടായ സമ്മർദത്തെത്തുടർന്നാണ് രഞ്ജിത്തും രാജി സമർപ്പിച്ചതെന്നാണു വിവരം.

## എയർ ഇന്ത്യക്ക് 90 ലക്ഷം പിഴ

ന്യൂഡൽഹി: മതിയായ യോഗ്യതയില്ലാത്ത പൈലറ്റുമായി വിമാനം പറത്തിയതിന് എയർ ഇന്ത്യക്ക് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡിജിസിഎ) 90 ലക്ഷം രൂപ പിഴ ചുമത്തി.

വീഴ്ചവരുത്തിയതിന് എയർ ഇന്ത്യയുടെ ഡയറക്ടർ ഓപ്പറേഷൻസ് പങ്കുൽ മാഥുർ, ഡയറക്ടർ ഓഫ് ട്രെയിനിങ് മനീഷ് വസവദ എന്നിവർക്കും യഥാക്രമം ആറുലക്ഷം രൂപയും മൂന്നുലക്ഷം രൂപയും പിഴയിട്ടു. മനീഷ് വസവദയെ ആറു മാസത്തേക്ക് സസ്പെൻഡ് ചെയ്തിട്ടുമുണ്ട്.

ജൂലായ് ഒൻപതിന് മുംബൈയിൽനിന്ന് റിയാദിലേക്കു പോയ വിമാനത്തിലാണ് സംഭവം. ഫ്ളൈയിങ് ഡ്യൂട്ടിക്ക് അനുമതി ലഭിക്കാത്ത ജൂനിയർ പൈലറ്റിനെ പരിശീലകനല്ലാത്ത ക്യാപ്റ്റനൊപ്പം വിമാനത്തിൽ നിയോഗിക്കുകയായിരുന്നു.

സംഭവത്തിൽ എയർ ഇന്ത്യ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഡിജിസിഎ നടപടി. ഗുരുതരമായ വീഴ്ചയാണ് എയർ ഇന്ത്യയുടെ ഭാഗത്തുണ്ടായതെന്ന് ഡിജിസിഎ പറഞ്ഞു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പൈലറ്റുമാർക്ക് മുന്നറിയിപ്പും നൽകി.

ജൂനിയർ പൈലറ്റിനെ കോക്ക്പിറ്റ് ഡ്യൂട്ടിക്ക് നിയോഗിക്കുമ്പോൾ ട്രെയിനിങ് ക്യാപ്റ്റൻ ഒപ്പമുണ്ടാകണമെന്നാണ് നിയമം. ഇത് പാലിക്കപ്പെട്ടില്ല. ട്രെയിനിങ് ക്യാപ്റ്റന് അസുഖം ബാധിച്ചതിനെത്തുടർന്ന് ജൂനിയർ പൈലറ്റിനെ പരിശീലകനല്ലാത്ത ക്യാപ്റ്റനൊപ്പം നിയോഗിക്കുകയായിരുന്നു

വിമാനത്തിന്റെ ഷെഡ്യൂളിങ് ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുണ്ടായ വീഴ്ച പൈലറ്റുമാർ പാതിവഴിക്കാണ് തിരിച്ചറിഞ്ഞത്.

റിയാദിൽ വിമാനം ഇറങ്ങിയതിനുപിന്നാലെ പൈലറ്റുമാർ എയർ ഇന്ത്യ അധികൃതർക്ക് റിപ്പോർട്ട് നൽകി. അന്വേഷണത്തിൽ ഒട്ടേറെ വീഴ്ചകൾ കണ്ടെത്തിയതായും ഡിജിസിഎ പറഞ്ഞു.

## അന്വേഷണസംഘത്തെ പ്രഖ്യാപിച്ച് സർക്കാർ

(3-ാം പേജിൽനിന്നും)

അതേസമയം, വെളിപ്പെടുത്തലുകൾ നടത്തിയവരും മുൻപ് ഹേമ കമ്മിറ്റിക്കു മൊഴി നല്കിയവരും അന്വേഷണസംഘം മുമ്പാകെ മൊഴി നല്കേണ്ടി വരുന്നത് വീണ്ടും മാനസിക പീഡനത്തിനു വഴിയൊരുക്കുമെന്ന വാദം ഉയർത്തി ഡബ്ല്യുസിസി അംഗങ്ങൾ രംഗത്തെത്തിയിട്ടുണ്ട്. പ്രത്യേക സംഘത്തിന്റെ പ്രവർത്തനസ്വഭാവം എങ്ങനെയെന്നതിനെ അടിസ്ഥാനമാക്കിയാകും നേരത്തെ മൊഴി നല്കിയവർ വീണ്ടും മൊഴി നല്കാൻ തയ്യാറാകുക. ജസ്റ്റിസ് ഹേമ കമ്മിറ്റിക്കു മുമ്പാകെ വനിതകൾ നല്കിയ മൊഴികളുടെയും വിവരിച്ച ദുരനുഭവങ്ങളുടെയും അടിസ്ഥാനത്തിലുള്ള അന്വേഷണം പ്രത്യേകസംഘം നടത്തില്ലെന്നാണ് സൂചന. സിനിമാരംഗത്തു പ്രവർത്തിക്കുന്ന വനിതകൾ സമൂഹമാധ്യമങ്ങളിൽ ഉൾപ്പെടെ നടത്തിയ വെളിപ്പെടുത്തലുകളാകും സംഘം അന്വേഷിക്കുക.

## കരാർ നിയമനം: സുപ്രീം കോടതിയുടെ നിർണായകവിധി

ന്യൂഡൽഹി: അച്ചടക്ക നടപടികളിൽ അന്വേഷണം പൂർത്തിയാകാതെ ജീവനക്കാരുടെ കരാർ റദ്ദാക്കരുതെന്ന് സുപ്രീംകോടതി നിർദേശിച്ചു. കരാർ പുതുക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാതെ ജോലിയിൽ നിന്നു പിരിച്ചുവിടുന്നത് ഉദ്യോഗാർത്ഥികളുടെ ഭാവിയെ ബാധിക്കുമെന്നും ജഡ്ജിമാരായ ഹിമ കോലി, എ. അമാനുള്ള എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി.

മധ്യപ്രദേശിൽ സർവശിക്ഷ അഭിയാൻ പദ്ധതിയിൽ അസി. പ്രോജക്ട് ഓഫീസർ പദവിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന യുവതിയെ ജോലിയിൽ നിന്നു പിരിച്ചുവിട്ടതു ശരിവെച്ച മധ്യപ്രദേശ് ഹൈക്കോടതി വിധി റദ്ദാക്കിയാണ് സുപ്രീം കോടതിയുടെ നടപടി. പിരിച്ചുവിട്ടതിനു പിന്നിലെ യഥാർത്ഥ കാരണം കോടതി പരിശോധിക്കേണ്ടിയിരുന്നുവെന്നും കോടതി വിലയിരുത്തി.

രണ്ട് തവണ കാരണം കാണിക്കൽ നോട്ടീസ് നല്കിയതിനു ശേഷമാണ് യുവതിയെ കരാർ പുതുക്കുന്നില്ലെന്നു അറിയിച്ചത്. എന്നാൽ, ഇതിന്റെ പശ്ചാത്തലം വ്യക്തമാക്കുകയോ അന്വേഷണ നടപടികൾ പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. കരാർ പുതുക്കിയില്ല എന്ന ലളിതമായ മറുപടിയാണ് സംസ്ഥാന സർക്കാർ നല്കിയത്. എന്തിനാണ് കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നതെന്നും വ്യക്തമാക്കിയിട്ടില്ല. പെരുമാറ്റ ദൂഷ്യംകൊണ്ടോ ജോലിയിലുള്ള കഴിവില്ലായ്മ കൊണ്ടോ ഉദ്യോഗാർത്ഥിയെ പുറത്താക്കുന്നത് കൃത്യമായ നടപടിക്രമങ്ങളിലൂടെ ആയിരിക്കണമെന്ന സുപ്രീം കോടതിയുടെ 1957-ലെ വിധിയും ബെഞ്ച് ചൂണ്ടിക്കാട്ടി.

## എക്സാലോജിക്: സിഎംആർഎലിനെതിരെ അന്വേഷണം തുടരാം

ന്യൂഡൽഹി: എക്സാലോജിക് കമ്പനിയുമായുള്ള ഇടപാടുകൾ സംബന്ധിച്ച് സിഎംആർഎലിനെതിരായ അന്വേഷണം എസ്എഫ്ഐഒയ്ക്ക് (സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്) തുടരാമെന്ന് ഡൽഹി ഹൈക്കോടതി വ്യക്തമാക്കി. എന്നാൽ, അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ പാടില്ലെന്നും നിർദേശിച്ചു.

സിഎംആർഎലിന്റെ മൂന്ന് ഡയറക്ടർമാർ ഉൾപ്പെടെ എട്ടു പേർക്ക് എസ്എഫ്ഐഒ നല്കിയ സമൻസ് സ്റ്റേ ചെയ്യണമെന്നും ഡൽഹി ഹൈക്കോടതിയിലുള്ള ഹർജിയിൽ തീർപ്പുണ്ടാകുന്നതു വരെ അന്തിമ റിപ്പോർട്ട് ഫയൽ ചെയ്യാൻ അനുവദിക്കരുതെന്നും ആവശ്യപ്പെട്ട് സിഎംആർഎൽ നല്കിയ ഹർജിയാണ് ജസ്റ്റിസ് സുബ്രഹ്മണ്യം പ്രസാദ് പരിഗണിച്ചത്.

അന്വേഷണ ഏജൻസിയുടെ നിലപാട് തേടിയ കോടതി ഹർജി ഓഗസ്റ്റ് 30-ലേക്ക് മാറ്റി.

എക്സാലോജിക് കമ്പനിയുമായുള്ള ഇടപാടു സംബന്ധിച്ച അന്വേഷണം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് സിഎംആർഎൽ നേരത്തെ നല്കിയ ഹർജി ഡൽഹി ഹൈക്കോടതി നവംബർ 12-ലേക്ക് മാറ്റി.

## അസംബ്ലി സമാപിച്ചു

(3-ാം പേജിൽനിന്നും)

സഭാ വക്താവ് അഡ്വ. അജി ജോസഫ് കോയിക്കൽ അസംബ്ലിയുടെ സമാപന പ്രസ്താവന സമ്മേളനത്തിൽ വായിച്ചു.

സമാപന സമ്മേളനത്തെത്തുടർന്ന് മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ, കോട്ടയം ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്, സിനഡ് സെക്രട്ടറിയും തലശേരി ആർച്ച്ബിഷപ്പുമായ മാർ ജോസഫ് പാംപ്ലാനി, വിൻസെൻഷ്യൻ സന്യാസസമൂഹം സുപ്പീരിയർ ജനറൽ ഫാ. ജോൺ കണ്ടത്തിങ്കര വിസി, ചിക്കാഗോ രൂപത വികാരി ജനറാൾ ഫാ. ജോൺ മേലേപ്പുറം എന്നിവരുടെ കാർമികത്വത്തിൽ വിശുദ്ധ കുർബാന യർപ്പിച്ചു.

മേജർ ആർച്ച്ബിഷപ് വചനസന്ദേശം നൽകി. പാലാ സമ്മാനിച്ച ഹൃദ്യമായ ആതിഥേയത്വത്തിനും അസംബ്ലിയുടെ സുഗമമായ നടത്തിപ്പിനും പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിനും സഹപ്രവർത്തകർക്കും സമ്മേളനം നന്ദി രേഖപ്പെടുത്തി.

## മണർകാട് മാത്യു അന്തരിച്ചു



കോട്ടയം: 'വനിത'ദ്വൈവാരിക മുൻ എഡിറ്റർ-ഇൻ-ചാർജ് മണർകാട് മാത്യു (89) അന്തരിച്ചു. മണർകാട് സെ. മേരീസ് ഹൈസ്കൂളിൽ അധ്യാപകനായാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. 1968-ൽ മലയാള മനോരമയിൽ ചേർന്നു. പത്രപ്രവർത്തന മികവിനുള്ള ഒട്ടേറെ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. സാഹിത്യം, ശാസ്ത്രം, സിനിമ മേഖലകളിൽ ഒട്ടേറെ കൃതികളുടെ കർത്താവാണ്. ചലച്ചിത്രനിരൂപകനും കോട്ടയം പ്രസ്ക്ലബ് മുൻ പ്രസിഡണ്ടുമാണ്. പാടത്തുമാപ്പിള കുടുംബം കുന്നേൽ ശാഖയിൽ പരേതരായ മാത്തുവും മറിയവുമാണ് മാതാപിതാക്കൾ. ഭാര്യ സൂസി മാത്യു ആർപ്പൂക്കര തെക്കേതേട്ടിൽ കുടുംബാംഗമാണ്. മക്കൾ: സജീവ് മാത്യു, റെയ്മോൾ സെഫി (കുവൈറ്റ്), ആഷിലി മാത്യു(അദ്ധ്യാപിക, തോട്ടക്കാട്). മരുമക്കൾ: മെറിൻ പോൾ, സെഫി അലക്സ് വാലയിൽ പുത്തനങ്ങാടി, പരേതനായ അജി മാത്യു പുത്തേട്ട് കടുപ്പിൽ തോട്ടക്കാട്.

# SEEKING BRIDEGROOM

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/ PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested, please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDE

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to **jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to **hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girl*s who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures
WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDEGROOM CONTD.....

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

# നിര്യാതരായി

## എം.ജെ. ജോൺ

**ആനിക്കാട്:** പാറോലിക്കൽ എം.ജെ. ജോൺ (തമ്പി-73) അന്തരിച്ചു. ഭാര്യ ആങ്ങമൂഴി വലിയതറയിൽ ലില്ലിക്കുട്ടി ജോൺ. മക്കൾ: ലിജോ ജോൺ (യുഎസ്), ലിബിൻ ജോൺ (ഡൽഹി). മരുമക്കൾ: അനി യോഹന്നാൻ (യുഎസ്), രഞ്ജു ജോർജ് (സൗദി).

**കുമരകം:** തേറാമ്പിൽ പീടികച്ചിറയിൽ വീട്ടിൽ പരേതനായ ടി.കെ. കുഞ്ഞുമോന്റെ ഭാര്യ ലില്ലിക്കുട്ടി കുഞ്ഞുമോൻ (70) അന്തരിച്ചു.

## ജോർജ് മാത്യു

**പുനലൂർ:** തൊളിക്കോട് കുഴിവേലിൽ (റിവർ വ്യൂ) ജോർജ് മാത്യു (85) അന്തരിച്ചു. ഭാര്യ പരേതയായ സൂസമ്മ ജോർജ്. മക്കൾ: ബോബി ജോർജ് (യുഎസ്), ബീന മാനുവൽ കോശ്ടി (പാലാ). മരുമക്കൾ: ഡോ. മിനു ദാനിയൽ കുഴിഞ്ഞവിളയിൽ അടൂർ (യുഎസ്), മാനുവൽ കോശ്ടി (മാനേജിങ് ഡയറക്ടർ, ഗ്രീൻ കേരള പ്ലാന്റേഷൻ പ്രൈവറ്റ് ലിമിറ്റഡ്).

**തൈക്കാട്ടുശേരി:** കടക്കരപ്പള്ളി ഗവ. എൽപിഎസ് റിട്ട. പ്രധാനാധ്യാപിക നാന്തറ ഇ. മേരിക്കുട്ടി (91) അന്തരിച്ചു.

**പാലാ:** കൊഴുവനാൽ കൊല്ലംപറമ്പിൽ ജോസ് മാത്യു (തങ്കച്ചൻ-76) അന്തരിച്ചു.

## എൻ. ചന്ദ്രശേഖരൻ നായർ

**അമൃതപുരി:** എം.ജി. യൂണിവേഴ്സിറ്റി റിട്ട. ജോ. രജിസ്ട്രാർ എൻ. ചന്ദ്രശേഖരൻ നായർ (81) അന്തരിച്ചു. ഭാര്യ പരേതയായ കെ. ലതികാകുമാരി. മക്കൾ: അംബിക (യുഎസ്), ഹരി ചന്ദ്രശേഖരൻ (അമൃതപുരി), എൽ. ലളിതാംബിക (അമൃത ടെക്നോളജീസ്). മരുമക്കൾ: ശ്രീകേഷ് പിള്ള (യുഎസ്), പാർവതി, പി. ശ്രീരാജ്.

**കുമരകം:** റിട്ട. ഫോറസ്റ്റ് ഉദ്യോഗസ്ഥൻ ചാണ്ടി ജോസഫ് (76) അന്തരിച്ചു.

**പള്ളം:** കൊടുവത്ത് ബ്രൈറ്റ് വില്ലയിൽ പരേതനായ കെ.വി. ഏബ്രഹാമിന്റെ ഭാര്യ സാറാമ്മ ഏബ്രഹാം (90) അന്തരിച്ചു.

**തിരുവല്ല:** ചാത്തമല മേനേകളീക്കൽ എം.എം. ജോർജ് (റോയി-70) അന്തരിച്ചു.

**അയ്മനം:** മൂലക്കാട്ട് പരേതനായ തോമസ് മാത്യുവിന്റെ ഭാര്യ മറിയാമ്മ തോമസ് (അമ്മാളുകുട്ടി-98) അന്തരിച്ചു.

**വെമ്പള്ളി:** കുറ്റിയാനിതറപ്പേൽ കെ.എം. മാത്യു (മത്തായിക്കുഞ്ഞ്-82) അന്തരിച്ചു.

**ചങ്ങനാശേരി:** പെരുന്ന കൂട്ടുമ്മേൽ പരേതനായ ചാക്കോ സ്കറിയായുടെ മകൻ ഷിജി സക്കറിയ (51) അന്തരിച്ചു.

**പാമ്പാടി-വെള്ളൂർ:** റിട്ട. പോസ്റ്റ്മാസ്റ്റർ കോളശ്ശേരിൽ കെ.സി. കുര്യാക്കോസ് (കൊച്ച്-76) അന്തരിച്ചു.

## സിസ്റ്റർ ക്യാൻഡിഡ നടുവത്തുശ്ശേരി



കൊച്ചി: സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി സഭ (കൊൽക്കത്ത) അംഗമായ സിസ്റ്റർ ക്യാൻഡിഡ നടുവത്തുശ്ശേരി (ആലമ്മ-82) അന്തരിച്ചു. കൊച്ചിയിലെ പുരാതന കുടുംബമായ നടുവത്തുശേരി പരേതരായ എൻ.ജെ. ജോർജിന്റെയും മേരിക്കുട്ടിയുടെയും (വെള്ളാനിക്കാരൻ) മകളാണ്. സഹോദരങ്ങൾ: എൻ.ജി ജെറോം (ആഡ് കൺസൾട്ടന്റ്), എൻ.ജി. സെബാസ്റ്റ്യൻ, റവ. സിസ്റ്റർ സിൽവാന (ഡോട്ടേഴ്സ് ഓഫ് സെന്റ് മേരി ഓഫ് ലെവൂക്ക), എൻ.ജി. ജേക്കബ്, എൻ.ജി. തോമസ്, എൻ.ജി. ജോണി, പരേതരായ എൻ.ജി. ജോസഫ്, എൻ.ജി. ജോർജ് (ആർക്കിടെക്ട്), ഡോ. എൻ.ജി. സ്റ്റാൻലി (റിട്ട. വകുപ്പ് മേധാവി അണ്ണാമലൈ യൂണിവേഴ്സിറ്റി), ഫാ. ജോൺ നടുവത്തുശ്ശേരി സിഎംഐ, എൻ.ജി. ജോബ് (ആർക്കിടെക്ട്), പ്രഫ. ആനി ജേക്കബ്, (സെ. തെരേസാസ് കോളജ് കൊച്ചി).

**വൈക്കം:** എംജി സർവകലാശാല മുൻ ഉദ്യോഗസ്ഥനും വൈക്കം തെക്കേനട മഹാദേവ ഹോട്ടൽ ഉടമയുമായ മുരിയൻകുളങ്ങര തെക്കുംകോവിൽ പുത്തൻമഠത്തിൽ എസ്. വെങ്കിടരാമ അയ്യരുടെ ഭാര്യ അംബുജ അയ്യർ (70) അന്തരിച്ചു.

**അതിരമ്പുഴ:** കഞ്ഞിക്കുഴി മൗണ്ട് കാർമൽ സ്കൂൾ റിട്ട. അധ്യാപിക കൊച്ചുപുളിക്കൽ റോസമ്മ ജോസഫ് (84) അന്തരിച്ചു.

## കുഞ്ഞമ്മ ചാക്കോ

**കീക്കൊഴൂർ:** എംടി ആൻഡ് ഇഎ സ്കൂൾസ് റിട്ട. പ്രധാനാധ്യാപിക പുലിത്തിട്ട കുഞ്ഞമ്മ ചാക്കോ (92) അന്തരിച്ചു. കോഴഞ്ചേരി കോലത്ത് കവണേടത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ റിട്ട. ക്യാപ്റ്റൻ പി.എ. ചാക്കോ. മക്കൾ: മേരിക്കുട്ടി ഏബ്രഹാം (യുഎസ്), സാറാമ്മ ജേക്കബ് (ഓസ്ട്രേലിയ), ലൈല ജോയി (റിട്ട. പ്രധാനാധ്യാപിക, മാങ്ങാനം), മനോജ് ജേക്കബ് (മുംബൈ), മജു ജേക്കബ് (ബെംഗ്ളൂരു), പരേതനായ അലക്സ് ജേക്കബ്. മരുമക്കൾ: സണ്ണി (യുഎസ്), ജോയി (കോട്ടയം), മുക്ത മനോജ് (മുംബൈ), ജോബി മജു (മാവേലിക്കര), പരേതയായ വിനീത അലക്സ്.

**തിടനാട്:** പുന്നയ്ക്കൽ റോസ ജോസഫ് (98) അന്തരിച്ചു.

## വി.എം. ജോസഫ്

**മോനിപ്പള്ളി:** വാഴയിൽ വി.എം. ജോസഫ് (കൊച്ച്-90) അന്തരിച്ചു. ഭാര്യ വാഴക്കുളം മേക്കാട്ട് പരേതയായ കാതറിൻ ജോസഫ്. മക്കൾ: ബാബു, വിൽസൺ, ജോൺസൺ, ലിൻസൺ, നെൽസൺ, സീന (മൂവരും യുകെ), റീന, ടീന (ഇരുവരും യുഎസ്). മരുമക്കൾ: വത്സമ്മ കൊള്ളിമാന്തറ വല്ലകം, ആനീസ് തേക്കാനത്ത് പൂക്കാട്ടുപടി, ലിസി നിരപ്പേൽ വാരിയാനിക്കാട്, സൗദി മോടങ്ങയിൽ ഏറ്റുമാനൂർ, പ്രവീൺകുമാർ മൈലക്കച്ചാലിൽ മുത്തോലപുരം (മൂവരും യുകെ), റിനി കത്തിലാങ്കൽ കാഞ്ഞിരപ്പള്ളി (ഉഴവൂർ ഗ്രാമപഞ്ചായത്തംഗം), സാബു തോമസ് വാടയിൽ വൈക്കം, ജോർജി പുതുവീട്ടിൽ ചാഞ്ഞോടി (ഇരുവരും യുഎസ്).

## എം.എം. ജോർജ്

**തിരുവല്ല:** മേനകളിയിക്കൽ വീട്ടിൽ എം.എം. ജോർജ് (റോയി-76) അന്തരിച്ചു. ഭാര്യ കോഴഞ്ചേരി കാലായിൽ കിഴക്കേതിൽ ആനി ജോർജ്. മക്കൾ: ജെന്നി (യുഎസ്), ജോയ്സ് (ഗുജറാത്ത്). മരുമക്കൾ: സിബി നെടുവേലിൽ (യുഎസ്), ജൂലി (ഗുജറാത്ത്).

**കൂവപ്പള്ളി:** ഉമിക്കുപ്പ സെ. മേരീസ് യുപിഎസ് റിട്ട. പ്രധാനാധ്യാപകൻ കുളപ്പുറം ഉറമ്പയ്ക്കൽ സാജു പോൾ (57) അന്തരിച്ചു.

**മല്ലൂശേരി:** പുത്തൻപറമ്പിൽ പരേതനായ പി.എൽ. സൈമണിന്റെ ഭാര്യ മേരിക്കുട്ടി സൈമൺ (75) അന്തരിച്ചു.

**കട്ടച്ചിറ:** കുടുന്തനാംകുഴിയിൽ അന്നമ്മ ജോസഫ് (86) അന്തരിച്ചു.

## ഡോ. കുരുവിള പി. കുര്യൻ

**നട്ടാശേരി:** മാരായികുളത്തായ കുന്നത്തയ്യാട്ടു പറപ്പള്ളിൽ ഡോ. കുരുവിള പി. കുര്യൻ (തമ്പാച്ചൻ-65) നോർത്ത് കരോളിനയിൽ അന്തരിച്ചു. ഭാര്യ ബിനു കുര്യൻ (തുരുത്തിക്കാട്). മക്കൾ: മാർട്ടിൻ, മരിയ മരുമകൻ: യാസിൻ.

**കല്ലിശേരി:** വേലത്താനുഴത്തിൽ (തേക്കാട്ടിൽ) ഏലിയാമ്മ മത്തായി (99) അന്തരിച്ചു.

**മൂഴൂർ:** പ്ലാത്തോട്ടത്തിൽ പരേതനായ തോമസിന്റെ ഭാര്യ ഏലിക്കുട്ടി തോമസ് (88) അന്തരിച്ചു.

**പൂഞ്ഞാർ:** മുതിരേന്തിക്കൽ പരേതനായ ഒ.വി. വർക്കിയുടെ (റിട്ട. പ്രധാനാധ്യാപകൻ സെ. ആന്റണീസ് എച്ച്എസ് പൂഞ്ഞാർ) ഭാര്യ ഏലിയാമ്മ വർക്കി (88) അന്തരിച്ചു.

**കോട്ടയം:** കഞ്ഞിക്കുഴി മുളപ്പുറത്ത് പരേതനായ എം.ജി. കുര്യന്റെ ഭാര്യ മറിയാമ്മ കുര്യൻ (84) അന്തരിച്ചു.

**കൈപ്പുഴ:** ഡോ. തോമസ് തറയിലിന്റെ ഭാര്യ ഡോ. ഏലിക്കുട്ടി (80) അന്തരിച്ചു.

## ഡോ. ബാബു വാസുദേവൻ

**കൊച്ചി:** പിഎൻവിഎം ഹോസ്പിറ്റൽ സ്ഥാപകനും മാധവ ഫാർമസ്യൂട്ടിക്കൽ ലബോറട്ടറീസ് ഉടമയുമായ പൊരുതിയിൽ ഡോ. ബാബു വാസുദേവൻ (82) അന്തരിച്ചു. ഭാര്യ കോട്ടയം കടവിൽ ബിന്ദു വാസുദേവൻ. മക്കൾ: ഡോ. പ്രേമ നാരായൺ, ഡോ. പ്രിയ വാസുദേവൻ (സൈക്കോളജിസ്റ്റ് യുഎസ്), പ്രമോദ് ബാബു (സിഇഒ മാധവ ഫാർമസ്യൂട്ടിക്കൽസ്). മരുമക്കൾ: ഡോ. അതുല്യ പ്രേം, കിരൺ അശോകൻ, ഡോ. ഗ്രീഷ്മ പ്രമോദ്.

**കോട്ടയം:** മൗണ്ട് കാർമൽ ഗേൾസ് ഹൈസ്കൂൾ റിട്ട. ടീച്ചർ കഞ്ഞിക്കുഴി വടശേരിൽ മേരി മാർക്കസ് (മിമ്മി-86) അന്തരിച്ചു.

**തീക്കോയി:** പുതുക്കുളങ്ങര പരേതനായ പി.പി. വർക്കിയുടെ ഭാര്യ അന്നമ്മ ജോർജ് (അച്ചാമ്മ-85) അന്തരിച്ചു.

## ചെറിയാൻ ജോർജുകുട്ടി



**ഡാളസ്:** ഐപിസി റ്റാബർനാക്കിൾ സഭാംഗം മൈലപ്ര അറുകാലിക്കൽ കുടുംബാംഗം ചെറിയാൻ ജോർജുകുട്ടി (കുഞ്ഞപ്പൻ-75) അന്തരിച്ചു. ഭാര്യ അമ്മിണി ജോർജ്. മക്കൾ: ജിമ്മി ജോർജ് (ന്യൂയോർക്ക്), ജിബി ജോർജ് (ഡാളസ്), ജോബി ജോർജ് (ഡാളസ്). മരുമക്കൾ: സിജി ജോർജ് (ന്യൂയോർക്ക്), സോഫി ജോർജ് (ഡാളസ്), നിഷ ജോർജ് (ഡാളസ്).

**കാണക്കാരി:** ഏറ്റുമാനൂർ ചാസ് എൻജിനീയറിങ് ഉടമ പുള്ളോലിക്കൽ പി.കെ. ജയകുമാർ (59) അന്തരിച്ചു.

**ചിങ്ങവനം:** വിമുക്തഭടൻ ചെമ്പുംകുന്നിൽ സി.ജെ. മർക്കോസ് (90) അന്തരിച്ചു.

## മേരി ചാക്കോ

**കരിങ്കുന്നം:** കാവപുരയ്ക്കൽ മേരി ചാക്കോ (86) അന്തരിച്ചു. ഭർത്താവ് കെ.എം. ചാക്കോ. മക്കൾ: ഷൈനി, ഷാജൻ, ഷാന്റി (യുഎസ്). മരുമക്കൾ: കരിങ്കുന്നം തോട്ടുങ്കൽ ജോസ്, അതിരമ്പുഴ കൊല്ലപ്പള്ളിൽ റോയ് (യുഎസ്).

**പാണ്ടനാട്:** കെഎസ്ആർടിസി റിട്ട. ഉദ്യോഗസ്ഥൻ മൂലേത്തറയിൽ എം.എസ്. രാജൻ (71) അന്തരിച്ചു.

**വാകത്താനം:** പുളിമൂട്ടിൽ ഏബ്രഹാം മാത്യു (മോനച്ചൻ-63) അന്തരിച്ചു.

## സാറാമ്മ ജോസഫ്

**തൊടുപുഴ:** ഗവ. ഗേൾസ് ഹൈസ്കൂൾ റിട്ട. പ്രധാനാധ്യാപിക സാറാമ്മ ജോസഫ് (94) അന്തരിച്ചു. ചങ്ങനാശേരി ചിറ്റേട്ട് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.കെ. ജോസഫ് (റിട്ട. പ്രധാനാധ്യാപകൻ). മക്കൾ: രാജു ജോസഫ്, ബീന (റിട്ട. അധ്യാപിക), സുശീല ഫ്രാൻസിസ്, സലില, സുമം (രണ്ടുപേരും യുഎസ്), ഡോണി (ദുബായ്). മരുമക്കൾ: ഷൈല മാങ്ങഴ, ബെന്നി മൂന്നാംവയൽ, ഫ്രാൻസിസ് വടക്കേപുരക്കൽ, സിറിൾ മംഗലശേരിൽ (മൂവാറ്റുപുഴ), ഫ്രാൻസിസ് ചീക്കപ്പാറ (യുഎസ്) നൈസ് നെടുങ്ങാട് (ദുബായ്).

## കെ.കെ. ശ്രീധരൻ

**ചിങ്ങവനം:** എഫ്സിഐ മുൻ ജീവനക്കാരൻ തടത്തിൽപറമ്പിൽ കെ.കെ. ശ്രീധരൻ (79) അന്തരിച്ചു.ഭാര്യ നെല്ലിക്കൽ പുതുപ്പറമ്പിൽ ചിന്നമ്മ. മക്കൾ: ടി.എസ്. ബിജു, ടി.എസ്. സജു, പ്രിയ ടി. ശ്രീധർ (യുഎസ്). മരുമക്കൾ: മായ പാറമ്പുഴ, മഞ്ജു വില്ലൂന്നി, മധു പത്തനാട്.

**പയസ്മൗണ്ട്:** സെൻട്രൽ ഗവ. റിട്ട. ഉദ്യോഗസ്ഥൻ മുതുപുരയിടത്തിൽ എം.എം. ഏബ്രഹാം (കുഞ്ഞുമോൻ-70) അന്തരിച്ചു.

## ജേക്കബ് കുരുവിള

**കല്ലിശേരി:** കളമശേരി എച്ച്എംടി റിട്ട. എൻജിനീയർ പടിഞ്ഞാറേപുരയ്ക്കൽ ജേക്കബ് കുരുവിള (82) അന്തരിച്ചു. ഭാര്യ നീലംപേരൂർ കോലത്ത് ഗ്രേസ്. മക്കൾ: അജിത്ത് കുരുവിള, ജീന ജേക്കബ്, റീന കുരുവിള (യുഎസ്). മരുമക്കൾ: കോട്ടയം പഴയകളത്തിൽ ചിക്കു ജേക്കബ്, റാന്നി വളഞ്ഞൻതുരുത്തിൽ അജു, കല്ലുപാലത്തുങ്കൽ അരുൺ (യുഎസ്).

**കോതമംഗലം:** സെയിൽ ടാക്സ് റിട്ട. അസി. കമ്മീഷണർ മാലിപ്പാറ കൊച്ചുപറമ്പിൽ കെ.വി. മത്തായി (88) അന്തരിച്ചു.

## ലീലാമ്മ മാത്യു

**കോടിക്കുളം:** ആയത്തുപാടത്ത് ലീലാമ്മ മാത്യു (84) അന്തരിച്ചു. കോടിക്കുളം ആലക്കപ്പിള്ളിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ മാത്യു ഐപ്. മക്കൾ: ഷാലി, ഷീല, ഷെല്ലി, ഷാൻ. ഷാനി, ഷീന. ഷിനോൾ. മരുമക്കൾ: തോട്ടക്കരവാളായിൽ ജോസ്, അരുവിത്തുറ ആനക്കല്ലുങ്കൽ സണ്ണി, മരങ്ങോലി കുതിരവേലിൽ ലിസ്ബത്ത്, സജൻ പുല്ലാട്ട്, ടോമി കാവുങ്കൽ, സോജി കദളിയിൽ, ബിനു ഇല്ലിമൂട്ടിൽ (നാലുപേരും യുഎസ്).

**എടത്വ:** സ്കൂൾ റിട്ട. ഉദ്യോഗസ്ഥൻ മരിയാപുരം വാതല്ലൂർ വി.ജെ. സക്കറിയാസ് (കുട്ടിച്ചൻ-81) അന്തരിച്ചു.

**മല്ലൂശേരി:** ചെട്ടിയാത്ത് അമ്മിണി (87) അന്തരിച്ചു.

## ഗോപാലകൃഷ്ണ വാരിയർ

**തൃപ്പൂണിത്തുറ:** കെൽട്രോൺ കൺട്രോൾസ് റിട്ട. ജനറൽ മാനേജർ വടക്കേകോട്ട അമ്പിളിനഗർ കിങ്സ് ടൗൺ അപ്പാർട്ടുമെന്റിൽ ആത്രശ്ശേരി വാരിയത്ത് ഗോപാലകൃഷ്ണ വാരിയർ (76) അന്തരിച്ചു. ഭാര്യ ഗിരിജ. മകൾ: ലക്ഷ്മി. മരുമകൻ: രാമകൃഷ്ണൻ (ഇരുവരും യുഎസ്).

**ഏറ്റുമാനൂർ:** ബ്ലോക്ക് ഓഫീസ് റിട്ട. ഉദ്യോഗസ്ഥൻ വള്ളിക്കാട് കോണിക്കൽ കെ.സി. ദേവസ്യ (82) അന്തരിച്ചു.

## എൻ.കെ. ശശിധരൻ

**ചേനപ്പാടി:** തമിഴ്നാട് ഈറോഡ് ഇലക്ട്രിസിറ്റി ബോർഡ് റിട്ട. ഉദ്യോഗസ്ഥൻ പാട്ടാളിൽ എൻ.കെ. ശശിധരൻ (82) അന്തരിച്ചു. പൊൻകുന്നം ഓലിക്കൽ കുടുംബാംഗമാണ്. ഭാര്യ പാട്ടാളിൽ കെ.പി. പത്മകുമാരി. മക്കൾ: കിഷോർകുമാർ (ഈറോഡ്), സുധീർ പാട്ടാളിൽ (യുഎസ്), കവിത ശശിധരൻ, സംഗീത ശശിധരൻ. മരുമക്കൾ: അപർണ (ഈറോഡ്), സ്വപ്ന (യുഎസ്), സജീവ് (ഒമാൻ), ടി. സജി (പാമ്പാടി).

## കൊച്ചുനാരായണൻ

**തിരുവനന്തപുരം:** ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻ അസി. ഡയറക്ടറും കേരള വിജ്ഞാനകോശം എഡിറ്ററും പ്രമുഖ ശാസ്ത്ര സാഹിത്യകാരനുമായ ടി.കെ. കൊച്ചുനാരായണൻ (79) അന്തരിച്ചു. ഭാര്യ എം.ബീന. മക്കൾ: ടി.കെ. രാജീവ്, ടി.കെ. പാർവതി (രണ്ടുപേരും യുഎസ്). മരുമക്കൾ: ഡോ. അനന്യ, സി.പി. കിരൺ.

**വാഴക്കുളം:** ഏനാനല്ലൂർ മലേക്കുടിയിൽ ഏലിക്കുട്ടി (96) അന്തരിച്ചു.

## അമ്മിണിക്കുട്ടി വർഗീസ്

**ചങ്ങനാശേരി:** മോർക്കുളങ്ങര തുമ്പുങ്കൽ പരേതനായ ടി.ടി. വർഗീസിന്റെ ഭാര്യ അമ്മിണിക്കുട്ടി വർഗീസ് (87) അന്തരിച്ചു. പെരുന്ന തുണ്ടിയിൽ കുടുംബാംഗമാണ്. മക്കൾ: റോയി, റെജി, റോജി, മരുമക്കൾ: ജാൻസി കരിപ്പാപ്പറമ്പിൽ കാഞ്ഞിരപ്പള്ളി, റെജി കൈതയിൽ കോട്ടയം, ബീന കാലായിൽ തുമ്പമൺ (എല്ലാവരും യുഎസ്.)

**ഇടപ്പള്ളി:** കസ്റ്റംസ് ആൻഡ് സെൻട്രൽ എക്സൈസ് (മുംബൈ) റിട്ട. അസി. കളക്ടർ തമ്പുരാട്ടി പറമ്പ് റോഡ് ശാന്തിനികേതനിൽ എൻ.കെ.ആർ. നായർ (97) അന്തരിച്ചു.

**വാകത്താനം:** ആനിക്കലായ പുത്തൻപറമ്പിൽ പരേതനായ പുന്നൻ ഏബ്രഹാമിന്റെ ഭാര്യ മറിയാമ്മ (തങ്കമ്മ-96) അന്തരിച്ചു.

**ആയാംകുടി:** കൊല്ലംപറമ്പിൽ പരേതനായ മാണിയുടെ ഭാര്യ റോസമ്മ ജോസഫ് (മാമ്മി-100) അന്തരിച്ചു.

## വസ്തു വില്പനയ്ക്ക്

കോട്ടയം സംക്രാന്തി-ചെമ്മനംപടി ആറ്റുമാലി റോഡരുകിൽ river frontage ഉള്ളതും വെള്ളം കയറാത്തതുമായ 22.5 സെന്റ് വസ്തു മൊത്തമായോ പ്ലോട്ടുകളായോ വില്പനയ്ക്ക്. കോട്ടയം മെഡിക്കൽ കോളജിലേക്ക് 1200 മീറ്റർ മാത്രം.

**ഫോൺ: + 91 7012562340**

**Email - vidya99@yahoo.com**

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, Chicago*

### ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, Virginia*

### ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, Virginia*

## 7 CENT HOUSE PLOT FOR SALE AT PERANDUR, EDAPALLY, KOCHI

Road access, Close to HWY, Hospitals, Churches, and Temples, Airport. Reasonable Price.

**If interested please e mail at**

**skrish3299@yahoo.com**

## SEEKING A LIVE-IN CAREGIVER IN NASHVILLE, TENNESSEE

Seeking a live-In caregiver in Nashville, Tennessee, for my 75-year-old mother. She is mobile with the help of a walker, and needs help with daily activities and household work including cooking. Accommodation, food and attractive salary offered.

**Please contact**

**shinakp@gmail.com** or

call **615-423-7332**

## LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Oklahoma*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Oklahoma*

**Visit Our Website:** www.keralaexpress.com for Classified Advt.

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലായിരുന്നു. വിവാഹാലോചന വന്നപ്പോൾ സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയായണെന്നു മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. പിന്നീട് ചന്ദ്രബാബുവിനെ കാണാതായി. അഞ്ജനയുടെ ഭർത്താവ് ഡിവൈഎസ്പിയായ ഹേമചന്ദ്രനായിരുന്നു അതിനു പിന്നിൽ. ചന്ദ്രബാബുവിന്റെ തിരോധാനവുമായി ബന്ധപ്പെട്ട വിവരങ്ങൾ സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അതോടെ കേസ് പുനരന്വേഷണം തുടങ്ങി. ഹേമചന്ദ്രനും ബാലകൃഷ്ണമേനോനുമൊക്കെ പ്രതിയായി. കല്ലാറ്റുപടിക്കലെ തോട്ടത്തിൽ മണ്ണുമാന്തി ഉപയോഗിച്ചു നടത്തിയ പരിശോധനയിൽ അസ്ഥികളും മറ്റും കണ്ടെടുത്തു. പിടിയിലാകുമെന്നുറപ്പായപ്പോൾ ബാലകൃഷ്ണമേനോൻ സ്വയം വെടിവെച്ചു മരിച്ചു. മാളവിക ജീവിച്ചിരിപ്പുണ്ടെന്ന് ജഗന്നാഥക്കുറുപ്പ് പോലീസിനോടു സമ്മതിക്കുന്നു....**

**111**

ബാലകൃഷ്ണമേനോന്റെ ശവദാഹത്തിനുശേഷം ബന്ധുജനങ്ങൾ മാങ്ങോട്ടുശ്ശേരിയിലാണ് ഒത്തുകൂടിയത്.

ബാലകൃഷ്ണമേനോന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട കേസന്വേഷണത്തിന്റെ ഭാഗമായി സംഭവം നടന്ന മുറി പോലീസ് സീൽ ചെയ്തിട്ടുണ്ടായിരുന്നു. അല്ലെങ്കിലും ആ കുടുംബത്തിൽ ഇനി അഞ്ജന മാത്രമേ അവശേഷിക്കുന്നുള്ളൂ. അവളെ ബാലകൃഷ്ണമേനോൻ തന്റെ ആത്മഹത്യയ്ക്ക് തൊട്ടുമുൻപ് മാങ്ങോട്ടുശ്ശേരിയിലേക്ക് പറഞ്ഞയയ്ക്കുകയും ചെയ്തിരുന്നു.

ഹേമചന്ദ്രൻ റിമാൻഡിലാണ്.

മാങ്ങോട്ടുശ്ശേരിയിലും സ്ഥിതി വ്യത്യസ്തമല്ല.

ജഗന്നാഥക്കുറുപ്പും മകൻ ഹരീന്ദ്രനും റിമാൻഡിൽ സബ് ജയിലിൽ. ഉണ്ണിമായയെയും മകനെയും വിളിച്ചു കൊണ്ടുപോകാൻ ചിറക്കടവിൽനിന്ന് ആങ്ങളമാർ എത്തിയെങ്കിലും മല്ലികയെ നോക്കാൻ ആരുമില്ലല്ലോ എന്ന ചിന്തയിൽ ഉണ്ണിമായ കൂടെപ്പോകാൻ കൂട്ടാക്കിയില്ല. മാത്രമല്ല, ഓർക്കാപ്പുറത്ത് അച്ഛൻ മരണപ്പെട്ടുപോയ അഞ്ജനയെക്കൂടി ആശ്വസിപ്പിക്കേണ്ട ചുമതലയും ഉണ്ണിമായയുടെതായിരുന്നു.

പോണ്ടിച്ചേരിയിൽനിന്നു എത്തിയ ഭാസ്കരമേനോൻ സഹോദരിയെയും മരിച്ചുപോയ സഹോദരന്റെ മകളെയും ആശ്വസിപ്പിച്ചുകൊണ്ട് രണ്ടു ദിവസം മാങ്ങോട്ടുശ്ശേരിയിൽ തങ്ങി. കൂടെ മധുചന്ദ്രനും തങ്കവും ഉണ്ടായിരുന്നു.

ശവസംസ്കാരം നടന്ന ദിവസം, മല്ലികച്ചിറ്റയെ കാണാൻ ജയദേവൻ നമ്പ്യാരും രാജശ്രീയും മാങ്ങോട്ടുശ്ശേരിയിൽ പോവുകയുണ്ടായി. അവിടെവെച്ച് ബന്ധുക്കളിൽ ചിലർ ജയദേവൻ നമ്പ്യാരെ കുറ്റപ്പെടുത്തി സംസാരിച്ചു. സന്ദീപിന്റെ പേരും പറഞ്ഞായിരുന്നു അധിക്ഷേപം. തുടക്കംമുതൽ വിലക്കിയിട്ടും സന്ദീപ് സ്വന്തം കുടുംബത്തിന് എതിരായുള്ള അന്വേഷണം തുടർന്നു; തറവാടിന്റെ തായ്‌വേരറക്കുന്ന പണി സ്വന്തം മകൻ കൺമുന്നിൽവെച്ച് ചെയ്തിട്ടും ജയദേവൻ അവനെ തടഞ്ഞില്ല; ഭാസിയമ്മാമയും ബാലമ്മാമയും നേരിട്ടുവന്ന് അപേക്ഷിച്ചിട്ടും അന്വേഷണത്തിൽനിന്ന് പിന്മാറിയില്ല; പത്രത്തിൽ അന്വേഷണ പരമ്പര പ്രസിദ്ധീകരിച്ച് തറവാടിനെയും ബന്ധുജനങ്ങളെയും നാണംകെടുത്തി. സ്വന്തക്കാരെ പിടിച്ച് ജയിലിലാക്കാൻവേണ്ടി പോലീസിന് എല്ലാ സഹായവും ചെയ്തുകൊടുത്തു – ഇതൊക്കെയായിരു ജയദേവന്റെയും സന്ദീപിന്റെയും പേരിൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾ.

ഈ സമയത്ത് ഇതേപ്പറ്റി ഒരു വാക്കുപോലും ഞാൻ പറയുന്നില്ല എന്നുപറഞ്ഞ് ജയദേവൻ രംഗത്തുനിന്ന് ഒഴിഞ്ഞുമാറി. അധികം വൈകാതെ ഹരിപ്പാട്ടേക്കു തിരിച്ചുപോവുകയും ചെയ്തു. സഞ്ചയനത്തിന്റെ തീയതികൂടി നിശ്ചയിച്ചശേഷം ഭാസ്കരമേനോനും തങ്കവും മധുചന്ദ്രനും പോണ്ടിച്ചേരിക്ക് മടങ്ങാനൊരുങ്ങി.

സഞ്ചയനം കഴിഞ്ഞിട്ട് പോയാൽ മതിയെന്ന് മല്ലിക കുറെ നിർബന്ധിച്ചു. കൂടുതൽ വൈകാതെ സ്ഥലം വിടുന്നതായിരിക്കും ഉചിതമെന്ന് മറ്റു ബന്ധുക്കൾ അഭിപ്രായപ്പെട്ടു. ചന്ദ്രബാബുവിന്റെ കൊലക്കേസ് പോലീസ് അന്വേഷിക്കുകയാണ്. അതിന്റെ ഭാഗമായി മാളവികയെപ്പറ്റിയും അന്വേഷണമുണ്ടാകാൻ സാധ്യതയുണ്ട്. അതെല്ലാം ഏതെങ്കിലും തരത്തിൽ ഭാസ്കരമേനോനെയും കുടുംബത്തെയും ബാധിച്ചുവെന്നുവരാം. അതിനു മുൻപേ സ്ഥലം വിടുന്നതായിരിക്കും ബുദ്ധി.

ഒൻപതാം ചരമദിനത്തിൽ സഞ്ചയനത്തിനു താൻ എത്തിക്കൊള്ളാമെന്ന് ഭാസ്കരമേനോൻ അഞ്ജനയെ സമാധാനിപ്പിച്ചിട്ട് പോകാനുള്ള ഒരുക്കങ്ങൾ നടത്തി.

“ആറുദിവസം കഴിയുമ്പം പിന്നേം വരണ്ടേ. ഒരുപാട് യാത്ര ചെയ്യണ്ടേ. അതിനേക്കാളിലും നല്ലത് സഞ്ചയനംകൂടി കഴിഞ്ഞിട്ട് പോണതല്ലേ?” മല്ലിക ജ്യേഷ്ഠനോട് ചോദിച്ചു.

“നിന്നാ ശരിയാവില്യ അതുകൊണ്ടാ.”

“പോലീസിനെ പേടിച്ചിട്ടാണോ?”

“അതും നോക്കണമല്ലോ.”

“മടിയിൽ കനമുള്ളവനേ വഴിയിൽ പേടിക്കേണ്ട കാര്യമുള്ളൂ എന്നല്ലേ പഴമക്കാർ പറയാറ്.”

“നിനക്കറിയാമല്ലോ മല്ലികേ എല്ലാം. നിന്റെ ഭർത്താവും മകനും ജയിലിലാണ്.”

ആദ്യം ഒന്നു മടിച്ചെങ്കിലും ഇനി ഒരവസരം കിട്ടിയില്ലെങ്കിലോ എന്ന ജാഗ്രതയിൽ മല്ലിക ഭാസ്കരമേനോനോട് ഒരു ചോദ്യം ചോദിച്ചു.

“മാളുവിന്റെ പ്രസവം പോണ്ടിച്ചേരീ വെച്ചാണോ നടന്നത്?”

“ഇല്ല, ചോദിച്ചോളൂ...” പോലീസ് വന്നെന്നു പറഞ്ഞ് ഉണ്ണി അകത്ത് ബഹളം വെക്കുന്നുണ്ടായിരുന്നു. അഞ്ജനയും ഉണ്ണിമായയുംകൂടി സിറ്റൗട്ടിലേക്ക് വന്നു. കയ്യിൽ ഊന്നുവടിയുമായി മല്ലിക നേരത്തേതന്നെ സിറ്റൗട്ടിലുണ്ടായിരുന്നു.

“നിങ്ങളുടെ സഹോദരിയുടെ മകൾ മാളവിക പോണ്ടിച്ചേരിയിലെ ക്ലൂണി ഹോസ്പിറ്റലിൽവെച്ച് ഒരു പെൺകുഞ്ഞിനെ പ്രസവിച്ച വിവരം താങ്കൾക്ക് അറിയാമായിരുന്നോ?” ഭാസ്കരമേനോൻ മെല്ലെ തലതിരിച്ച് മല്ലികയെ നോക്കി. മല്ലിക കാത് കൂർപ്പിച്ചു നിൽക്കുകയാണ്. അയാൾ തങ്കത്തെയും ഉണ്ണിമായയെയും നോക്കി.

“എന്താ മറുപടി പറയാൻ താമസം?”

“അങ്ങനെ ഒരു സംഭവം നടന്നതായിട്ട് ഞാൻ ഓർക്കുന്നില്ല.”

“അങ്ങനൊരു സംഭവം നടന്നിട്ടുണ്ട്. അത് താങ്കൾക്ക് അറിയാമോ എന്നാണ് ചോദിച്ചത്.”

“എനിക്ക് കുറേക്കാലമായിട്ട് നല്ല ഓർമയില്ല. പല കാര്യങ്ങളും മറന്നുപോയി. അൽഷിമേഴ്സ് ആരംഭിച്ചിട്ടുണ്ട്.”

“അൽഷിമേഴ്സ് പുതിയ കാര്യങ്ങളെയാണ് മറവിയിലാക്കുന്നത്. പഴയ സംഭവങ്ങൾ ഓർമയിൽ നിൽക്കും.”

“എനിക്ക് ഓർമവരുന്നില്ല. പ്രായം എൺപത് കഴിഞ്ഞു.”

# കാണാത്ത തീരങ്ങൾ

**ജോയ്സി**

ഉത്തരം എന്തു പറയണമെന്നറിയാതെ ഭാസ്കരമേനോൻ കുഴങ്ങി.

“നീ ഈ ചോദ്യം മുൻപും ചോദിച്ചിട്ടൊണ്ട്. അന്ന് ഞാൻ മറുപടി പറഞ്ഞിട്ടുമൊണ്ട്.”

“ആ മറുപടി പറഞ്ഞ ബാലേട്ടൻ ഇപ്പോ ജീവനോടെ ഇല്ല. അതേ മറുപടി പറഞ്ഞ എന്റെ ഭർത്താവും മകനും ഇപ്പോ ജയിലിലാ. ഭാസിയേട്ടൻ ഇനിയെങ്കിലും സത്യം പറയ്യോ?”

“എനിക്ക് നിന്നോട് ഒന്നും പറയാനില്ല.” ഭാസ്കരമേനോൻ ഒഴിഞ്ഞുമാറി. തങ്കം ബാഗേജ് അടുക്കി സിറ്റൗട്ടിൽ കൊണ്ടുപോയി വെച്ചിട്ടുണ്ടായിരുന്നു.

ടാക്സി വിളിക്കാൻ പോയ മധുചന്ദ്രൻ അഞ്ജനയുടെ കാറിൽ തിരിച്ചെത്തി. പത്തു മിനിറ്റിനുള്ളിൽ ടാക്സിയും വന്നുചേർന്നു. മൂവരും യാത്രപറഞ്ഞ് പോകാനിറങ്ങിയപ്പോൾ ഒരു പോലീസ് വാഹനം തുറന്നുകിടന്ന ഗേറ്റിലൂടെ മുറ്റത്തേക്കു വന്നു. ഡിവൈഎസ്പി ജോർജ് ജോസഫും പൊൻകുന്നം സിഐയും അടക്കമുള്ള പോലീസ് സംഘം തൂവെള്ള ബൊലേറോയിൽനിന്ന് ഇറങ്ങി. ഭാസ്കരമേനോന് ദുശ്ശങ്ക തോന്നി.

“അരമണിക്കൂർ നേരത്തേ ഇറങ്ങേണ്ടതായിരുന്നു.” അയാൾ മധുവിന്റെ നേർക്ക് പിറുപിറുത്തു.

“നമ്മളെ ഉദ്ദേശിച്ചായിരിക്കില്ല. അഞ്ജനയെ കാണാനോ, ഉണ്ണിമായയോട് എന്തെങ്കിലും ചോദിച്ചറിയാനോ ആയിരിക്കും.”

മധുചന്ദ്രൻ മന്ത്രിച്ചു. പോലീസ് സംഘം സിറ്റൗട്ടിലേക്ക് കയറിവന്നു.

“മിസ്റ്റർ ഭാസ്കരമേനോൻ?”

ഡിവൈഎസ്പി ജോർജ് ജോസഫ് അയാളുടെ നേർക്ക് ചൂണ്ടുവിരൽ നീട്ടി.

“യാ, ഞാനാണ്.”

“എങ്ങോട്ടെങ്കിലും യാത്രയാണോ?”

“പോണ്ടിച്ചേരിക്ക് പോവുകയാ...”

“ഓകെ. ചടങ്ങുകളൊക്കെ കഴിഞ്ഞോ?”

“ഇനി സഞ്ചയനത്തിനു വന്നാമതി.”

“ഒന്നുരണ്ട് കാര്യങ്ങൾ ചോദിക്കുന്നതിൽ വിരോധമില്ലല്ലോ?”

“ഓകെ.” ഡിവൈഎസ്പി മധുചന്ദ്രന്റെ നേർക്ക് തിരിഞ്ഞു. “താങ്കൾക്ക് അത്ര പ്രായമില്ലല്ലോ. ഞാൻ പറഞ്ഞ സംഭവം ഓർമയുണ്ടോ? ഭാസ്കരമേനോന്റെ മകനല്ലേ?”

“അതെ... മധുചന്ദ്രൻ തലയാട്ടി.”

“താങ്കളുടെ ഭാര്യയുടെ പേര് സിന്ധുജ എന്നല്ലേ?”

“അതേ...”

“ആ പേരിലാണ് ക്ലൂണി ഹോസ്പിറ്റലിൽ മാളവികയെ അഡ്മിറ്റ് ചെയ്തത്. അഡ്രസ് കൊടുത്തതും താങ്കളുടെ ഫാമിലിയുടെ തന്നെ.”

“മറ്റാരെങ്കിലും ഞങ്ങളറിയാതെ...” മധുചന്ദ്രൻ തപ്പിത്തടഞ്ഞ് പറഞ്ഞു.

“നിങ്ങൾ പോണ്ടിച്ചേരിയിലെ ഒരു തെരുവിൽ മാളവിക പ്രസവിച്ച കുഞ്ഞിനെ ഉപേക്ഷിച്ചിട്ടുമുണ്ട്.” ഡിവൈഎസ്പി കടുപ്പിച്ചു പറഞ്ഞു.

“സാർ ഇങ്ങനെയൊക്കെ പറയുന്നത് കഷ്ടമാണ്, ഞങ്ങളിതൊന്നും അറിഞ്ഞിട്ടില്ല.” ഭാസ്കരമേനോൻ കൈമലർത്തി.

“പക്ഷേ, ഞങ്ങൾക്ക് തെളിവ് കിട്ടിക്കഴിഞ്ഞു. നിങ്ങളുടെ സഹോദരിയുടെ ഭർത്താവ് എല്ലാ കുറ്റവും ഏറ്റുപറഞ്ഞു. അയാളുടെ മകനും കുറ്റസമ്മതം നടത്തി. അതു മാത്രമല്ല മാളവിക ഇപ്പോൾ എവിടെയാണ് ജീവനോടെ ഉള്ളതെന്നുംകൂടി പറഞ്ഞുകഴിഞ്ഞു. ഇനി നിങ്ങൾക്ക് കള്ളം പറഞ്ഞ് രക്ഷപ്പെടാൻ പറ്റില്ല.”

“മറ്റുള്ളവരെക്കെ പറഞ്ഞു എന്നത് എനിക്ക് വിഷയമല്ല. ആളുകൾക്ക് എന്തും പറയാം. ഞാനെന്തെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ ചാർജ് ചെയ്യുക. എന്ത് തെളിവാണ് എനിക്കെതിരെ നിങ്ങളുടെ കയ്യിലുള്ളത്?” ഭാസ്കരമേനോൻ അൽപം ക്ഷുഭിതനായി.

“മാളവിക പോണ്ടിച്ചേരിയിൽ വരികയും ഞങ്ങൾ അവളെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യാൻ സഹായിക്കുകയും ചെയ്തെന്നിരിക്കട്ടെ. എന്താണു തെറ്റ്? എന്റെ റിലേറ്റീവ്സിനെയും ഞാൻ ഹെൽപ് ചെയ്തിട്ടുണ്ടായിരിക്കും. അതിനെന്താണ്? ഞാൻ റിട്ടയർ ചെയ്ത കസ്റ്റംസ് ഓഫീസറാണ്. എന്നെ വിരട്ടാമെന്നു വിചാരിക്കരുത്. എനിക്ക് നിയമം അറിയാം.”

“നിങ്ങളീ പറഞ്ഞതിലൊന്നും ഒരു തെറ്റുമില്ല. പക്ഷേ, മാളവിക പ്രസവിച്ച പെൺകുഞ്ഞിനെ കടലിൽ എറിഞ്ഞുകളയാൻ

സെർവന്റിന്റെ കയ്യിൽ കൊടുത്തയച്ചത് നിങ്ങളാണ്. അതു വലിയൊരു ക്രൈം ആണെന്ന് നിയമം അറിയുന്ന റിട്ടയേഡ് കസ്റ്റംസ് ഓഫീസറോട് പ്രത്യേകം പറയേണ്ട കാര്യമില്ലല്ലോ."

ഡിവൈഎസ്പിയുടെ വാക്കുകളിൽ പരിഹാസത്തിന്റെ ധ്വനി കലർന്നിരുന്നു.

"ഞാനങ്ങനെ ചെയ്തെന്ന് എന്താണു തെളിവ്?"

"തെളിവെല്ലാം കോടതീലല്ലേ ഹാജരാക്കേണ്ടത്. ക്രിമിനൽസിന്റെ മുന്നിലല്ലല്ലോ?"

"എന്നാൽ നിങ്ങൾ കോടതിയിലേക്കു വാ."

"അതിനു മുൻപ് ഞങ്ങൾടെ ചില പ്രൊസീജിയേഴ്സുണ്ട്. നിങ്ങളെ മൂന്നുപേരെയും കസ്റ്റഡിയിൽ എടുക്കുകയാണ്."

"ഇന്ന് ഉച്ചകഴിഞ്ഞ് ഞങ്ങൾക്ക് മദ്രാസ് ഫ്ളൈറ്റിൽ പോകേണ്ടതാണ്. ടിക്കറ്റെല്ലാം ബുക്ക് ചെയ്തുകഴിഞ്ഞു."

"സോറി, അത് ക്യാൻസൽ ചെയ്തേക്കൂ. ഇന്നു നിങ്ങൾ പോലീസ് കസ്റ്റഡിയിലായിരിക്കും. അറസ്റ്റ് ചെയ്യേണ്ടിവന്നാൽ ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ അതു ചെയ്യും."

ഭാസ്കരമേനോന്റെ കവിളുകൾ ക്ഷോഭംകൊണ്ട് വിറപൂണ്ടു.



"വെറും സംശയത്തിന്റെ പേരിൽ ഞങ്ങളോടിങ്ങനെ ആട്രോസിറ്റി കാട്ടിയാൽ നിങ്ങളതിന് കനത്ത വില കൊടുക്കേണ്ടിവരും."

"എനിക്കറിയാം. പക്ഷേ, ഒരു ചോരക്കുഞ്ഞിനെ കടലിൽ എറിയാൻ കൊടുത്തയച്ചത്, ഒരു ദാക്ഷിണ്യവും അർഹിക്കാത്ത കുറ്റകൃത്യമാണ്."

"എന്നെ ജയിലിൽ അടയ്ക്കാമെന്നാണ് നിങ്ങളുടെ ധാരണയെങ്കിൽ അതു നടക്കില്ല മിസ്റ്റർ പോലീസ് ഓഫീസർ..."

"ഓകെ, തൽക്കാലം ഞങ്ങളുടെ കൂടെ വരിക."

ഡിവൈഎസ്പി ജോർജ് ജോസഫ് സിഐയുടെ നേർക്ക് ആംഗ്യം കാട്ടി. സിഐ ജീപ്പിനരികെ ചെന്ന് വനിതാ കോൺസ്റ്റബിളിനെ കൂട്ടിക്കൊണ്ടുവന്നു.

ഭാസ്കരമേനോൻ മൊബൈൽ ഫോൺ എടുത്ത് ആരെയോ വിളിക്കാൻ ശ്രമിച്ചപ്പോൾ ഡിവൈഎസ്പി തടഞ്ഞു.

"വേണ്ട. നിങ്ങൾ മൂന്നുപേരുടെയും ഫോൺ പോലീസിനെ ഏൽപിക്കുക. ലോക്ക് ചെയ്തുതന്നാ മതി. ഇപ്പോൾ മുതൽ നിങ്ങൾ കസ്റ്റഡിയിലാണ്."

അനുസരിക്കുകയല്ലാതെ ഭാസ്കരമേനോനും മകനും ഭാര്യയ്ക്കും ഗത്യന്തരമുണ്ടായിരുന്നില്ല. മൂന്നുപേരെയും പോലീസ് വണ്ടിയിൽ കയറ്റി കൊണ്ടുപോകുന്നതും നോക്കി നാലു ദൃക്സാക്ഷികൾ സിറ്റൗട്ടിൽ പകച്ചുനിന്നു.

*** *** ***

രാജഗോപാൽ ഓഫീസിലേക്കു പോകാൻ ഡ്രസ് ചെയ്യുമ്പോഴാണ് ശ്രീലക്ഷ്മി ഫോണുമായി മുറിയിലേക്കു വന്നത്.

"സന്ദീപാണ്, സംസാരിച്ചോ."

"നീ സംസാരിച്ചില്ലേ?"

"അങ്കിളിനോട് സംസാരിക്കണമെന്നു പറഞ്ഞു." രാജഗോപാൽ ഫോൺ വാങ്ങി.

"ഹലോ..."

"അങ്കിളേ, ഇന്ന് ഓഫീസിൽ പോകുന്നൊണ്ടോ?"

"പോകാൻ റെഡിയാവുകയാ, ഇന്ന് ലക്ഷ്മിയാണ് ലീവെടുത്തിരിക്കുന്നെ."

"ഇനി അല്ലിക്ക് പ്രത്യേകിച്ച് പ്രൊട്ടക്ഷനൊന്നും വേണ്ടങ്കിളേ പ്രതികളെല്ലാം പോലീസ് കസ്റ്റഡിയിലായല്ലോ."

"എല്ലാവരും ആയോ?"

"പോണ്ടിച്ചേരിക്കാരെ രാവിലെ തന്നെ പോലീസ് കസ്റ്റഡിയിലെടുത്തു. ഇതൊന്നുമല്ല ഞാനൊരു പ്രധാനപ്പെട്ട കാര്യം പറയാൻ വേണ്ടിയാ വിളിച്ചത്."

"പറഞ്ഞോളൂ സന്ദീപ്."

"മാളവിക ജീവിച്ചിരിപ്പുണ്ടെന്ന് ഉറപ്പായി." രാജഗോപാലിന് സന്തോഷമല്ല മറിച്ചൊരു വേവലാതിയാണ് നെഞ്ചിലനുഭവപ്പെട്ടത്.

"മുൻപേതന്നെ സംശയംണ്ടായിരുന്നല്ലോ."

"എവിടെയാണ്?"

"ഇപ്പോ കിളിമാനൂരാണുള്ളത്."

"എന്താണ് അവസ്ഥ?"

"പറയാം, ആരെങ്കിലും അടുത്തുണ്ടോ?"

"ഇല്ല. ലക്ഷ്മി ഫോൺ തന്നിട്ട് പോയി."

"മെന്റൽ ഹോസ്പിറ്റലിലാണെന്നാണ് പോലീസിനു കിട്ടിയ അറിവ്."

"ഡീറ്റെയിൽസൊന്നും ഇല്ലേ?"

"അങ്കിളേ വല്ലാത്തൊരു സ്റ്റോറിയാ. പോണ്ടിച്ചേരീന്ന് 96 ഡിസംബറിൽ അവർ മധുരയ്ക്ക് കൊണ്ടുവന്നു. അവിടെ തങ്കം ആന്റിയുടെ ഒരു സിസ്റ്റർ ഫാമിലിയായി താമസിക്കുന്നുണ്ടായിരുന്നു. അക്കാലത്തുതന്നെ മാളവിക ചില മാനസിക അസ്വസ്ഥതകൾ പ്രകടിപ്പിക്കുമായിരുന്നത്രേ. കുഞ്ഞിനെ തിരക്കി രാത്രിയിലൊക്കെ വീടുവിട്ടിറങ്ങിപ്പോകുമായിരുന്നു. 97 മാർച്ചിൽ അവർ അതീവരഹസ്യമായി മാളവികയെ കാഞ്ഞിരപ്പള്ളിക്കു കൊണ്ടുവന്നു. കുഞ്ഞിനെ ഓർഫനേജിൽ വളർത്താനേൽപിച്ചു എന്നാണ് മാളവികയെ ധരിപ്പിച്ചിരുന്നത്. പേരിലുള്ള പതിനാലേക്കർ തോട്ടം ഹരീന്ദ്രന് എഴുതിക്കൊടുത്താൽ കുഞ്ഞിനെയും കൂട്ടി പെരിയാർവാലിയിൽ എത്തിക്കാം എന്നായിരുന്നു വാഗ്ദാനം."

"നല്ലൊന്നാന്തരം അച്ഛനും കൂടപ്പിറപ്പും." രാജഗോപാൽ പിറുപിറുത്തു.

"കാര്യം കഴിഞ്ഞപ്പോൾ മാളവികയെ രഹസ്യമായി മാങ്കുളത്തേക്ക് കടത്തി. അവിടെ ഹേമചന്ദ്രന്റെ കസിന്റെ വീടുണ്ടായിരുന്നു. കക്ഷി പ്ലാന്ററാണ്. അവിടെ ഫാംഹൗസും ജോലിക്കാരുമൊക്കെയുണ്ട്. രണ്ടു വർഷത്തിനുള്ളിൽ മാളവിക തൊടുപുഴയുള്ള ജീവജ്യോതി മെന്റൽ അസൈലത്തിൽ അഡ്മിറ്റ് ചെയ്യപ്പെട്ടു. മാനസികരോഗ ചികിത്സയും ഡീ അഡിക്ഷൻ തെറപ്പിയും റീഹാബിലിറ്റേഷനുമെല്ലാമുള്ള ഒരു ഹോസ്പിറ്റൽ. എട്ടുവർഷം മാളവിക ജീവജ്യോതിയിലുണ്ടായിരുന്നു. പിന്നീട് അവിടുന്ന് തിരുവല്ലയിലേക്കു കൊണ്ടുപോയി. അവിടെ ഒരു സ്വകാര്യ മെന്റൽ സാനട്ടോറിയത്തിൽ അടച്ചു. ആറു വർഷം അവിടെ."

"ഇതെങ്ങനെ രഹസ്യമായിട്ട് ചെയ്യും? രോഗിയാണെങ്കിലും ഒരു ഐഡന്റിറ്റി വേണ്ടേ... ഹോസ്പിറ്റൽ നടത്തുന്നവർക്ക് ഒരുത്തരവാദിത്തവും ഇല്ലേ?" രാജഗോപാൽ അമർഷം പൂണ്ടു.

"സ്വന്തം അച്ഛനും സഹോദരനുമല്ലേ. ആര് സംശയിക്കാൻ? കൂടെ ഡിവൈഎസ്പി റാങ്കിലുള്ള ബന്ധുവും. അഞ്ചു വർഷം മുൻപാണ് കിളിമാനൂരിലേക്ക് മാറ്റിയത്. ആ വിവരം മാളവികയുടെ സ്വന്തം അച്ഛനിൽനിന്നു പോലും മറച്ചുവെച്ചു. എവിടേക്കോ മാറ്റി എന്നു മാത്രമേ അറിയിച്ചുള്ളൂ. എവിടെയാണെന്ന് പറഞ്ഞില്ല. ഇതെല്ലാം ഹരീന്ദ്രൻതന്നെ പോലീസിന്റടുത്ത് സമ്മതിച്ചു."

"പല ഹോസ്പിറ്റലിൽ മാറിമാറി ചികിത്സിച്ചിട്ടും ഫലമൊന്നുമുണ്ടായില്ലേ?"

"ഫലം ആർക്കുവേണം? രോഗം ഭേദപ്പെടാനല്ലല്ലോ അങ്കിളേ. സമൂഹത്തിന്റെ ദൃഷ്ടിയിൽപെടരുത്. അതിനുപറ്റിയ സ്ഥലം അവർ തെരഞ്ഞുപിടിച്ചു."

സന്ദീപ് പറഞ്ഞുനിർത്തി.

മൗനം നിമിഷങ്ങളോളം നീണ്ടു.

"ഇതിപ്പോ എങ്ങനെ അല്ലിമോളോട് പറയും! അവളിതെങ്ങനെ..." രാജഗോപാൽ പൂർത്തിയാക്കാതെ നിർത്തി.

"പറയാതെ പറ്റില്ലല്ലോ അങ്കിൾ. ന്യൂസ് വരും. നാളെ പത്രങ്ങളിലും ടിവിയിലും."

"ഒരു സൂചനമാത്രം കൊടുക്കാം, അല്ലേ?"

"തൽക്കാലം അത്രയുംമതി. അല്ലിയെ കൂട്ടിക്കൊണ്ട് അങ്കിൾ കിളിമാനൂരിലേക്ക് വരാമോ?"

"അവളെ കൊണ്ടുവരണോ? അതും ഭ്രാന്താശുപത്രിയിലൊക്കെ?"

"കാണണമെന്ന് അവൾക്ക് ആഗ്രഹംണ്ടെങ്കി അതല്ലാതെ വേറെ മാർഗമില്ലല്ലോ."

"ഹോസ്പിറ്റലീന്നു കൊണ്ടുവരുമ്പോ കാണാമെന്നു പറയാം."

"അതൊന്നും ഈസിയല്ല അങ്കിൾ. മാളവികയെ ഹോസ്പിറ്റലീന്ന് മാറ്റണമെങ്കി കുറച്ച് നൂലാമാലകളില്ലേ, ചികിത്സ, ആര് ഏറ്റെടുക്കും എന്ന പ്രശ്നം, അങ്ങനെ എല്ലാം നോക്കണ്ടേ."

"സന്ദീപ് ഇങ്ങോട്ട് വരാമോ?"

"ഇല്ല. ഞാൻ പോലീസിന്റെ കൂടെ പത്തനംതിട്ട വഴി കിളിമാനൂർക്ക് പോകും."

"ശരി. ഞാൻ അല്ലിമോളോട് ഒന്നു സംസാരിക്കട്ടെ."

"ശരി അങ്കിൾ. എന്നിട്ട് വിളിക്കണേ."

"ഓകെ." കോൾ കട്ട് ചെയ്തിട്ട് രാജഗോപാൽ അൽപം ആലോചിച്ചുനിന്നു. പിന്നെ ശ്രീലക്ഷ്മിയെ വിളിച്ച് കാര്യങ്ങൾ ധരിപ്പിച്ചു. ശ്രീലക്ഷ്മിയും അങ്കലാപ്പിലായി. രണ്ടുപേരുംകൂടി അല്ലിമയുടെ അരികെ ചെന്നു.

"മോളെ..." രാജഗോപാൽ തുടക്കമിട്ടു.

"സന്ദീപ് വിളിച്ചിരുന്നു."

"എന്നെ വിളിച്ചില്ലല്ലോ..."

"നിന്നെ വിളിക്കുമായിരിക്കും. സന്ദീപ് ഒരു സന്തോഷവാർത്ത പറയാനാ വിളിച്ചത്. പക്ഷേ, നിന്നോട് അതെങ്ങനെ പറയൂന്നോർക്കുമ്പോ കുറച്ച് വിഷമം ഉണ്ട്."

"സാരമില്ലച്ഛാ എന്തായാലും പറഞ്ഞോ."

"മാളവിക ജീവിച്ചിരിപ്പുണ്ട്. അതിലെ പ്രതികളെയെല്ലാം ചോദ്യം ചെയ്തപ്പോ പോലീസിനു കിട്ടിയ വിവരമാ." അല്ലിമ ഒരു നിമിഷം സ്തബ്ധയായി. ഇമയനക്കാതെ അച്ഛനെത്തന്നെ ഉറ്റുനോക്കി.

"കഴിഞ്ഞ പതിനെട്ടു വർഷങ്ങളായി മാളവിക ഏതൊക്കെയോ മെന്റൽ ഹോസ്പിറ്റലുകളിൽ ചികിത്സയിലായിരുന്നു." അല്ലിമ നിഷേധാർത്ഥത്തിൽ ശിരസ്സനക്കി. പൊടുന്നനെ അസ്ഥാളിച്ചപോലെയായി.

"പോലീസിന്റെ ചില നടപടിക്രമങ്ങളൊക്കെ ഒണ്ട്. അതെല്ലാം കഴിഞ്ഞ് നമുക്ക് സാവകാശം കണ്ടാപ്പോരെ. അതായിരിക്കും നല്ലത്. ഒരുപക്ഷേ, നിനക്ക് കണ്ടാൽ വിഷമം തോന്നുന്ന ഒരവസ്ഥയിലാണെങ്കിൽ..."

"എനിക്ക് കാണണം." ചങ്ക് പിളർന്നുവരുമ്പോലെ അവളുടെ ശബ്ദമിടറി വന്നു.

"എനിക്ക് കാണണം അച്ഛാ ഞാൻ സഹിച്ചോളാം."

"മോളെ, അതെന്താന്നുവെച്ചാ. ഭ്രാന്താശുപത്രിയാകുമ്പോ മുന്നറിയിപ്പൊന്നുമില്ലാതെയല്ലേ നമ്മൾ ചെല്ലുന്നെ നീ വിചാരിക്കുന്ന പോലെ."

"എനിക്ക് കാണണം. എന്നെക്കൂടി കൊണ്ടുപോണേ പ്ലീസ് എനിക്ക് ജന്മംതന്നയാളല്ലേ അച്ഛാ ഞാനൊന്നു കണ്ടോട്ടെ." രാജഗോപാൽ ശ്രീലക്ഷ്മിയുടെ നേർക്കു നിസ്സഹായതയോടെ നോക്കി.

"നമുക്കൊന്നിച്ചുപോകാം. ഞാനും വരാം." ശ്രീലക്ഷ്മി സംശയലേശമെന്യേ തീരുമാനമെടുത്തു.

(തുടരും)

# ആർജി കർ മെഡിക്കൽ കോളജിനെതിരെ ഗുരുതര ആരോപണം

കൊൽക്കത്ത: ആർജി കർ മെഡിക്കൽ കോളജിലെ സാമ്പത്തിക തട്ടിപ്പുകളെ സംബന്ധിച്ചുള്ള അന്വേഷണം സിബിഐക്ക് കൈമാറിക്കൊണ്ട് കൽക്കട്ട ഹൈക്കോടതി ഉത്തരവിട്ടു. നേരത്തേ നാല് ഐപിഎസ് ഉദ്യോഗസ്ഥരടങ്ങുന്ന പ്രത്യേക അന്വേഷണസംഘത്തെ കേസന്വേഷിക്കാൻ സംസ്ഥാനം ചുമതലപ്പെടുത്തിയിരുന്നു. ആശുപത്രിയിലെ മുൻ ഡപ്യൂട്ടി സൂപ്രണ്ട് അക്താർ അലി നൽകിയ പരാതിയിലാണ് കോടതി ഉത്തരവ്.

പിജി മെഡിക്കൽ വിദ്യാർഥിനി പീഡനത്തിനിരയായി കൊല്ലപ്പെട്ട ആർജി കർ മെഡിക്കൽ കോളജിന്റെ മുൻ പ്രിൻസിപ്പൽ സന്ദീപ് ഘോഷിനെതിരെ വൻ ആരോപണങ്ങളാണ് ഉയർന്നുവന്നത്. സന്ദീപ് ഘോഷിന്റെ നേതൃത്വത്തിൽ വൻ സാമ്പത്തിക തട്ടിപ്പുകളാണ് നടക്കുന്നതെന്നും അവകാശികളില്ലാത്ത മൃതദേഹങ്ങൾ കടത്തുന്നതായും അക്താർ അലി ആരോപിച്ചിരുന്നു. ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കാനുള്ള വകുപ്പുതല വിജിലൻസിൽ ഭാഗമായിരുന്നുവെന്നും റിപ്പോർട്ട് നൽകിയ ദിവസംതന്നെ സ്ഥലംമാറ്റുകായിരുന്നുവെന്നുമാണ് അദ്ദേഹത്തിന്റെ ആരോപണം. സന്ദീപ് ഘോഷിനെ സിബിഐ ചോദ്യംചെയ്യാൻ ആരംഭിച്ച ശേഷമാണ് സംസ്ഥാന സർക്കാർ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചത്.

ഈ അന്വേഷണം സിബിഐ നടത്തിയാൽ മതിയെന്ന് കോടതി പറഞ്ഞു. സന്ദീപ് ഘോഷിന്റെയും നാല് ഡോക്ടർമാരുടെയും നുണപരിശോധനയ്ക്ക് കോടതി അനുമതി നൽകിയിട്ടുണ്ട്. അതേസമയം, മുഖ്യമന്ത്രി മമത ബാനർജിയുമായി വ്യക്തിപരമായി അടുപ്പമുള്ളയാളാണ് സന്ദീപ് ഘോഷ് എന്ന ആരോപണം ശക്തമായി. ഇയാളുടെ ജൻമദിനത്തിന് മുഖ്യമന്ത്രി എഴുതിയ ആശംസകത്ത് പുറത്ത് വന്നിട്ടുണ്ട്. സന്ദീപ് ഘോഷിന്റെയും കൊല്ലപ്പെട്ട പെൺകുട്ടിക്കൊപ്പം രാത്രിയുണ്ടായിരുന്ന ജൂനിയർ ഡോക്ടർമാരുടെയും നുണപരിശോധന വൈകാതെ നടക്കുമെന്ന് സിബിഐ പറഞ്ഞു.

## പ്രവചനങ്ങളും പ്രവാചകന്മാരും

(22-ാം പേജിൽനിന്നും)

ലോകം അവസാനിക്കട്ടെ, പ്രവചനങ്ങൾ നിവർത്തീകരിക്കപ്പെടട്ടെ. ഇന്നല്ലെങ്കിൽ നാളെ നാം ഓരോരുത്തരും ഈലോകംവിട്ടു പോയേ മതിയാകൂ. എന്നാൽ, ഈലോകജീവിതം കേവലം താല്ക്കാലികം മാത്രമാകുന്നു. ദൈവം നിശ്ചയിച്ചിരിക്കുന്ന ഒരു മരണാനന്തര ജീവിതമുണ്ട്. അതു നിലനില്ക്കുന്ന ജീവിതമാകുന്നു. ഒന്ന് നിത്യസൗഭാഗ്യജീവിതം. മറ്റൊന്ന് നിത്യനരകാഗ്നിയിലുള്ള നാശജീവിതം. ഇവയിൽ ഏതു വേണമെന്നു തീരുമാനിച്ചു തെരഞ്ഞെടുക്കാനുള്ള അവസരമാണ് ഇന്ന് നമ്മുടെ മുമ്പിലുള്ളത്. ദൈവം ഒരുക്കിയ നിത്യജീവമാർഗ്ഗം അത് തന്റെ ഏകജാതനായ കർത്താവായ യേശുക്രിസ്തുവിലൂടെ മാത്രം കൃപയാലെ, വിശ്വാസംമൂലം ദൈവം മാനവജാതിക്ക് ദാനമായി നല്കിയ ഏക രക്ഷാമാർഗ്ഗം. മറ്റേത് പിശാചിനോടു കൂടെ നിത്യനരകാഗ്നിയിലേക്കുള്ള നാശമാർഗ്ഗം. അതു തെരഞ്ഞെടുക്കുവാനുള്ള അവസരം ഇന്നു മാത്രമാകുന്നു. നാളെയെക്കുറിച്ച് നമുക്ക് ഒരു നിശ്ചയവുമില്ല. അതിനാൽ ദൈവം ദാനമായി നല്കിയ രക്ഷാമാർഗ്ഗം നമുക്കു തെരഞ്ഞെടുക്കാം.

## ലതാ മങ്കേഷ്കർ പുരസ്കാരം കെ.എസ്.ചിത്രയ്ക്ക്

ഇൻഡോർ: മധ്യപദേശ് സർക്കാരിന്റെ ദേശീയ ലതാമങ്കേഷ്കർ പുരസ്കാരം ഗായിക കെ.എസ്.ചിത്രയ്ക്കും സംഗീതസംവിധായകൻ ഉത്തംസിങ്ങിനും നൽകും. 2023-ലെ പുരസ്കാരമാണ് ചിത്രയ്ക്ക്. ഉത്തംസിങ്ങിനു 2022 ലെയും. ലതാ മങ്കേഷ്കറിന്റെ ജന്മദിനമായ സെപ്റ്റംബർ 28-നാണ് പുരസ്കാരവിതരണം. രണ്ടുലക്ഷം രൂപയും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.

## ഒരു ചുക്കും സംഭവിക്കില്ല!

(23-ാം പേജിൽനിന്നും)

തിരിച്ചു വീണ്ടും ഹേമാ കമ്മിറ്റി റിപ്പോർട്ടിലേക്ക്-ഇതിന്റെ പേരിൽ സർക്കാർ എന്തു നടപടിയെടുക്കും?

ഒരു ചുക്കും ചെയ്യില്ല.

ആരെങ്കിലും പരാതി കൊടുത്താൽ പിന്നെ അവരുടെ പൊടിപോലും കാണില്ല.

പലർക്കും ഈ നടന്മാരോട് ‘അസൂയ’ ആണെന്നാണ് എന്റെ ഒരു സുഹൃത്തിന്റെ അഭിപ്രായം.

കേരളാ മുൻ മുഖ്യമന്ത്രി ബഹുമാനപ്പെട്ട നായനാരുടെ വാചകങ്ങൾ കടമെടുത്തു ഈ ലേഖനം അവസാനിപ്പിക്കട്ടെ: “എവിടെ സ്ത്രീയുണ്ടോ, അവിടെ സ്ത്രീപീഡനവുമുണ്ടാകും.”

# CHRISTIANS & POLITICS

**(from page 18)**

prayers, intersession and thanksgiving (1st Timothy 2:1) for the peace and prosperity of the place we live.

God established government to maintain order by making and enforcing laws that apprehend wrongdoers and provide services for law-abiding citizens. So we have to respect leaders & established laws for the good of all citizens. We have the right and duty to express our moral convictions and promote morality in society without violating the rights of nonbelievers around us. When it comes to participation in political issues, we must carefully avoid the tendency to demonize those who disagree with us.

We should not belong to any political party. Bible does not support any party. All we have to do is pray, support & select a leader who is qualified biblically, morally, legally & ethically to serve well and for the good of the Nation. There is no perfect person in this world, but we have to look the overall qualities in the candidate regardless of party affiliation. The Nation is more important than the party. The quality & character of the candidate should be considered above the party. Bible is all about holiness, character, purity, compassion etc.

The question arise, as a true Christian, how can I support a party that support abortion, homosexual life style, gay marriage etc. We can't support these things at all and we must resist these things with full force. However, when it comes to abortion, there needs to be some exceptions if the mother's life is in danger and the baby is not going to survive, also abortion caused by rape, incest etc. What if a criminal rapist in your neighborhood raped one of our own and made her pregnant, what if a father raped own daughter and she got pregnant, these are horrible experiences and let the family with the help of doctors decide what to do. Life inside the womb and life outside the womb are to be protected.

Homosexual life style, gay marriage etc. happens among both party groups equally. This is a poor choice some makes and we must pray for them to change these sinful habits to become normal. We cannot destroy them because we do not agree with their life style but rather pray for them. Only God can change them and we see even politicians in higher positions who are gays. This is a matter of choice just like people do other unholy things. The political party is never going to solve this issue, but God can change people.

There are people in both parties who lead sinful life and I have never seen any party when in power solve these issues. There are atheist, child abusers, gang memberswho kills mercilessly and violent criminals around us and they are in both party groups. All we can do is pray to God for their salvation. But if the leader of a party is so bad with so many criminal backgrounds, disregard laws and always praise himself, ignorant, arrogant and with fake faith etc. since that leader will destroy the whole Nation, so we must be cautious when supporting such an individual.

We also make the correct choice when we elect a new leader considering in our minds that the leaders must serve the people, work for the peace and wellness of all Citizens, the protection of all the people. A leader cannot be selfish, arrogant, ignorant, prideful, jealous egoistic and should have all great moral, ethical, decent character for people to respect. We cannot support or select a person with wrong motives, convicted of any crimes, a cult leader one who refuses to follow laws & constitutions, one who is praising dictators, one who ridicules others, who refuses to protect the people, who refuses elections results, not religious and one with so much faults &failures and refuses to take good advice from any one.

The Nation may select one day a person with first or last name, Swami, Pillai, Mohammed, Kumar, Chandran, Kamala, Mathew, Pence, Hernandez, Huang, Hailey or any other names from any religion, culture and so on but regardless who that is , we must respect him or her once they are in position as President, Vice President, Governor or Mayor etc. Anyone can be elected in this Nation to the highest position and that is a great opportunity for anyone in this wonderful Nation.

Until our Savior, Jesus Christ comes back to rule, let us be the light & salt of this corrupt world. Our king is on His way and the government will be upon His shoulder and His name will be called wonderful counselor, mighty God, Everlasting Father and Prince of Peace. While we are eagerly preparing to see Him, let us do our part in this world, make the correct choice regardless of any party for the sake of the Nation. Love people, love your Country above a person or party and above all love God. May God bless the United States of America.


SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.

❑ Enclosing my subscription of $ 54.00 for one year.

❑ Enclosing my subscription of $99.00 for two years.

❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ☐ Cheque Cheque # ______

☐ Visa ☐ Mastercard ☐ Discover ☐ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

VISA

MasterCard

DISCOVER



# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com






**B&M AUTO COLLISION CTR**



*Anish Eapen and Bob Trytko want to wish you a Happy New Year*

Fast and **EFFICIENT**

*Quality* **REPAIR**



**WE WORK WITH ALL INSURANCE COMPANIES, CALL ANISH EAPEN @ 773-263-9863**

4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

hanover bank



# SBA & USDA Solutions for Financing










## *Need Money for your Business?*

- ✓ Property and Business Acquisition
- ✓ Lease Hold Improvements/ Renovations
- ✓ LTC up to 90%*
- ✓ Up to 30 Year Amortization**
- ✓ Limited Pre-payment Penalties*
- ✓ Financing also for Working Capital, Equipment and Partner Buyout

**LENDING ALL ACROSS USA**

**Contact us**

**Elijiah Gray**
First SVP Managing Director SBA & USDA Banking
p: 212.277.4358
e: sbaloans@hanoverbank.com

**OR**

**Visit our location**

**Long Island**
Garden City Park
2131 Jericho Turnpike
Garden City Park, NY 11040
516.248.4868

Hauppauge
410 Motor Parkway, 3rd Floor
Hauppauge, New York 11788
631.967.5147

Mineola
80 East Jericho Turnpike
Mineola, NY 11501
516.548.8600

**Manhattan**
Chinatown
109 Bowery
New York, NY 10002
212.334.9191

Rockefeller Center
600 Fifth Avenue, 17th Floor
New York, NY 10020
646.775.4000

**New Jersey**
Freehold
4400 Route 9, Suite 2800
Freehold, NJ 07728
732.243.8300

**Queens**
Flushing Commons
138-29 39th Avenue
Flushing, NY 11354
646.828.8650

Forest Hills
71-15 Austin Street
Forest Hills, NY 11375
646.569.3600

**Brooklyn**
Sunset Park
5512 8th Avenue
Brooklyn, NY 11220
718.633.4528

For more information visit us at hanoverbank.com

**This is not an offer of credit.**

All applications are subject to the Bank's underwriting and credit approval process. Terms and conditions apply.

*SBA 7a Loan Program **USDA B&I Loan Program

© 2024 Hanover Community Bank. All rights reserved.

Member FDIC

EQUAL OPPORTUNITY LENDER

04/24

Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**